91
എല്ലാ മാസവും 15-ാം തീയതി പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി
Vol 7 Issue 8
Oct. 2019
Published on 15 Oct. 2019
Price Rs. 20.00

# സത്യജ്വാല
## മാസിക



- യേശുവിന്റെ പ്രമാണതത്ത്വങ്ങളും സഭാനിയമങ്ങളും – മുഖക്കുറി
- സിസ്റ്റർ ലൂസി, സിസ്റ്റർ ലൂസിയായിരിക്കേതിന്റെ പ്രാധാന്യം – റവ. ഡോ. വൽസൻ തമ്പു
- ക്ഷമാപണം പകരുന്ന പരിശുദ്ധി! – റവ. ഡോ. ജേക്കബ് നാലുപറയിൽ

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

അക്കൗണ്ടുവഴി പണം ട്രാൻസ്ഫർ ചെയ്യുന്നവർ സർക്കുലേഷൻ മാനേജറുടെ വിലാസത്തിൽ കത്തയച്ചോ ഫോണിൽ ബന്ധപ്പെട്ടോ വിലസവും മറ്റു വിവരങ്ങളും നൽകേണ്ടതുണ്ട് എന്നറിയിക്കുന്നു.

ഒക്ടോബർ 2019 | പുസ്തകം 7 | ലക്കം 8

രചനകൾ അയയ്ക്കാൻ:
ജോർജ് മൂലേച്ചാലിൽ
എഡിറ്റർ
വള്ളിച്ചിറ പി.ഒ.,കോട്ടയം – 686574
ഫോൺ: 9497088904
e- mail: geomoole@gmail.com

വരിസംഖ്യ അയയ്ക്കേണ്ട വിലാസം:
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, കൊട്ടാരമറ്റം
പാലാ പി.ഒ., കോട്ടയം – 686 575
ഫോൺ: 8848827644
e-mail: almayasabdam@gmail.com

Bank: Canara Bank, Pala
A/C No: 0829201000633
A/C Name : Kerala Catholic Church Reformation movement
IFSC Code: CNRB0000829

പത്രാധിപസമിതി: പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം-9495897122, ഡോ. ജോസഫ് വർഗീസ് (ഇപ്പൻ)-9446561252, സണ്ണി പുളിക്കൽ-9447173536, ഡോ. എം.കെ. മാത്യു-9447112718, ജോസഫ് കാലായിൽ-തൊടുപുഴ 9447663433, ചാക്കോ കളരിക്കൽ-USA (001) 5866015195, അലക്സ് കാവുംപുറം-USA (001) 5165039387.

## ഈ ലക്കത്തിൽ

**യേശുവിന്റെ പ്രമാണതത്ത്വങ്ങളും സഭാനിയമങ്ങളും**
മുഖക്കുറി ..... 03

**നവീകരണത്തിന്റെ വഴിയേ – 12**
പ്രൊഫ. പി.സി ദേവസ്യ ..... 07

**സിസ്റ്റർ ലൂസി, സിസ്റ്റർ ലൂസിയായിരിക്കേണ്ടതിന്റെ പ്രാധാന്യം**
റവ. ഡോ. വൽസൻ തമ്പു ..... 09

**ഇടയന്മാർ കുഞ്ഞാടുകളുടെ ചോരയ്ക്കായി കച്ചമുറുക്കുന്നു**
സന്തോഷ് ജേക്കബ് ..... 11

**ക്രൈസ്തവവിശ്വാസം നേരിടുന്ന വെല്ലുവിളികൾ**
വർഗീസ് ആന്റണി, തത്തംപള്ളി ..... 13

**അഭിവന്ദ്യ 'പിതാക്ക'ന്മാരോട്!** ..... 15

**അവഹേളിക്കാൻ സഭയെ വിട്ടുകൊടുത്തത് ആരാണ്?**
മനോജ് കെ. എബ്രാഹം ..... 17

**ആരാണ് സഭയെ ഈ പതനത്തിലെത്തിച്ചത്?**
എ. വി. ജയിംസ് ..... 18

**...കർദ്ദിനാൾ അറിയുവാൻ**
ജെയിംസ് പീറ്റർ ..... 19

**'ചർച്ച് ആക്ട് നടപ്പാക്കണം" – ജസ്റ്റീസ് കെ.ടി.തോമസ്**
മുരളി പാറപ്പുറം ..... 20

**...അന്വേഷണറിപ്പോർട്ടിന്റെ പ്രസക്തഭാഗം**
ബീനാ സെബാസ്റ്റ്യൻ ..... 21

**ക്ഷമാപണം പകരുന്ന പരിശുദ്ധി!**
റവ. ഡോ. ജേക്കബ് നാലുപറയിൽ ..... 23

**ഈശ്വരഗ്രഹണം!**
ഫാ.ഡാർലി എടപ്പങ്ങാട്ടിൽ ..... 24

**എത്ര ഭയാനകം!**
ടോം അലക്സ് മേവട ..... 25

**സന്ന്യാസത്തെ തള്ളിപ്പറഞ്ഞതാര്?**
ഷൈജു ആന്റണി ..... 26

**ഫാദർ റോയി കണ്ണംചിറ സിഎംഐ – യുടെ പ്രസംഗം**
ചാക്കോ കളരിക്കൽ ..... 27

**...ഉടുപ്പാണോ ഉടുപ്പിനുള്ളിലെ ഉടലാണോ മഹത്തരം?**
റിജു കാഞ്ഞൂക്കാരൻ ..... 29

**ലൂസിയും സഭയും മാധ്യമങ്ങളും**
ഫാ. ജോർജ്ജ് വലിയപാടത്ത് OFM Cap. ..... 30

**സിസ്റ്റർ ലൂസിക്ക് അയർലന്റിലെ സീറോ-മലബാർ വിശ്വാസികളുടെ ഐക്യദാർഢ്യം!** ..... 32

**'സത്യജ്വാല'യ്ക്കുകൂടി അഭിമാനിക്കാവുന്ന തൃശൂർ കളക്ടറുടെ ഉത്തരവ്!**
ഫാ. ഡേവീസ് കാച്ചപ്പിള്ളി ..... 33

**ക്നാനായപാരമ്പര്യം – ഒരു പുനർവിചിന്തനം**
തോമസ് കണ്ണങ്കര ..... 35

**ദൈവത്തിന്റെ ആസ്ഥാനം കിഴക്കാണോ?**
പ്രൊഫ. പി.എൽ. ലൂക്കോസ് ..... 37

**മാനന്തവാടി രൂപതയുടെ 760 ഏക്കർ തോട്ടം ചുളുവിലയ്ക്കു വിറ്റു!** ..... 39

**KCRM പ്രോഗ്രാമുകൾ, റിപ്പോർട്ടുകൾ** ..... 40

**'ജസ്റ്റീസ് ഫോർ സിസ്റ്റർ ലൂസി' വഞ്ചീസ്ക്വയർ പ്രോഗ്രാം**
ഇപ്പൻ ..... 44

**സത്യജ്വാല മാസിക- 2018 ഏപ്രിൽ മുതൽ**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 20 രൂപാ | 200 രൂപാ |
| ഒരു വർഷം | 200 രൂപാ | 2000 രൂപാ |
| 5 വർഷം | 800 രൂപാ | 8000 രൂപാ |

03



07



(രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്) (പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്)

സത്യജ്വാല

ഒക്ടോബർ 2019 പുസ്തകം 7 ലക്കം 8

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" *(എഫേ. 6: 11-12).*




# യേശുവിന്റെ പ്രമാണതത്ത്വങ്ങളും സഭാനിയമങ്ങളും



*യേശു നിയമജ്ഞർക്കും ഫരിസെയർക്കുമെതിരെ*

ഓരോ പ്രസ്ഥാനവും ഉണ്ടാകുന്നത് ഏതെങ്കിലുമൊരു തത്ത്വം നടപ്പിൽ വരുത്താനാണ്. ഏതൊരു തത്ത്വവും ഒരു കാഴ്ചപ്പാടാണ്, ദർശനമാണ്. എത്രമാത്രം മഹത്വമുള്ളതായാലും, പ്രയോഗത്തിൽ വരുത്താത്തിടത്തോളം കാലം ഒരു തത്ത്വവും ഫലം പുറപ്പെടുവിക്കുകയില്ല. അവയെ പ്രയോഗത്തിൽ കൊണ്ടുവരുന്നത് പ്രസ്ഥാനങ്ങളാണ്. തത്ത്വം വിത്താണെങ്കിൽ, പ്രസ്ഥാനങ്ങൾ ആ വിത്തിന്റെ കാർഷികവൃത്തിയാണ്. വിത്തിനുചേരുംവിധം മണ്ണൊരുക്കേണ്ടതെങ്ങനെയെന്നും, വെള്ളവും വെളിച്ചവും ഉറപ്പാക്കേണ്ടതെങ്ങനെയെന്നുമെല്ലാം നിർണ്ണയിക്കുന്നത് ഈ പ്രസ്ഥാനങ്ങളാണ്. മാനുഷികപരിമിതികൾമൂലം തത്ത്വങ്ങളെ അവയുടെ സമഗ്രതയിൽ ഉൾക്കൊള്ളുന്ന കാര്യത്തിലും അവ പ്രയോഗത്തിൽ വരുത്തുന്ന കാര്യത്തിലും പല അപാകതകളും ഏതൊരു പ്രസ്ഥാനത്തിനും ഉണ്ടായെന്നുവരാം. അതുകൊണ്ട് നല്ല കൃഷിക്കാരനെ സംബന്ധിച്ച് വിത്തും നടീൽരീതികളും എപ്പോഴും ഗവേഷണ വിഷയങ്ങളായിരിക്കേണ്ടതുണ്ട് എന്നതുപോലെതന്നെ, ഏതൊരു പ്രസ്ഥാനത്തിന്റെയും നായകരെ സംബന്ധിച്ചും പ്രസ്ഥാനത്തിന് ആധാരമായിരിക്കുന്ന അടിസ്ഥാന തത്ത്വങ്ങളും അവ പ്രയോഗത്തിൽ വരുത്താനുള്ള രീതികളും തുറന്ന പഠനത്തിന് എപ്പോഴും വിഷയീഭവിക്കേണ്ടതുണ്ട്; തത്ത്വദർശനത്തിൽ ആഴപ്പെടുകയും അതിനോട് ഗാഢമായി ബന്ധപ്പെട്ട് കൂടുതൽ കൂടുതൽ സംശുദ്ധമായ പ്രയോഗരീതികൾ കണ്ടെത്തി ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

ക്രിസ്തുമതം ഒരു പ്രസ്ഥാനമാണ്. യേശുക്രിസ്തു ആവിഷ്കരിച്ച തത്ത്വദർശനങ്ങൾ മനുഷ്യരിലേക്ക് പകരാനും, അദ്ദേഹം വിഭാവനംചെയ്ത പരസ്പര സ്നേഹത്തിലധിഷ്ഠിതമായ ഒരു ലോകം – ദൈവരാജ്യം – ഈ ഭൂമിയിൽ പടുത്തുയർത്താനുംവേണ്ടി അദ്ദേഹത്തിന്റെ ശിഷ്യന്മാർ രൂപംകൊടുത്ത ഒരു പ്രസ്ഥാനമാണ് ക്രിസ്തുമതം. അതുകൊണ്ടുതന്നെ, അദ്ദേഹത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിൽനിന്ന്, അഥവാ പ്രമാണതത്ത്വങ്ങളിൽനിന്ന് അതിനെ വ്യതിചലിപ്പിക്കാൻ ആർക്കും അവകാശമില്ല. കാരണം, അതാണ് അടിത്തറ , അതാണു മാർഗ്ഗദീപം. അതിന്റെ ബലത്തിലും വെളിച്ചത്തിലും, അതിനു വിധേയപ്പെട്ടുംമാത്രമാണ് ക്രിസ്തുമതം പ്രവർത്തിക്കേണ്ടത്. മറിച്ചായാൽ അത്, ആ മതദർശനത്തെയും അതിന്റെ

ഉപജ്ഞാതാവായ യേശുവെന്ന മഹാപുരുഷനെയും വഞ്ചിക്കലാകും.

ക്രിസ്തുമതം രൂപംകൊണ്ടിട്ട് 2000 വർഷം കഴിഞ്ഞെങ്കിലും, യേശു വിഭാവനംചെയ്ത ദൈവരാജ്യത്തിന്റെ, അതായത് സ്നേഹാധിഷ്ഠിതമായ ഒരു ജീവിതക്രമത്തിന്റെ, നിഴൽപോലും ഇന്നു ലോകത്തിൽ കാണാനില്ല. മറിച്ച്, ലോകം ഒന്നിനൊന്ന് മാത്സര്യവും ശത്രുതയും നിറഞ്ഞതായിക്കൊണ്ടിരിക്കുന്നുതാനും. ഇത് ഒന്നുകിൽ യേശു അവതരിപ്പിച്ച തത്ത്വങ്ങൾ ശരിയല്ല എന്നതുകൊണ്ടാകാം; അല്ലെങ്കിൽ, ക്രിസ്തുമതമെന്ന പ്രസ്ഥാനം യേശു അവതരിപ്പിച്ച പ്രമാണതത്ത്വങ്ങളിൽനിന്ന് അകന്നുപോയതുകൊണ്ടാകാം.

യേശുവിന്റെ തത്ത്വങ്ങൾ ആദ്യമായി നടപ്പിലാക്കിയ ആദിമസഭയുടെ ചിത്രം 'അപ്പോസ്തലരുടെ പ്രവർത്തനങ്ങൾ' എന്ന ബൈബിൾ ഭാഗത്ത് വളരെ വ്യക്തമായി വിരചിതമായിട്ടുള്ളത് നമുക്ക് കാണാനാകും. ശിഷ്യന്മാർവഴി, സ്നേഹത്തിലധിഷ്ഠിതമായ യേശുവിന്റെ തത്ത്വദർശനങ്ങൾ പ്രഘോഷിക്കപ്പെട്ടതോടെ ഒരു പുതുസമൂഹം ഉരുത്തിരിയുന്നതാണ് നാമിവിടെ കാണുന്നത്. "... എല്ലാവരും ഒരു സമൂഹമായി, എല്ലാ വസ്തുക്കളും അവർക്ക് പൊതുവായിരുന്നു. അവർ തങ്ങളുടെ വസ്തുവകകളും വിഭവങ്ങളും വിറ്റു; ഓരോരുത്തരുടെയും ആവശ്യാനുസരണം എല്ലാവർക്കുമായി പങ്കിടുകയുംചെയ്തു. അവർ അനുദിനം ദേവാലയത്തിൽ ഒരുമിച്ചുകൂടുകയും വീടുകളിൽ അപ്പം മുറിക്കുകയും ആഹ്ലാദത്തോടും ഉദാരമനസ്സോടുംകൂടി ഭക്ഷണത്തിൽ പങ്കുചേരുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനങ്ങളുടെയും പ്രീതിപാത്രങ്ങളാവുകയും ചെയ്തു"(അപ്പോ. പ്രവ. 2:44-47). ഇവിടെ, യേശുവിന്റെ തത്ത്വദർശനം പ്രയോഗക്ഷമമാക്കുവാൻ ശിഷ്യന്മാർ രൂപംകൊടുത്ത മതപ്രസ്ഥാനത്തിന് എത്ര പെട്ടെന്നാണ് സാധിച്ചത് എന്നു കാണുക. സ്നേഹാധിഷ്ഠിതമായ ഒരു പുതിയ ജീവിതശൈലിയിലേക്ക് മനുഷ്യനെയും സമൂഹത്തെയും രൂപാന്തരപ്പെടുത്താൻ, മനുഷ്യരെ ദൈവരാജ്യത്തിലേക്കും അതിന്റെ ആനന്ദത്തിലേക്കും പ്രവേശിപ്പിക്കാൻ, യേശുവിന്റെ തത്ത്വദർശനം പ്രാപ്തമാണെന്ന്, ആ തത്ത്വദർശനം ശരിയാണെന്ന് തെളിയുകയാണിവിടെ. അപ്പോൾ, പ്രശ്നം യേശുവിന്റെ തത്ത്വദർശനത്തിലല്ല; മറിച്ച്, അതിൽനിന്നുള്ള വ്യതിചലനത്തിലാണ് എന്നു വരുന്നു.

യേശുവിന്റെ തത്ത്വദർശനത്തിലും അതുൾക്കൊള്ളുന്ന മൂല്യസംഹിതയിലുമുണ്ടായിരുന്ന ഊന്നൽ, യേശുവെന്ന ആരാധ്യപുരുഷനിലേക്കു മാറി എന്നതാണ് ആദ്യം സംഭവിച്ച വ്യതിചലനം എന്നു തോന്നുന്നു. തത്ത്വത്തിലും മൂല്യസംഹിതയിലും ഊന്നലുണ്ടായാൽമാത്രമേ ജീവിതവും ലോകവും നവീകരിക്കപ്പെടൂ. കാരണം, അപ്പോഴേ മനുഷ്യമനസ്സുകളിൽ മൂല്യസൃഷ്ടി നടക്കൂ; അതനുസരിച്ചുള്ള സമൂഹസൃഷ്ടി നടക്കൂ. ആ ഊന്നൽ യേശു എന്ന വ്യക്തിയിലേക്കു മാറ്റപ്പെട്ടാൽ സംഭവിക്കുന്നത്, യേശുവിനെ വ്യക്തിപരമായി ആരാധിച്ചു തൃപ്തിപ്പെടുന്ന മനുഷ്യരുടെ ഒരു സമൂഹം ഉണ്ടാകും എന്നതാണ്. യേശുവിന്റെ മൂല്യസംഹിത ഉൾക്കൊള്ളുന്ന മനുഷ്യർ അവനവനിൽനിന്ന് അപരനിലേക്കു പരന്നൊഴുകി പരസ്പരാനന്ദമായ ഒരു സമൂഹത്തിനു രൂപംകൊടുക്കുന്നതിൽ ആത്മീയസംതൃപ്തി അനുഭവിക്കുമ്പോൾ, യേശുവിനെ ദൈവമായിക്കണ്ട് ആരാധിക്കുന്നവർ, തങ്ങൾക്ക് അതിലൂടെ ദൈവപ്രീതി ലഭിച്ചു എന്ന വ്യക്തിഗത സങ്കല്പത്തിലുള്ള സ്വയം സംതൃപ്തിയാണ് അനുഭവിക്കുന്നത്. അവിടെ മനുഷ്യമനസ്സ് അവനവനിലേക്കുമാത്രമായി സങ്കോചിക്കുകയാണു ചെയ്യുന്നത് എന്നതിനാൽ മൂല്യസൃഷ്ടി നടക്കുന്നില്ല. ദൈവപ്രീതിയും സ്വർഗ്ഗപ്രാപ്തിയുമുൾപ്പെടെ എല്ലാ ലക്ഷ്യങ്ങളും സ്വന്തം കാര്യങ്ങളിൽമാത്രമായി ചുരുങ്ങുന്നു. അപരനിലേക്കുള്ള മനോവികാസമാണ് ആത്മീയത എന്നിരിക്കെ, സ്വന്തം ഇഹലോക-പരലോകതാല്പര്യങ്ങൾ മാത്രം പുലർത്തുന്ന യേശുവിന്റെ, അഥവാ ദൈവത്തിന്റെ ആരാധകർ കേവലം ഭൗതികരാണെന്നു വരുന്നു.

**വത്തിക്കാൻ കൂരിയാകളും കർദ്ദിനാളന്മാരും അഖിലേന്ത്യാമെത്രാന്മാരും കേരളത്തിലെ മെത്രാൻസംഘവും അവരുടെയെല്ലാം എറാൻമൂളികളാകാൻ പരിശീലിക്കപ്പെട്ട പതിനായിരക്കണക്കിന് വൈദികരും കന്യാസ്ത്രീകളും ഭക്തസംഘടനകളും പള്ളിഭക്തരുമെല്ലാം ഒറ്റ ശക്തിയായി, കൈവിരലിലെണ്ണാൻമാത്രമുള്ള ഈ കന്യാസ്ത്രീകൾക്കുമേൽ, യേശുവിന്റെപേരിൽ അക്രമാസക്തമായി ചാടിവീഴുന്നു!**

"കർത്താവേ, കർത്താവേ എന്ന് എന്നെ വിളിക്കുന്നവരെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ. 7:21) എന്ന് യേശുവും പറഞ്ഞിട്ടുണ്ടല്ലോ. ഈ 'കർത്താവേ, കർത്താവേ' വിളി കൂടുതൽ ഉച്ചത്തിലാക്കി വിശ്വാസികളെ ഒരുതരം മോഹനിദ്രയിലാഴ്ത്തുകയാണ് ഇന്നു സഭ. അങ്ങനെ വിളിച്ചപേക്ഷിച്ചാൽ, അതിനുവേണ്ടി സഭ ഒരുക്കിവച്ചിട്ടുള്ള അനുഷ്ഠാനകർമ്മങ്ങളിൽ ഭാഗഭാക്കായാൽ തങ്ങൾക്ക് ഇഹലോക-പരലോകസുഖങ്ങൾ അനുഗ്രഹമായി ലഭിക്കുമെന്ന മിഥ്യാധാരണ വളർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണു സഭ. മനുഷ്യനിൽ വ്യക്തിഗതസുഖാസക്തി വളർത്തുന്ന ഈ സമീപനം ഭൗതികമല്ലെങ്കിൽ മറ്റെന്താണ്? ദൈവത്തിന്റെ സൃഷ്ടികളായ തങ്ങളുടെ സഹോദരരിലേക്കു കണ്ണുകൾ പായിക്കാതെ അവരെ അവഗണിക്കുന്നവരുടെ ദൈവാരാധന കപടവും വ്യാജവുമാകാതെവയ്യ. ഈ വസ്തുതയാണ്,"... പ്രവൃത്തികളില്ലാത്ത വിശ്വാസം അതിൽത്തന്നെ നിർജീവമാണ്"(യാക്കോ. 2:17) എന്ന് യാക്കോബ് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നത്.

എന്നാൽ, ഈ നിർജീവവിശ്വാസമാണ്, വിശേഷിച്ചും ക്രസ്തുമതം റോമൻ സാമ്രാജ്യമതമായി അംഗീകരിക്കപ്പെട്ട 4-ാം നൂറ്റാണ്ടുമുതൽ, സഭയിൽ കുടിയിരുത്തപ്പെട്ടതെന്ന് സഭാചരിത്രം പരിശോധിച്ചാൽ ആർക്കും കാണാനാകും. മനുഷ്യനെ സ്നേഹപ്രവൃത്തികളിലേക്കു നയിക്കുന്ന

യേശുവിന്റെ പ്രമാണതത്ത്വങ്ങൾക്കുപകരം, അവനെ അനുഷ്ഠാനങ്ങളിലേക്കു നയിക്കുന്ന ക്രിസ്തുവിജ്ഞാനീയ (Christology)ത്തെ സഭയുടെയും വിശ്വാസത്തിന്റെയും അടിസ്ഥാനമാക്കി വ്യവസ്ഥാപിച്ചു; അതിലൂടെ യേശുവിന്റെ സ്നേഹതത്ത്വങ്ങൾ താഴ്ത്തിക്കെട്ടപ്പെട്ടു.

പ്രമാണതത്ത്വങ്ങളെ അപ്രധാനമാക്കിയതുവഴി അടിത്തറയും മാർഗ്ഗദർശനവും നഷ്ടപ്പെട്ട സഭ പിന്നീടു ചെയ്തുകൂട്ടിയതെല്ലാംതന്നെ യേശുവിരുദ്ധമായ കാര്യങ്ങളായിരുന്നു.യേശുവിന്റെ മൂല്യാധിഷ്ഠിതപ്രബോധനങ്ങൾക്കു പ്രാധാന്യം കുറഞ്ഞു; ജീവിതംതന്നെ അപരനുവേണ്ടിയുള്ള അനുഷ്ഠാനമായിരുന്നിടത്ത്, അനുഷ്ഠാനങ്ങൾ നിറഞ്ഞ ജീവിതമായി; പൗരോഹിത്യം ഇല്ലാതിരുന്ന സഭ പുരോഹിതകേന്ദ്രീകൃതമായി; ആദ്ധ്യാത്മികാചാര്യന്മാർ നിറഞ്ഞുനിന്നിരുന്ന സഭയിൽ അവർ വിരളമായിത്തീർന്നു; അധികാരികൾ ഉണ്ടായിരിക്കരുത് എന്ന് യേശു നിഷ്കർഷിച്ച സഭ ഒരു അധികാരസാമ്രാജ്യമായി; ശുശ്രൂഷകർ അധികാരികളായി; പുരോഹിതനിയമങ്ങളിൽ നിന്നു മോചിക്കപ്പെട്ട ജനം വീണ്ടും പുരോഹിതനിയമങ്ങൾക്കു കീഴിലായി. യേശുവിന്റെ സ്നേഹപ്രബോധനം കൊണ്ട് അപ്രസക്തമായിത്തീർന്നിരുന്ന നിയമങ്ങൾ, കാനോൻ നിയമമെന്നും, രൂപതാനിയമമെന്നും സന്ന്യസ്ത സഭാനിയമമെന്നുമൊക്കെയുള്ള പേരുകളിൽ 'ആധികാരികത'യോടെ, യേശുവിന്റെപേരിൽ അവതരിപ്പിക്കപ്പെടുകയും ജനങ്ങളുടെമേലും സന്ന്യസ്തരുടെമേലും അടിച്ചേൽപ്പിക്കപ്പെടുകയുംചെയ്തു. മനുഷ്യരെ സ്വാതന്ത്ര്യത്തിലേക്കു മോചിപ്പിച്ച യേശുവിന്റെപേരിൽത്തന്നെ, മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യത്തെ ചങ്ങലയ്ക്കിട്ടു; അവന്റെ അന്വേഷണബുദ്ധിയെയും സർഗ്ഗാത്മകതയെയും തല്ലിക്കെടുത്തി. 'സഭയുടെ ആധികാരികപ്രബോധനങ്ങൾക്കു വിരുദ്ധമായി ആരെങ്കിലും വ്യക്തിപരമായ ഒരു ദൈവസങ്കൽപ്പം രൂപീകരിക്കാൻ ശ്രമിച്ചാൽ ആ വ്യക്തിയെ യാതൊരു ദാക്ഷിണ്യവുംകൂടാതെ ജീവനോടെ അഗ്നിക്കിരയാക്കണം' ("Anyone who attempts to construe a personal view of God which coflicts with church documents must be burned without pitty"- Pope Innocent 3) എന്നു കല്പിക്കാനും, ലക്ഷക്കണക്കിനു മനുഷ്യരെ അപ്രകാരം കൊല്ലാനും മാർപാപ്പമാർവരെ തയ്യാറാകുന്നത്ര ക്രൂരപരിണാമത്തിന് സ്നേഹത്തിന്റെയും കരുണയുടെയും പ്രവാചകനായ യേശുവിന്റെ സഭ വിധേയമായി.

പൈശാചികമായ അതേ ഇൻക്വിസിഷൻമനോഭാവം സഭയിൽ ഇന്നും നിലനിൽക്കുന്നതായി നമ്മുടെതന്നെ ചുറ്റുവട്ടത്ത് ഒന്നു തലയുയർത്തി നോക്കിയാൽ ആർക്കും കാണാൻ സാധിക്കും. രാഷ്ട്രീയാധികാരം സഭയ്ക്കു കീഴിലല്ലാത്തതിനാൽ ചുട്ടുകൊല്ലുന്നില്ലെന്നേയുള്ളൂ. സഭാധികാരികൾക്കുനേരെ ധാർമ്മികതയുടെ ചൂണ്ടുവിരലുയർത്തുന്നവർക്ക് അടുത്തകാലംവരെ മഹറോനും തെമ്മാടിക്കുഴിയും നൽകിയാണ് സഭാധികാരം തൃപ്തിപ്പെട്ടിരുന്നതെങ്കിൽ ഇന്നത്, 'സഭാദ്രോഹി', 'തീവ്രവാദി' എന്നിങ്ങനെയുള്ള മുദ്രചാർത്തലും, ആൾക്കൂട്ടവ്യക്തിഹത്യയുമായെന്ന വ്യത്യാസമേയുള്ളൂ. പുരോഹിതപീഡനത്തിനെതിരെ ഒരു കന്യാസ്ത്രീ പരാതിപ്പെട്ടാൽ, ആ കന്യാസ്ത്രീക്കു മറ്റു കന്യാസ്ത്രീകൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചാൽ, അനുകൂലമായി മൊഴിനൽകിയാൽ...., സഭയിൽ എന്തൊക്കെ ഭൂകമ്പങ്ങൾ നടക്കുമെന്ന് ഇന്നു നാം പ്രത്യക്ഷത്തിൽ കണ്ടുകൊണ്ടിരിക്കുന്നു. വത്തിക്കാൻ കൂരിയാകളും കർദ്ദിനാളന്മാരും അഖിലേന്ത്യാമെത്രാന്മാരും കേരളത്തിലെ മെത്രാൻസംഘവും അവരുടെയെല്ലാം എറാൻമൂളികളാകാൻ പരിശീലിക്കപ്പെട്ട പതിനായിരക്കണക്കിന് വൈദികരും കന്യാസ്ത്രീകളും ഭക്തസംഘടനകളും പള്ളിഭക്തരുമെല്ലാം ഒറ്റ ശക്തിയായി, കൈവിരലിലെണ്ണാൻമാത്രമുള്ള ഈ കന്യാസ്ത്രീകൾക്കുമേൽ, യേശുവിന്റെപേരിൽ അക്രമാസക്തമായി ചാടിവീഴുന്നു! ഒറ്റപ്പെടുത്തിയും മഠത്തിൽനിന്നു പുറത്താക്കിയും കൊല്ലാക്കൊല ചെയ്യുന്നു! ഇത് ഭീരുത്വം നിറഞ്ഞ ആൾക്കൂട്ടക്കൊലപാതകമല്ലാതെ മറ്റെന്താണ്? ആധുനിക ഇൻക്വിസിഷനല്ലാതെ മറ്റെന്താണ്! രണ്ടു പ്രാവശ്യം 'തലാക്ക്' പറയുന്നതുപൊലെ, രണ്ടുപ്രാവശ്യം 'കാരണംകാണിക്കൽ നോട്ടീസ്' നൽകുന്നു; മൂന്നാമത്തെ 'തലാക്കോ'ടെ വിവാഹബന്ധം ഏകപക്ഷീയമായി വേർപെടുത്തുന്നതുപോലെ, മൂന്നാമതായി ഡിസ്മിസൽ ഓർഡർ നൽകി, യേശുവിന്റെപേരിൽ മഠത്തിൽനിന്നു പുറത്താക്കുന്നു! യേശുവിന്റെ മണവാട്ടിയെ തലാക്ക് ചൊല്ലി യേശുവുമായുള്ള കന്യാസ്ത്രീയുടെ വിവാഹബന്ധം മറ്റാരോ വേർപെടുത്തുന്ന ഈ സമ്പ്രദായം തലാക്ക് ചൊല്ലി വിവാഹം വേർപെടുത്തുന്നതിനേക്കാൾ എത്രയോ കടുത്ത അനാചാരമാണ്!

ഇതിനവർ ഉന്നയിക്കുന്ന ന്യായം, സഭാധികാരികൾ യേശുവിനെ പ്രതിനിധീകരിക്കുന്നവരാണ് എന്നതാണ്. ഉദാഹരണത്തിന്, FCC സഭാനിയമത്തിന്റെ 16-ാം വകുപ്പിലെ ഒരു ഭാഗം കാണുക. അതിങ്ങനെയാണ്: "പരിശുദ്ധാത്മാവിൽനിന്നു പ്രചോദനം സ്വീകരിച്ച്, സന്ന്യാസിനിമാർ ദൈവത്തിന്റെ സ്ഥാനത്തിരിക്കുന്ന സുപ്പീരിയർ (....superiors who hold the place of God) മാരെ പൂർണ്ണ വിശ്വാസത്തിലെടുത്ത് അവർക്ക് കീഴ്പ്പെടേണ്ടതാണ്"(സ്വന്തം തർജ്ജമ). നോക്കൂ, ഇവിടെ മനുഷ്യനിർമ്മിതമായ ഒരു സ്ഥാപനത്തിന്റെ അധിപയെ, സർവ്വവ്യാപിയും സർവ്വനന്മസ്വരൂപനും ആദ്യന്തവിഹീനനും ഒക്കെയെന്ന് സഭതന്നെ പഠിപ്പിക്കുന്ന ദൈവത്തിന്റെ സ്ഥാനത്ത് നിയമം നിർമ്മിച്ച് കയറ്റിയിരുത്തിയിരിക്കുന്നു, പൗരോഹിത്യം! അവരുടെ മുകളിലുള്ള മെത്രാൻ അതിനുംമീതെയുള്ള മറ്റൊരു ദൈവമായും വാണരുളുന്നുണ്ടെന്ന് ഓർക്കുക. ഇവിടെ, എത്ര നിസ്സാരമായാണ് പൗരോഹിത്യം ദൈവത്തെ കൈകാര്യം ചെയ്യുന്നത്! അല്പമൊന്നാലോചിച്ചാൽ, ഈ നിയമവകുപ്പിലൂടെ എത്രയോ ഗൗരവതരമായ ഒരു ദൈവദൂഷണമാണ് അതിന്റെ നിർമ്മാതാക്കൾ നടത്തിയിരിക്കുന്നത് എന്നു മനസ്സിലാക്കാം.

14-ാം വകുപ്പിൽ അനുസരണവ്രതത്തെപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു: "അനുസരണവ്രതമെന്നാൽ, അത് ഒരുവളുടെ സ്വതന്ത്രമനസ്സ് ദൈവത്തിന് ബോധപൂർവ്വം സമർപ്പിച്ച്, നിയമപരമായി സുപ്പീരിയർ ആയിരിക്കുന്നവരെയും, ഒപ്പം സഭാചട്ടങ്ങളെയും അനുസരിച്ചു കൊള്ളാമെന്ന് വാഗ്ദാനം ചെയ്യലാണ്. ദൈവതിരുമനസ്സുമായി കൂടുതൽ സ്ഥായിയായും സുരക്ഷിതമായും ഐക്യപ്പെടുവാൻ ഒരുവളെ പ്രാപ്തയാക്കുന്നതിനുവേണ്ടി (...in order to be able to unite oneself to the salvific will of God in a more stable and secure manner...) യാണിത്. കുരിശുമരണംവരെ അനുസരണം പാലിച്ച യേശുക്രിസ്തു

വിന്റെ പ്രചോദനത്താലാണ് ഇങ്ങനെ ചെയ്യുന്നത്" (സ്വന്തം തർജ്ജമ).

ഓർത്തുനോക്കുക - സ്വയം ഉപയോഗിച്ച് പ്രബുദ്ധരാകാൻ ദൈവം ഓരോ മനുഷ്യനും നൽകിയ സ്വതന്ത്രമനസ്സ് ഒന്നിനും വിനിയോഗിക്കാതെ ദൈവത്തിനെന്നു പറഞ്ഞ്, കുൽസിതലക്ഷ്യത്തോടെ ദൈവനാമം പ്രയോഗിച്ചും, 'സമർപ്പണം' എന്ന നല്ല പദത്തെ ദുരുപയോഗിച്ചും കുഴിച്ചുമൂടി മനുഷ്യസൃഷ്ടിയുടെ ദൈവോദ്ദേശ്യത്തെത്തന്നെ തകർക്കുകയല്ലേ ഇവിടെ, FCC സഭയുടെ (മറ്റുസഭകളുടേതും സമാനമായിരിക്കണം) അനുസരണവ്രതത്തെക്കുറിച്ചുള്ള ഈ വ്യാഖ്യാനം ചെയ്യുന്നത്? സുപ്പീരിയർമാരെദൈവതുല്യരായിക്കണ്ട് അവരെ അനുസരിച്ചാൽ, ദൈവതിരുമനസ്സുമായി കൂടുതൽ സ്ഥായിയായി ഐക്യപ്പെടാൻ കന്യാസ്ത്രീകൾ പ്രാപ്തരാകുംപോലും! എത്ര ബാലിശമായ വ്യാഖ്യാനം!

യഥാർത്ഥ അനുസരണം, ഓരോരുത്തരും തന്നിലെ

> **സകല സഭാനിയമങ്ങളും യേശുവചസ്സുകളെ നിരാകരിച്ചു നിർമ്മിച്ചവയാണ്. അതുകൊണ്ടുതന്നെ അവ അക്രൈസ്തവവുമാണ്**

ദൈവികാംശം സ്വതന്ത്രചിന്തയിലൂടെയും മനനത്തിലൂടെയും തീക്ഷ്ണമായ സത്യാന്വേഷണത്തിലൂടെയും വളർത്തി, അതിന്റെ ഫലമായി തന്നിൽത്തന്നെ ഉയർന്നുവരുന്ന ദൈവികസ്വരത്തോടുള്ള അനുസരണവും സമർപ്പിത ജീവിതവുമാണ്. ഈ സർഗ്ഗാത്മക അന്വേഷണ-ആവിഷ്ക്കാര പ്രക്രിയയെ ഉത്തേജിപ്പിക്കുകയാണ് കുടുംബങ്ങളും വേദപാഠക്ലാസ്സുകളും സെമിനാരികളും മഠങ്ങളുമെല്ലാം യഥാർത്ഥത്തിൽ ചെയ്യേണ്ടത്. അതിനുപകരം, സർഗ്ഗാത്മകതയെയും ചിന്തയെയും ചങ്ങലയിട്ടുപൂട്ടി കുമാരീ-കുമാരന്മാരെ ശരി-തെറ്റുകൾ തിരിച്ചറിയാൻ ശേഷിയില്ലാത്തവരാക്കിക്കൊണ്ട്, വ്യക്തിത്വമില്ലാത്ത അവരുടെ തരിശുമനസ്സുകളെ ദൈവത്തിനുവേണ്ടിയെന്ന് പറഞ്ഞുപറ്റിച്ച്, അധികാരികളുടെ ഇംഗിതങ്ങൾക്കായി സമർപ്പിക്കുകയാണിന്ന്. മനുഷ്യരെ അപകടത്തിൽപ്പെടുത്തി മസ്തിഷ്കമരണം സംഭവിപ്പിച്ച്, അവരുടെ അവയവങ്ങൾ മുറിച്ചുമാറ്റി പണസമ്പാദനം നടത്തുന്ന മാഫിയാസംഘങ്ങളെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. എത്ര ഭയാനകമാണത്! അത് പ്രത്യക്ഷത്തിൽത്തന്നെ അക്രമമാണെന്ന് നമുക്കറിയാം. എന്നാൽ, ആയിരക്കണക്കായ യുവതീ-യുവാക്കളിൽ ദാരിദ്ര്യവ്രതവും അനുസരണവ്രതവും പ്രഘോഷിച്ച് വ്യക്തിത്വമരണം സംഭവിപ്പിച്ച്, അവരുടെ ചോരയും നീരും ഊർജ്ജവും ചോർത്തി കോടികളുടെ സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും കെട്ടിപ്പൊക്കുന്ന 'ക്രൈസ്തവ'സംവിധാനത്തിന്റെ, അതിലും ഭയാനകമായ ചിത്രങ്ങൾ നേർക്കുനേർ കാണാനോ മനസ്സിലാക്കാനോ നമുക്കിന്നും കഴിഞ്ഞിട്ടില്ല. ഇപ്രകാരം, തലമുറകളായി എത്രയോ ലക്ഷം മനുഷ്യരുടെ വ്യക്തിത്വനാശമാണ്, അതെല്ലാം ദൈവികമാണെന്നു തെറ്റിദ്ധരിപ്പിച്ച് കത്തോലിക്കാസഭ നടത്തിയിട്ടുള്ളത്!

ഇതെല്ലാം സംഭവിക്കുന്നത്, സഭയും അതിന്റെ നിയമങ്ങളും യേശുവിന്റെ പ്രമാണതത്ത്വങ്ങളിൽനിന്ന് അകന്നുപോയി എന്നതുകൊണ്ടാണ്. അകലുകമാത്രമല്ല സംഭവിച്ചത്- യേശുവിന്റെ തത്ത്വങ്ങളും മൂല്യസംഹിതയും കാണാമറയത്തേക്ക് മാറ്റിവയ്ക്കുകതന്നെയായിരുന്നു. ശുശ്രൂഷാകേന്ദ്രീകൃതമായിരുന്ന സഭ അധികാരകേന്ദ്രീകൃതമായിത്തീർന്നത് അങ്ങനെയാണ്. സഭ അധികാരകേന്ദ്രീകൃതമാകുമ്പോൾ, സ്വാഭാവികമായും അധികാരസംരക്ഷണത്തിനുള്ള നിയമങ്ങളാകും ഉണ്ടാകുക. ഇവിടെ പരാമർശിച്ച സന്ന്യാസിനീസഭകളുടെ നിയമാവലി, കാനോൻ നിയമമുൾപ്പെടെ കത്തോലിക്കാസഭയുടെ ബൃഹത്തായ പുരോഹിതനിയമവ്യവസ്ഥയുടെ ഒരു ചെറിയ ഏടുമാത്രമേ ആകുന്നുള്ളൂ എന്നോർക്കുക. സകല സഭാനിയമങ്ങളും യേശുവചസ്സുകളെ നിരാകരിച്ചു നിർമ്മിച്ചവയാണ്. അതുകൊണ്ടുതന്നെ അവ അക്രൈസ്തവവുമാണ്. ക്രിസ്തീയതയെന്നാൽ, സമ്പൂർണ്ണസ്വാതന്ത്ര്യവും വ്യക്തിത്വവികാസവും അതിന്റെ ഫലമായുണ്ടാകുന്ന ശരി-തെറ്റുകളുടെ തിരിച്ചറിവും നീതിബോധവും നിർഭയത്വവും കാരുണ്യപ്രവൃത്തികളുമാണ്.

ഈ യഥാർത്ഥ ക്രിസ്തീയത ലോകത്തിൽ സംഭവിപ്പിക്കുക എന്നതാണ്, കണ്ണുതുറന്നുകിട്ടിയ ഓരോ ക്രൈസ്തവന്റെയും ദൗത്യം. അതിന്, ഇന്നത്തെ സഭാസംവിധാനങ്ങളുടെയും നിയമങ്ങളുടെയുമെല്ലാം മുകളിൽ; പോരാ, പൗരോഹിത്യം സൃഷ്ടിച്ചുവെച്ച ക്രിസ്തുവെന്ന വിഗ്രഹദൈവത്തിന്റെയും മുകളിൽ, യേശുവിന്റെ പ്രമാണതത്ത്വങ്ങളും അതിന്റെ ഉള്ളടക്കമായ സ്നേഹനിയമങ്ങളും പ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു.

സത്യത്തിനും നീതിക്കുംവേണ്ടി കേരളസഭയിൽ ഇന്നു നടന്നുവരുന്ന ധർമ്മസമരങ്ങളിലൂടെ ഭാഗികമായിട്ടെങ്കിലും പ്രതിഷ്ഠിതമായിക്കൊണ്ടിരിക്കുന്നത്, വാസ്തവത്തിൽ, ഈ പ്രമാണതത്ത്വങ്ങളും മൂല്യസംഹിതകളുംതന്നെയാണ്. പൗരോഹിത്യത്തിന്റെ ഹുങ്കാരവചനങ്ങളെയും നടപടികളെയും യേശുവചസ്സുകൾകൊണ്ടാണ് കേരളത്തിലെ സ്വതന്ത്രസഭാപ്രസ്ഥാനങ്ങളും, ഇരകളാക്കപ്പെട്ടുകൊണ്ടിരിക്കുന്ന കന്യാസ്ത്രീകളും ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത് എന്നതിൽനിന്ന് അത് വ്യക്തമാണ്. ഇതേ ദിശയിൽത്തന്നെ കൂടുതൽ ശക്തിസംഭരിച്ചുകൊണ്ട് നമുക്കു മുന്നേറേണ്ടതുണ്ട്.

'സത്യരാജാക്ക'ന്മാർ മണലിൽ പണിതുയർത്തിയ പാശ്ചാത്യസഭ തകർന്നടിഞ്ഞതുപോലെ കേരളസഭ തകരുകയില്ലെന്നുള്ളതിന്റെ സൂചനകളായിക്കൂടി, സഭയിലിപ്പോൾ നടന്നുവരുന്ന ഓരോ ധർമ്മസമരത്തെയും കാണേണ്ടതുണ്ട്. പാശ്ചാത്യദേശത്തെ സഭകളും പള്ളികളും രാജാക്കന്മാരുടേതായിരുന്നെങ്കിൽ, കേരളസഭയും പള്ളികളും ഇവിടുത്തെ ജനങ്ങളുടേതാണ്. പാശ്ചാത്യരെപ്പോലെ, രാജശാസനത്തിന് വിധേയപ്പെട്ട് ക്രൈസ്തവരായവരുമല്ല കേരളക്രൈസ്തവർ. അതുകൊണ്ട്, പുരോഹിതവാഴ്ചയിൽ മനംമടുത്ത് പാശ്ചാത്യർ പള്ളിവിട്ട് ഇറങ്ങിപ്പോയെങ്കിൽ, കേരളസഭയിൽ അധികംപേർ അതിനു തയ്യാറാവുകയില്ല. പകരം, അവർ യേശു ആവിഷ്കരിച്ച സത്യത്തിനും നീതിക്കുംവേണ്ടി ധർമ്മസമരം നടത്തും... കേരളസഭ യേശുവിൽ സജീവമാവുകതന്നെയാണ്. *-എഡിറ്റർ* ●

**കെ.സി.ആർ.എം. സന്ദേശം!**

# നവീകരണത്തിന്റെ വഴിയേ – 12



**പ്രൊഫ. പി.സി ദേവസ്യ**
ചെയർമാൻ, KCRM – പാലാ
ഫോൺ: 9961255175

# ക്രിസ്തു; ആദിമസഭയിലും ഇന്നും

**ക്രൈ**സ്തവസഭയിൽ ക്രിസ്തുവിന്റെ ചൈതന്യവും സാന്നിദ്ധ്യവും എന്തുമാത്രമുണ്ട് എന്ന അന്വേഷണത്തിനൊടുവിൽ നാം എത്തിച്ചേർന്നത്, ആദിമസഭയിൽ ഉണ്ടായിരുന്ന ക്രിസ്ത്വാനുഭവമല്ല ഇന്നത്തെ സഭയിലുള്ളത് എന്ന നിഗമനത്തിലാണ്. ഇവിടെ ഒരു വിശദീകരണത്തിന്റെ ആവശ്യമുണ്ട്. ക്രിസ്തുവിനെ നാം ഇന്നു കാണുന്നത് നിന്ദിതനായി, പീഡിതനായി കുരിശിൽ തൂങ്ങിക്കിടക്കുന്ന ഒരു 'പാവം' മിശിഹാ ആയിട്ടാണ്. ഈ 'അയ്യോ പാവം' ആദിമസഭയിൽ ഉണ്ടായിരുന്നില്ല. മരിച്ച ക്രിസ്തുവിനെ ഒറ്റദിവസംമാത്രമേ അവർക്ക് ഓർത്തിരിക്കേണ്ടിവന്നുള്ളൂ. പിറ്റേദിവസംമുതൽ ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന ആഹ്ലാദവും അവനെ കൊന്നവരുടെ മുഖത്തുചൂണ്ടി സംസാരിക്കാനുള്ള ആവേശവുമാണ് ക്രിസ്ത്യാനികളെ നയിച്ചത്. തങ്ങളോടൊപ്പം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ക്രിസ്തുവിനെപ്പറ്റിയാണ് അവർ പ്രസംഗിച്ചതും സാക്ഷ്യംനൽകിയതും. അവരുടെ വാക്കുകൾ കൊലയാളികളുടെ ചങ്കിൽക്കുത്തുന്നത്ര ശക്തമായിരുന്നതുകൊണ്ടാണ് തിന്മയുടെ ശക്തികൾ വീണ്ടും ഒന്നിച്ചുകൂടിയതും ശിഷ്യരെയും കായികമായി കൈകാര്യംചെയ്തതും. എതിർപ്പിന്റെയും ഏറ്റുമുട്ടലിന്റെയും പടമുഖത്തുനിൽക്കുന്ന ക്രിസ്ത്വനുയായികൾക്കുമുമ്പിൽ തെളിഞ്ഞത് സഹതാപം ഉണർത്തുന്ന മുഖഭാവമായിരുന്നില്ല. മൃതനായ ഒരു പിതാവിന്റെ ദയനീയമുഖത്തേയ്ക്ക് മക്കൾക്ക് ഏറെനേരം നോക്കിനിൽക്കാൻ കഴിയുകയില്ലല്ലോ. ആദിമ ക്രിസ്ത്യാനികളുടെ മനസ്സിൽ തെളിഞ്ഞുവിളങ്ങിയത് ക്രിസ്തുവിന്റെ മരണമുഖമല്ല. ഉയിർപ്പിന്റെ തേജോരൂപമായ മുഖമാണ്. "മരണമേ, നിന്റെ ജയം എവിടെ"? എന്നു ചോദിക്കാനാണ് അനുയായികൾക്കു തോന്നിയത്.



ശ്രദ്ധേയമായ രണ്ടാമത്തെക്കാര്യം, ത്യാഗത്തെയും മരണത്തെയുംസംബന്ധിച്ച് അന്നത്തെയും ഇന്നത്തേയും സഭയിലുള്ള വിഭിന്നനിലപാടുകളാണ്. "മിശിഹാ നമ്മേപ്രതി മരണത്തോളം കീഴ്‌വഴങ്ങി, പിന്നെ സ്ലീവാമേൽ താൻ മരിച്ചു" എന്നാണ് പീഡാനുഭവസ്മരണയിൽ ഇന്നത്തെ ത്രികാല പ്രാർത്ഥന. നമ്മേ പ്രതി മിശിഹാ കയ്യേഫാസിനും പീലാത്തോസിനുമൊക്കെ കീഴ്‌വഴങ്ങുകയും, കല്പിച്ചുകൂട്ടി മരിക്കുകയും ചെയ്തുവത്രെ! എവിടെനിന്നാണ് ക്രിസ്തുവിന്റെ കീഴ്‌വഴക്കത്തിന്റെയും മരണത്തിന്റെയും വിശദാംശങ്ങൾ സഭയ്ക്കു കിട്ടിയത് എന്നറിഞ്ഞുകൂടാ. ഏതായാലും സുവിശേഷത്തിലെ പീഡാനുഭവ വായനയിൽ സഭ പറയുന്നത്ര കീഴ്‌വഴക്കമുള്ള മിശിഹായെ അല്ല നാം കാണുന്നത്. ക്രിസ്തു വെറുതെ മരിച്ചതല്ല. പ്രതിയോഗികൾ ക്രിസ്തുവിനെ കൊന്നതായാണ് പീഡാനുഭവ വിവരണത്തിന്റെ വിശദാംശങ്ങളിൽ കാണുന്നത്. തന്നെയുമല്ല, "നിങ്ങൾ കുരിശിൽ തറച്ചു കൊന്ന ക്രിസ്തു" എന്ന് എടുത്തുപറഞ്ഞ് പത്രോസ്ശ്ലീഹാ അന്നാസിന്റെയും കയ്യേഫാസിന്റെയും നേരേ കയർക്കുന്നുമുണ്ട് (നടപടി 4:11). ഇത്രയുമൊക്കെ തെളിവുണ്ടായിട്ടും ക്രിസ്തു അങ്ങോട്ടുചെന്ന് 'സ്ലീവാമേൽ' കയറിയതായാണ് സഭ പഠിപ്പിക്കുന്നത്. വസ്തുത അതല്ല. വേണമെങ്കിൽ ക്രിസ്തുവിന് മരണമുഖത്തുനിന്ന് രക്ഷപെടാൻ ശക്തി ഉണ്ടായിരുന്നു എന്നതു ശരി. പക്ഷേ, ധീരന്മാരാരും മരണത്തിന്റെ മുമ്പിൽനിന്ന് ഒളിച്ചോടാറില്ല. ക്രിസ്തുവും ത്യാഗോജ്വലമായ ഒരു രക്തസാക്ഷിത്വത്തിലൂടെ അനുയായികൾക്ക് ആവേശവും പ്രതിയോഗികൾക്ക് നടുക്കവും ഉണ്ടാക്കുകയാണ് ചെയ്തത്. ക്രിസ്തു മരിച്ചതല്ല ക്രിസ്തുവിനെ മറുപക്ഷം കൊന്നതാണ് എന്ന സത്യം ശ്ലീഹാമാർ വിളിച്ചുപറഞ്ഞതാണ് സെൻഹെദ്രിൻ സംഘത്തെ വിറളിപിടിപ്പിച്ചത്. ഇതാണ് ശരിയെങ്കിൽ, ക്രിസ്തുവിന്റെ രക്തസാക്ഷിത്വത്തെ, പഴയനിയമകാലത്തുതന്നെ പറഞ്ഞുറപ്പിച്ച 'പരിഹാരബലി'

യായി ചിത്രീകരിക്കുന്നത് ഉജ്ജ്വലമായ ത്യാഗത്തെ ആത്മഹത്യയോളം തരംതാഴ്ത്തി അവഹേളിക്കുന്നതിനു തുല്യമാണ്.

ക്രിസ്തുവിനെ മനസ്സിലും പ്രവൃത്തിയിലും ഉൾക്കൊണ്ട ആദിമക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, "നിങ്ങളുടെ പാപങ്ങൾക്കുവേണ്ടിയാണ് ക്രിസ്തു മരിച്ചത്" എന്ന പ്രസ്താവന തികച്ചും അപ്രസക്തമാണ്. 'ചെറിയ വേദോപദേശ'ത്തിൽ കാണുന്ന പത്തു പ്രമാണങ്ങളുടെയും അഞ്ചു കൽപ്പനകളുടെയും വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ, പാപം കണ്ടുപിടിക്കുന്ന രീതി അവരുടേതല്ലല്ലോ. പരസ്യപാപിനിയോടും ചുങ്കക്കാരോടുംപോലും അനുഭാവം പ്രകടിപ്പിച്ച യേശുവിന്റെയും അവരുടെയും നോട്ടത്തിൽ, ഒറ്റപ്പെട്ടതെറ്റുകളല്ല, പാപം. അതു പാപമാണെങ്കിൽത്തന്നെ കല്ലെറിയാൻമാത്രം വലിയ പാപവുമല്ല. നേരേ നരകത്തിലേക്ക് എറിയപ്പെട്ട ഒരു ധനവാന്റെ കഥ ക്രിസ്തു അവർക്ക് പറഞ്ഞുകൊടുത്തിട്ടുണ്ട്. ഒരു 'ലാസറിനെ' എന്നും

ക്രിസ്തുവിനെ മനസ്സിലും പ്രവൃത്തിയിലും ഉൾക്കൊണ്ട ആദിമക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, "നിങ്ങളുടെ പാപങ്ങൾക്കുവേണ്ടിയാണ് ക്രിസ്തു മരിച്ചത്" എന്ന പ്രസ്താവന തികച്ചും അപ്രസക്തമാണ്.

കൺമുമ്പിൽ കണ്ടിട്ടും ലാസറുമാർ അങ്ങനെതന്നെ കിടക്കണം എന്നു വിചാരിച്ച ഘടനാപരമായ തിന്മയുടെ പ്രതിനിധിയാണ് ധനവാൻ. പഴയനിയമത്തിലും പാപസങ്കല്പം ഇതുതന്നെയാണ്. പക്ഷികൾക്ക് എന്നതുപോലെ, പട്ടിണിക്കാർക്കും വിധവകൾക്കും ഏതു കൃഷിയിടത്തിൽ നിന്നും വിശപ്പടക്കാം. 50 കൊല്ലത്തിലൊരിക്കൽ എല്ലാം അഴിച്ചുപങ്കിടണം എന്നാണ് ജൂബിലിയുടെ സന്ദേശം. ഘടനാപരമായ തിന്മയെ, ഇല്ലാത്തവന് എന്തെങ്കിലും എറിഞ്ഞുകൊടുത്ത് നന്മയാക്കാൻ പറ്റുകയില്ല. അന്ധരോടും ബന്ധിതരോടും അടിച്ചമർത്തപ്പെട്ടവരോടും പക്ഷംചേർന്ന് രക്ഷാകരപ്രവൃത്തി ചെയ്യാനാണ് താൻ വന്നിരിക്കുന്നത് എന്ന് യേശു തുറന്നു പറയുന്നുണ്ട്(ലൂക്കോ. 4:18-20).

പക്ഷേ സഭയുടെ നിലപാട് എന്താണ്? മണ്ണിൽ പിറന്നുവീണവരെല്ലാം പാപികളാണെന്നാണ് സഭയുടെ പഠനം. ആദ്യകുമ്പസാരത്തിനൊരുങ്ങുന്ന കുട്ടികൾമാത്രമല്ല, അന്നന്നയപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന സാധാരണക്കാർ പോലും, ഞങ്ങൾ ഇത്ര വലിയ പാപികളാണോ എന്നു പകച്ചുനിൽക്കുകയാണ്. പേരെടുത്ത ധ്യാനഗുരുക്കന്മാരാണ് മനുഷ്യന്റെ മനസ്സിൽ ഇത്രയേറെ പാപബോധം നിറയ്ക്കുന്നത്. എന്നിട്ടും പോരാഞ്ഞ് പാപബോധം തരണേ, പശ്ചാത്താപം തരണേ എന്ന നിലവിളിയും!!

ആദിമസഭ അറിയാത്തതു പലതുമാണ് ഇന്നത്തെ സഭ ആചരിക്കുന്നത്. ക്രിസ്തുവിന്റെ ചൈതന്യത്തിന് ഒട്ടും യോജിക്കാത്ത വികലവീക്ഷണങ്ങൾ എങ്ങനെ വന്നു? ഇക്കാര്യം അന്വേഷിച്ചുപോകുമ്പോഴാണ് റോമൻ ഭരണാധികാരികളാണ് അതിന്റെ പിന്നിലെന്ന് ബോധ്യമാകുന്നത്. ദരിദ്രജനതയുമായി സമരസപ്പെട്ടിരുന്ന ക്രിസ്തുവിന്റെ സഭ, ചക്രവർത്തിയുടെ സഭയായപ്പോൾ സമ്പന്നതയുടെ സൗകര്യങ്ങളിലായി അതിന്റെ നിലനിൽപ്പ്. പിന്നെ സംഭവിച്ചവയൊക്കെ ചരിത്രത്തിന്റെ ഭാഗംതന്നെയാണ്. ചക്രവർത്തിയിൽനിന്നു കിട്ടിയതിനുപുറമേ സ്വന്തംനിലയിൽ വരവുണ്ടാക്കാനുള്ള വഴികളും സമ്പന്നനേതൃത്വം അന്വേഷിച്ചു. കുരിശുയുദ്ധം ഏറെ ക്രിസ്ത്യാനികളുടെ രക്തം മണ്ണിലൊഴുക്കി. സഭയ്ക്ക് ഒന്നും നഷ്ടപ്പെട്ടില്ലെന്നു മാത്രമല്ല, കുരിശും കൊടിയും വെഞ്ചരിച്ചുകൊടുത്ത് അന്യന്റെ മുതൽ തട്ടിപ്പറിച്ചുകൊണ്ടുവരാനുള്ള പ്രേരണയാണ് സഭ നൽകിയത്. തട്ടിപ്പറിച്ചതും, വെട്ടിപ്പിടിച്ചതും ആനുകൂല്യംകിട്ടിയതുമെല്ലാം കൈയിലൊതുക്കി പല പല 'കൂരിയാ'കളിലൂടെയും 'തിരുസംഘ'ങ്ങളിലൂടെയും കുറെശ്ശേ പങ്കിട്ടപ്പോൾ, ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സഭയുടെ 'ചിലന്തി വല' വളർന്നു വലുതായി. ശുദ്ധാത്മാക്കളെല്ലാം അതിൽക്കുടുങ്ങി. ജീവനുള്ള ക്രിസ്തുവിന്റെ ചൈതന്യമാണോ, മരിച്ച ക്രിസ്തുവിന്റെ 'മത'മാണോ വളർന്നത് എന്ന കാര്യത്തിൽ തീർച്ചയായും സംശയമുണ്ട്.

കേരളത്തിലെ പുരാതനക്രൈസ്തവസഭയെപ്പറ്റി ആവേശപൂർവ്വം സംസാരിക്കുന്നവരാണ് നവീകരണവാദികൾ പോലും. കഴുത്തിലോ കുടുമയിലോ ചേർത്തുവച്ചിരിക്കുന്ന ഒരു കുരിശിന്റെ സാന്നിദ്ധ്യം ഒഴിച്ചാൽ, ഇവിടുത്തെ ബ്രാഹ്മണസമൂഹത്തിന്റെ എല്ലാ ജീർണ്ണതകളും ക്രിസ്ത്യൻ സമൂഹത്തിലും ഉണ്ടായിരുന്നു. വിദേശമിഷണറിമാർ ഇവിടെ വന്നുകഴിഞ്ഞാകട്ടെ, അവർ നാട്ടുകാരിലെ മിടുക്കന്മാരെ പിടിച്ചെടുത്ത് 'ഉടുപ്പിടുവിച്ച്' നാട്ടുക്രിസ്ത്യാനികളുടെ സ്വയം നിർണ്ണയാവകാശത്തെ വെട്ടിവീഴ്ത്താനുള്ള കോടാലിയുടെ കൈകളായി അവരെ ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. റോമിന്റെ 'ചിലന്തിവല' 'പാദ്രുവാദോ', 'പ്രൊപ്പഗാന്താ' തുടങ്ങിയ സംവിധാനങ്ങളിലൂടെ ഇവിടെ ശക്തമാക്കുകയും ചെയ്തു. ദോഷം പറയരുതല്ലോ, പിന്നെപ്പിന്നെ ധാരാളം റോമൻ പണവും ഇവിടേക്ക് ഒഴുകിയെത്തി. നാട്ടിലെ റോമൻ കത്തോലിക്കാസഭ, സമകാലിക യാക്കോബായ - ഓർത്തഡോക്സ് വിഭാഗങ്ങളേക്കാൾ സാമ്പത്തിക സൗകര്യം നേടിയെടുത്തത് ആ ഒഴുക്കുമൂലമാണ്. ചിട്ടയായ സെമിനാരി പരിശീലനംകൊണ്ട് പരുവപ്പെട്ട ഒത്തിരി പുരോഹിതന്മാരുടെ അദ്ധ്വാനവും അതിന്റെ പിന്നിലുണ്ട്. ഇതൊക്കെയായിട്ടും, ആ ചോദ്യം അവശേഷിക്കുന്നു. ഇവിടെ ക്രിസ്തു ജനിച്ചോ? വളർന്നോ?


ഇന്നത്തെ സ്ഥിതിയെന്തെന്ന് എല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഇനിയെന്ത് എന്ന ഭാഗത്തേക്കുകടക്കാം.

തൽക്കാലം നിർത്തട്ടെ,

ഒത്തിരി സ്നേഹത്തോടെ

**പ്രൊഫ: പി.സി. ദേവസ്യ** (ചെയർമാൻ, KCRM)

# സിസ്റ്റർ ലൂസി,
# സിസ്റ്റർ ലൂസിയായിരിക്കേതിന്റെ പ്രാധാന്യം



റവ. ഡോ. വൽസൻ തമ്പു
ഫോൺ: 0471-2371010/8848339230

**അധികാരി സ്വയം നിയന്താവായി കരുതുകയും ഓരോ അംഗത്തിന്റെയും വ്യക്തിത്വവും ആവശ്യങ്ങളും ആവിഷ്കാരങ്ങളും അസംഗതമായി കാണുകയും ചെയ്യുമ്പോൾ ഉണ്ടാകുന്നത് ക്രമമല്ല, അക്രമമാണ്. ആത്മീയമായ ക്രമം ഉളവാകുന്നത് യേശുക്രിസ്തുവിന്റെ ചൈതന്യത്തോട് കർശനമായി വിശ്വസ്തത പുലർത്തുമ്പോഴാണ്.**



***[‘The Importance of being Lucy’ എന്ന ദീർഘലേഖനത്തിന്റെ അവസാനഭാഗം- സ്വന്തം തർജ്ജമ-എഡിറ്റർ]***

...മധ്യയുഗങ്ങൾമുതലുള്ള സന്ന്യാസസമ്പ്രദായങ്ങളുടെ തായ്ത്തടിയിൽത്തന്നെ അധികാരക്രമവും സർഗാത്മകതയുംതമ്മിൽ സംഘർഷവും വിഷമാവസ്ഥയുമുണ്ട്. സമഗ്രാധിപത്യസ്വഭാവം മധ്യയുഗങ്ങളുടെ ചൈതന്യവുമായി ഇണങ്ങുന്നതായിരുന്നു. എന്നാൽ. കാലത്തിന് നിശ്ചലമായിരിക്കാൻ സാധിക്കില്ലല്ലോ. കാലത്തിന്റെ ചുവടുവയ്പിൽ, പ്രത്യേകിച്ച് ആധുനികതയുടെ ആഗമനത്തിൽ, ശ്രേണീബദ്ധവും സാമുദായികാടിസ്ഥാനത്തിലുള്ളതുമായ അധികാരക്രമത്തിന്റെ ആജ്ഞാനുവർത്തിയായിരുന്ന ആ ലോകവീക്ഷണത്തിന്, വ്യക്തിമാഹാത്മ്യവാദപരമായ പുനർനിർവചനത്തിനു വഴിമാറേണ്ടിവന്നു. സ്വയംശാസിതവ്യക്തിവാദം ആധുനികതയുടെ ഒരു മുഖമുദ്രതന്നെ ആയിരുന്നു. ആധുനികതയുടെ ചൈതന്യം ആധികാരികതയ്ക്കും പാരമ്പര്യത്തിനും മതത്തിനും എതിരാണെന്നാണ്, ഇക്കാര്യത്തിൽ എനിക്കു പരിചിതരായ എഴുത്തുകാരെല്ലാം വാദിക്കുന്നത്. മതപരമായ അച്ചടക്കത്തിന്റെ മൂലക്കല്ലുകൾക്കെതിരെയുള്ള സമരത്തെ അവരിൽ പലരും കാണുന്നത്, ആത്മീയപ്രതിരോധപരമായ എല്ലാ വ്യക്തിമഹത്വവാദങ്ങളുടെയും ഈറ്റുനോവായയാണ്.

സിസ്റ്റർ ലൂസി കളപ്പുര ഇന്നു നേരിടുന്ന വിഷമസ്ഥിതിയിൽ മേൽപറഞ്ഞ സംഘർഷമാണ് പ്രതിഫലിക്കുന്നത്. സിസ്റ്റർ ലൂസിക്കെതിരെ ഉന്നയിക്കപ്പെടുന്ന കുറ്റങ്ങളിൽ, കവിതകൾ എഴുതി പ്രസിദ്ധീകരിച്ചതും ഉത്ക്കണ്ഠാജനകമായ ഒരു ആത്മകഥ ഉടൻതന്നെ പ്രസിദ്ധീകരിക്കാൻ പോകുന്നതും ഉൾപ്പെടുന്നുണ്ട്. മധ്യയുഗങ്ങളിൽ ഒരു മതസംഘത്തിന് അതിന്റെ അംഗങ്ങളുടെ സർഗജീവിതത്തെ നിയന്ത്രിക്കാൻ അവകാശമുണ്ടായിരുന്നെങ്കിലും, ഇന്നത് ആവശ്യമാണോ, സാധൂകരിക്കാവുന്നതാ ണോ? മറിച്ച്, ലൗകികവും സാംസ്കാരികവുമായ അവസ്ഥാമാറ്റ ങ്ങൾക്കനുസരിച്ച് മതപരിശീലനത്തിൽ മാറ്റംവരുത്തുകയല്ലേ വേണ്ടത്? അതിന് ആരെങ്കിലും തയ്യാറുണ്ടോ? ആത്മീയസ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ എവിടെയാണ്? വ്യക്തിപരമായ അവകാശങ്ങളെ ഹനിക്കുന്നതായി അംഗങ്ങൾ കരുതുന്ന, അതിനാൽത്തന്നെ സംഘർഷമുളവാക്കുന്ന ഒരു കല്പന (ഓർഡർ) പുറപ്പെടുവിക്കുമ്പോൾ എന്താണു സംഭവിക്കുന്നത് എന്നു നോക്കണ്ടേ? നിരാശരായ അംഗങ്ങളുടെ

ഒരു പിടിവള്ളിയായി ഒരു മഠത്തിന് എത്രകാലം തുടരാനാവും?

ക്രമം (ഓർഡർ) എന്നതിനെ ആത്മീയവും ആധികാരികവുമായി ഗ്രഹിക്കാതെ ഈ ധർമസങ്കടം പരിഹരിക്കാൻ സാധിക്കുകയില്ല. അധികാരി സ്വയം നിയന്താവായി കരുതുകയും ഓരോ അംഗത്തിന്റെയും വ്യക്തിത്വവും ആവശ്യങ്ങളും ആവിഷ്കാരങ്ങളും അസംഗതമായി കാണുകയും ചെയ്യുമ്പോൾ ഉണ്ടാകുന്നത് ക്രമമല്ല, അക്രമമാണ്. ആത്മീയമായ ക്രമം ഉളവാകുന്നത് യേശുക്രിസ്തുവിന്റെ ചൈതന്യത്തോട് കർശനമായി വിശ്വസ്തത പുലർത്തുമ്പോഴാണ്. അത് സ്വാതന്ത്ര്യത്തിന്റെ ചൈതന്യമാണുതാനും. നമ്മുടെ വിശ്വാസത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി അവസാനംവരെ

സിസ്റ്റർ ലൂസിയുടെ കാര്യം പ്രത്യേകമെടുത്താൽ, അവരുടെ എതിർപ്പുകൾക്ക് ആക്കംകൂടിയത് ഫ്രാങ്കോ മുളയ്ക്കൽ കേസിന്റെ പശ്ചാത്തലത്തിലാണ് എന്നത് സുവ്യക്തമാണ്. ആ പ്രശ്നവുമായി ബന്ധപ്പെട്ട സന്ദർഭത്തിലാണ് അധികാ രവ്യവസ്ഥയ്ക്കെതിരെയുള്ള അവരുടെ എതിർപ്പിന് വ്യക്തമായ ഒരു രൂപമുണ്ടായത്.

നിലകൊള്ളുന്ന അവയുടെ ഉപജ്ഞാതാവാണ് യേശു. ഏറ്റവും വലിയ വിമോചകനാണദ്ദേഹം. മനുഷ്യസ്വാതന്ത്ര്യത്തെയോ മനുഷ്യന്റെ വ്യക്തിപരമായ ഉദ്ഗ്രഥനത്തെയോ ആത്മാവിഷ്കാരത്തെയോ പരിമിതപ്പെടുത്തിക്കൊണ്ട് യാതൊരു ക്രമവും (ഓർഡർ) യേശുവിന്റെപേരിൽ സ്ഥാപിക്കാനാവില്ല. സ്വാതന്ത്ര്യവും സ്വേച്ഛയും ഉള്ളിടത്തേ വിശ്വാസം സാധ്യമാവൂ, അർഥപൂർണമാവൂ. നിർബന്ധിതവിശ്വാസം എന്ന പദപ്രയോഗത്തിൽത്തന്നെ വിരുദ്ധഘടകങ്ങളാണുള്ളത്. അതിൽ വിശ്വാസത്തിന്റെയും സ്വഭാവത്തിന്റെയും വികാസം ഉൾപ്പെടുന്നില്ല എന്നതിനാൽ, അതിനെ അടിമത്തത്തിന്റെ ശാപമെന്ന നിലയിലേ കാണാനാവൂ. ഒരടിമ, ബാഹ്യശക്തിയാലും ബലാൽക്കാരമായും വന്ധീകരിക്കപ്പെട്ട മനുഷ്യവ്യക്തിയാണ്. ആത്മീയമായ മൂല്യമുള്ള ഓർഡറിന്റെ ഫലം മനുഷ്യവ്യക്തികളെ മഹിമപ്പെടുത്തുകയാണ്, അധമരോ നികൃഷ്ടരോ ആക്കുകയല്ല.

സിസ്റ്റർ ലൂസിയുടെ കാര്യം പ്രത്യേകമെടുത്താൽ, അവരുടെ എതിർപ്പുകൾക്ക് ആക്കംകൂടിയത് ഫ്രാങ്കോ മുളയ്ക്കൽ കേസിന്റെ പശ്ചാത്തലത്തിലാണ് എന്നത് സുവ്യക്തമാണ്. ആ പ്രശ്നവുമായി ബന്ധപ്പെട്ട സന്ദർഭത്തിലാണ് അധികാരവ്യവസ്ഥയ്ക്കെതിരെയുള്ള അവരുടെ എതിർപ്പിന് വ്യക്തമായ ഒരു രൂപമുണ്ടായത്. നീതി തേടുന്നത് എതിർക്കലാണെന്ന് ആരെയും വാദിച്ചു ബോധ്യപ്പെടുത്താനാവില്ല. എങ്കിലും, അടിച്ചമർത്തുന്ന ഒരു സംവിധാനത്തോടായിരുന്നു ആ നീതിതേടൽ എന്നതിനാൽ, അതിനെ എതിർപ്പ് എന്നു വിളിക്കാനാവും. രാഷ്ട്രീയമായ ചില സാഹചര്യങ്ങളിൽ, നീതിക്കുവേണ്ടിയുള്ള മുറവിളി സമാധാനഭഞ്ജനം എന്ന നിലയ്ക്ക് കുറ്റമായി വിധിക്കപ്പെടാറുണ്ടല്ലോ. അടിച്ചമർത്തലിന്റെ രാഷ്ട്രീയഏജന്റുമാർ നീതിയെയും സമാധാനത്തെയും പരസ്പരവിരുദ്ധമായി അവതരിപ്പിക്കുന്നു. മതസംഘങ്ങൾ, ക്രൈസ്തവസഭയും സന്ന്യാസസഭകളും ഇതനുകരിക്കാൻ പാടില്ല. അതിന്റെപേരിൽ എന്തു നഷ്ടമുണ്ടായാലും നിശ്ചയദാർഢ്യത്തോടെ അത് ഒഴിവാക്കുകയാണ് ചെയ്യേണ്ടത്.

ക്രൈസ്തവസംഘങ്ങളുടെ ആത്യന്തികലക്ഷ്യസാരം യേശുവിന്റെ നിർവചനമനുസരിച്ചുള്ള ഒരു ആത്മീയതയല്ലാതെ മറ്റൊന്നാകാൻ പാടില്ല. യേശു പറയുന്നു: "ഞാൻ വന്നത് അവർക്ക് ജീവനും അതിന്റെ സമൃദ്ധിയും ഉണ്ടാകാൻ വേണ്ടിയാണ്" (യോഹ. 10: 10). "ആത്മാവിന്റെ ഫലമോ, സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, കരുണ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നിവയാണ്. ഇവയ്ക്കു വിരുദ്ധമായി ഒരു നിയമവും ഇല്ല" (ഗലാ. 5: 22 –23). ഇവ ഇല്ലാത്തിടത്ത് ജീവന്റെ സമൃദ്ധി അപകടത്തിലാണ്. അങ്ങനെ മനുഷ്യത്വഗുണങ്ങൾ കുറഞ്ഞ ഒരവസ്ഥയുണ്ടായാൽ, മതപരമായ യാതൊരു ഒഴികഴിവും അതിനു പരിഹാരമാവില്ല. സമൃദ്ധി എന്ന ലക്ഷ്യം ക്രിസ്റ്റോളജിക്കലായി അത്രമാത്രം ആധികാരികതയുള്ള ഒന്നാണ്. അതിനാൽ ഗുണഭോക്താക്കൾക്ക് ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും, എല്ലാ ക്രൈസ്തവസംഘങ്ങളും ഈ ലക്ഷ്യത്തിനെതിരായി നിലവിലുള്ള അവയുടെ നിയമക്രമങ്ങൾ സ്വയം മാറ്റേണ്ടതാണ്. 'സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല' എന്ന് മർക്കോസ് 2 : 28–ൽ യേശു പറഞ്ഞിട്ടുണ്ടല്ലോ. അതിൽ കുറഞ്ഞതെല്ലാം 'സാബത്തേരിയനിസ'മാണ്, 'ഫരിസേയനിസ'മാണ്, കാത്തലിക്കല്ല; യേശുവിരുദ്ധമായതൊന്നും കാത്തലിക്കല്ല.

ആത്മീയത ചരിത്രപരമായ ചലനാത്മകതയുടെ ഒരു മേഖലയാണ്. 'ജീവിക്കുന്ന വിശ്വാസം' എന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരു സമ്പ്രദായത്തിന് അങ്ങനെയായിരിക്കാനേ സാധിക്കൂ. മ്യൂസിയം പീസുകൾക്കും മമ്മികൾക്കും ചരിത്രത്തിൽ നിസ്സംഗതയോടെ തുടരാൻ കഴിഞ്ഞേക്കാം. എന്നാൽ, ചൈതന്യമുള്ള ജീവജാലങ്ങൾക്ക് നിലനില്ക്കണമെങ്കിൽപ്പോലും 'ജീവിതലോകം' എന്ന് ലെവിസ്ട്രാസ് പേരു നല്കിയിട്ടുള്ള അവരുടെ ലോകത്തോട് പ്രതിസ്പന്ദിക്കേണ്ടതുണ്ട്. 'ചരിത്രത്തിന്റെ അർഥം' എന്ന പുസ്തകത്തിൽ നിക്കോളായ് ബർദ്യേവ് സമർഥിക്കുന്നതുപോലെ, മാനവവംശത്തിനുള്ള ക്രിസ്തീയതയുടെ സംഭാവന അഗാധവും ചലനാത്മകവുമായ ചരിത്രബോധമാണ്.

സിസ്റ്റർ ലൂസിയുടെ പ്രശ്നം പ്രതീകാത്മകവും കാലാതീതവും (proleptic) ആണെന്ന് കാലം തെളിയിക്കും. അങ്ങനെയാണെങ്കിൽ അത് ദീർഘവീക്ഷണത്തോടെയും ചരിത്രപരമായ മുന്നറിവോടുകൂടിയും കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. മർക്കടമുഷ്ടി അർപ്പണബുദ്ധിയല്ല. ദൈവത്തിൽനിന്നു കിട്ടാത്ത യാതൊരധികാരവും ആർക്കുമില്ല; ദൈവികചൈതന്യത്തോടെ നടപ്പാക്കാത്ത ഒരധികാരവും ദൈവികമല്ലതാനും. ദൈവം തന്റെ കൃപയാലാണ് നിയമത്തിന്റെ സ്വേച്ഛാധികാരത്താലല്ല, കാരുണ്യത്തിന്റെ ഭൂമികയിൽ ജീവിതത്തെ പ്രതിഷ്ഠിച്ചത്. ചരിത്രത്തിന്റെ ഈ അതിഭൗതികമായ അടിത്തറയെ വേണ്ടതുപോലെ പരിഗണിക്കാത്തതുകൊണ്ട് ഭൗതികവും ചരിത്രപരവുമായ നാഗരികതകളുടെ ധാരാളം സൗധങ്ങൾ മണ്ണടിഞ്ഞിട്ടുണ്ട്.

●

# സഭാസ്വത്തുക്കൾ തിന്നുകൊഴുത്ത ഇടയന്മാർ കുഞ്ഞാടുകളുടെ ചോരയ്ക്കായി കച്ചമുറുക്കുന്നു



**സന്തോഷ് ജേക്കബ്**

ഫോൺ: 9447297554

ചൂഷണങ്ങളും അധീശത്വവും ചോദ്യംചെയ്യപ്പെടേണ്ട തുണ്ടെന്നും, അതിന് ക്രിസ്തുവിശ്വാസികളായ നാമോരോരു ത്തർക്കും ഉത്തരവാദിത്വമുണ്ടെന്നുമാണ്.

പുരോഹിതർ സഭയുടെ തിരുക്കർമ്മങ്ങൾക്കു നേതൃത്വം നൽകേണ്ടവരാണ് എന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ അവർ ആ സ്ഥാനം ദുരുപയോഗംചെയ്തു സർക്കാരിനെയും സഭാമക്കളെയും ചൂഷണംചെയ്യുന്ന കാഴ്ച ക്രൈസ്തവമൂല്യ ങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിശ്വാസിക്കും വെറുതെ നോക്കിയിരിക്കാൻ കഴിയില്ല. കാരണം, ഇത് അനുവദിച്ചാൽ നാളെ അവർ നമ്മുടെ ദേവാലയംതന്നെ തകർത്തു നമ്മേ ചിതറിക്കും. ഇതിനുള്ള മുന്നറിയിപ്പ് ജെറൂശലേം ദേവാല യത്തെ പരാമർശിച്ചുകൊണ്ട് യേശു നമുക്കു നൽകുന്നുണ്ട്. പൗരോഹിത്യത്തിന്റെ പൊതുസ്വഭാവത്തെയും സമീപന ത്തെയുംകുറിച്ച് യേശു നമുക്കു നൽകിയിട്ടുള്ള പാഠങ്ങൾ നാമിവിടെ ഓർക്കുന്നത് ഉചിതമാണ്:

**'അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ ചുമലുകളിൽ വച്ചുകൊടുക്കുന്നു, സഹായിക്കാൻ ചെറുവിരൽ അനക്കാൻപോലും തയ്യാറാകുന്നുമില്ല'; 'മറ്റുള്ളവർ കാണുന്നതിനുവേണ്ടിയാണ് അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം ചെയ്യുന്നത്'; 'അവർ തങ്ങളുടെ**



**അഭിവന്ദ്യ ഫ്രാൻസീസ് മാർപാപ്പ ഈ അടുത്ത കാലത്തായി ധാരാളം ഏറ്റുപറച്ചിലുകൾ നടത്തുന്നുണ്ട്. അതെല്ലാം, പുരോഹിതന്മാരിൽനിന്നും ബിഷപ്പുമാരിൽനിന്നുമെല്ലാം ഉണ്ടാകുന്ന ക്രൂരവും നിന്ദ്യവുമായ പ്രവൃത്തികളിൽ മനംനൊന്ത് നടത്തിയവയായിരുന്നു.**

ഏതൊരു വ്യക്തിയോ പ്രസ്ഥാനമോ ആകട്ടെ, അല്ലെങ്കിൽ സ്ഥാപനമോ രാജ്യംതന്നെയോ ആകട്ടെ, അതിന്റെ ആരോഗ്യകരമായ നിലനില്പിന് സാമ്പത്തികവും സാംസ്കാരികവുമായ അച്ചടക്കം അനിവാര്യമാണ്. അതിനു വേണ്ടിയാണ് മനുഷ്യസമൂഹം സാമൂഹിക-സാമ്പത്തിക സുരക്ഷാനിയമങ്ങൾ പാസ്സാക്കി നടപ്പിലാക്കിപ്പോരുന്നത്. പഴയനിയമത്തിൽ പറയുന്ന ബാബിലോണിന്റെ ചരിത്രം പരി ശോധിച്ചാൽ, ആ പ്രദേശത്തെ മനുഷ്യരുടെ സാമ്പ ത്തിക-സാംസ്കാരിക അരാജകത്വംമൂലമായിരുന്നു, അത്രയും ഉന്നതിയിൽ നിന്നിരുന്ന നഗരം തകർന്നുതരിപ്പണമായതെന്നു കാണാനാവും. പുതിയനിയമത്തിൽ, ദേവാലയങ്ങളിൽ നടന്നിരുന്ന പുരോഹിതരുടെയും ഫരിസേയരുടെയും സാമ്പത്തികചൂഷണവും അരാജകത്വവും ചോദ്യം ചെയ്തുകൊണ്ടാണ് യേശു തന്റെ പരസ്യജീവിതം തുടങ്ങുന്നതുതന്നെ. ഇതിൽനിന്നെല്ലാം നാം മനസ്സി ലാക്കേണ്ടത്, പുരോഹിതരുടെയും ഭരണാധികാരികളുടെയും

**നെറ്റിപ്പട്ടങ്ങൾക്കു വീതിയും വസ്ത്രത്തിന്റെ തൊങ്ങലു കൾക്കു നീളവും കൂട്ടുന്നു'; 'വിരുന്നുകളിൽ പ്രമുഖ സ്ഥാനവും സിനഗോഗുകളിൽ പ്രധാന പീഠവും നഗരവീഥികളിൽ അഭിവാദനവും മനുഷ്യരിൽനിന്ന് 'ഗുരോ' എന്ന സംബോധനയും മോഹിക്കുന്നു.'** തുടർന്ന് യേശു കല്പിക്കുന്നു: **"എന്നാൽ നിങ്ങൾ 'ഗുരു' എന്നു വിളിക്കപ്പെടരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളു. നിങ്ങളെല്ലാം സഹോദരന്മാർ ആണ്. ഭൂമിയിൽ നിങ്ങൾ ആരെയും 'പിതാവേ' എന്നു വിളിക്കരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു പിതാവേ യുള്ളു, സ്വർഗസ്ഥനായ പിതാവ്. നിങ്ങൾ നേതാക്കന്മാർ എന്നും വിളിക്കപ്പെടരുത്; എന്തെന്നാൽ, ക്രിസ്തുവാണ് നിങ്ങളുടെ ഏക നേതാവ്. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകൻ ആയിരിക്കണം"**

**(മത്താ. 23:4-11).**

പുരോഹിതവർഗത്തിന്റെ അധികാരദുർമോഹങ്ങ

ളെക്കുറിച്ചും, അവരെ നിയന്ത്രിച്ചുകൊണ്ടുപോകേണ്ടത് സഭയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതം ആണെന്ന തിനെക്കുറിച്ചും, അതെങ്ങനെ എന്നതിനെക്കുറിച്ചും വ്യക്തത ലഭിക്കാൻ നാം വേറെ എവിടെയും പോകേണ്ട തില്ല; മുകളിൽ സൂചിപ്പിച്ച ബൈബിൾ വചനങ്ങൾമാത്രം മതിയാകും.

അഭിവന്ദ്യ ഫ്രാൻസീസ് മാർപാപ്പ ഈ അടുത്ത കാല ത്തായി ധാരാളം ഏറ്റുപറച്ചിലുകൾ നടത്തുന്നുണ്ട്. അതെല്ലാം, പുരോഹിതന്മാരിൽനിന്നും ബിഷപ്പുമാരിൽ നിന്നുമെല്ലാം ഉണ്ടാകുന്ന ക്രൂരവും നിന്ദ്യവുമായ പ്രവൃത്തി കളിൽ മനംനൊന്ത് നടത്തിയവയായിരുന്നു. ആധുനികസഭ ക്രൈസ്തവമൂല്യങ്ങളനുസരിച്ചു പ്രവർത്തിച്ച് ലോകത്തിനു മാതൃകയായിത്തീരണം എന്നതാണ് ഫ്രാൻസീസ് പാപ്പയുടെ ഓരോ സന്ദേശത്തിന്റെയും ലക്ഷ്യം.

**ഒരു വ്യക്തി കത്തോലിക്കാസഭയിൽ അംഗമാകുമ്പോൾമുതൽ അവന്റെ മരണംവരെ ഓരോ ഘട്ടത്തിലും പല കൂദാശകളിലൂടെയും കടന്നുപോകണം. അതിനെല്ലാം സഭ പല വിധത്തിലുള്ള നിരക്കുകളിലൂടെ കപ്പം പിരിച്ച് വരുന്നു. 'പസവാരം' എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. എന്നാൽ ഇതിനു ചില മാനദണ്ഡങ്ങൾ കാനോൻ നിയമത്തിൽ പറയുന്നുണ്ട്.**

ഈ വസ്തുതകളെല്ലാം നിലനിൽക്കുമ്പോഴാണ്, വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള കൊങ്ങോർപ്പിള്ളി സെന്റ് ആന്റണീസ് ദൈവാലയത്തിൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്ക് പുതുതായി തയ്യാറാക്കി നൽകിയിരി ക്കുന്ന 'കുടുംബ രജിസ്റ്റർ' എന്ന 'ഫത്വ'യിലൂടെ, ബൈബിൾവച നങ്ങൾക്കും രാജ്യത്തെ പൗരാവകാശങ്ങൾക്കും, കത്തോ ലിക്കാസഭയുടെ ചട്ടങ്ങളും നിയമങ്ങളും ഉൾക്കൊള്ളുന്ന കാനോൻ നിയമത്തിനുതന്നെയും കടകവിരുദ്ധമായ ശാസനകൾ പുറത്തുവരുന്നത്! ഇത് വിശ്വാസിസമൂഹം ചർച്ചചെയ്യേണ്ടിയിരിക്കുന്നു.

ഒരു വ്യക്തി കത്തോലിക്കാസഭയിൽ അംഗമാകുമ്പോൾ മുതൽ അവന്റെ മരണംവരെ ഓരോ ഘട്ടത്തിലും പല കൂദാശകളിലൂടെയും കടന്നുപോകണം. അതിനെല്ലാം സഭ പല വിധത്തിലുള്ള നിരക്കുകളിലൂടെ കപ്പം പിരിച്ച് വരുന്നു. 'പസവാരം' എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. എന്നാൽ ഇതിനു ചില മാനദണ്ഡങ്ങൾ കാനോൻ നിയമ ത്തിൽ പറയുന്നുണ്ട്. കാനോൻ 848: 'കൂദാശകളുടെ ശുശ്രൂഷ ദാരിദ്ര്യംമൂലം നിഷേധിക്കരുത്' എന്നു പറയുന്നതിനോ ടൊപ്പം, കൂദാശകളുടെ പരികർമത്തിന് ചുമതലപ്പെട്ട അധികാരി നിശ്ചയിക്കുന്ന കാണിക്കയിൽ കൂടുതൽ കാർമികൻ ആവശ്യപ്പെടരുത് എന്നും പറയുന്നു. എന്നാൽ വരാപ്പുഴ അതിരൂപത വിശ്വാസികൾക്കായി ഇറക്കിയിരിക്കുന്ന ശാസനയിൽ പറയുന്നത്, 'മനസ്സമ്മതത്തിനു വരുമ്പോൾ വിവാഹ സംഭാവനയും കുറിപ്പണവും കരുതിയിരിക്കണം' എന്നാണ്! മനസ്സമ്മതമെന്നത് ഒരു കൂദാശ അല്ലാതിരുന്നിട്ടു കൂടി ഇത്രയ്ക്കു ധാർഷ്ട്യത്തോടെ ഒരു തുക (എത്രയെന്നത് രാജാവ് തീരുമാനിക്കും!) നൽകണമെന്ന് ഒരു രേഖയിലൂടെ കൽപിക്കുമ്പോൾ, പുരോഹിതരുടെ വിശ്വാസികളോടുള്ള സമീപനം എന്തെന്ന് വ്യക്തമാകുകയാണ്. ഇതിലൂടെ സഭാം ഗങ്ങളെ വ്യക്തിപരമായി തേജോവധംചെയ്യുവാനും പരമാവധി ചൂഷണംചെയ്യുവാനും വഴിതുറക്കുകയാണ്. ഇതം ഗീകരിച്ചുകൊടുത്താൽ നാളെമുതൽ അവർ സർക്കാരുകളെപ്പോലെ നികുതി പിരിവ് തുടങ്ങില്ല എന്ന് ആർക്കു പറയാനാവും?

തീർച്ചയായും സഭയുടെ നിലനിൽപ്പിന് സമ്പത്ത് അത്യന്താപേക്ഷിതമാണ്. എന്നാൽ സഭയുടെ സമ്പത്ത് നാട്ടിലെ നിയമസംഹിത കണക്കിലെടുത്തുകൊണ്ടോ, കുറഞ്ഞപക്ഷം കാനോൻ നിഷ്കർഷിക്കുന്നതുപോലെ യെങ്കിലുമോ ആണോ കൈകാര്യം ചെയ്യുന്നതെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ സഭാധികാരികൾ ബാധ്യസ്ഥരാണ്. എന്നാൽ സഭയുടെ സകല മേഖലകളിലും സമ്പത്ത് കൈകാര്യം ചെയ്യപ്പെടുന്നത് തീർത്തും കുത്തഴിഞ്ഞ വിധത്തിലാണെന്നത്, വിവിധ രൂപതകൾക്കു വിദേശസഹായം ലഭിച്ചതിന്റെ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. സഭാപൗരോഹിത്യം ഒരു വശത്ത് സ്ത്രീകളെയും കുട്ടികളെയും ലൈംഗികമായി ചൂഷണം ചെയ്യുമ്പോൾ, ഭൂമികച്ചവടം മുതൽ വൈരക്കല്ല് തട്ടിപ്പുവരെ മറുവശത്ത് അരങ്ങേറുന്നു! ഇതിൽനിന്നെല്ലാം വെളിവാകു ന്നത്, പുരോഹിതർ ക്രൈസ്തവമൂല്യങ്ങളിൽ നിന്ന്, സാമാന്യമര്യാദയിൽനിന്നുപോലും, എത്രകണ്ട് അകന്നു പോയി എന്നതാണ്. ഇത് തീർത്തും അപകടകരമായ അവസ്ഥയാണ്.

സാമ്പത്തിക അച്ചടക്കം എല്ലാ സംവിധാനങ്ങൾക്കും ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. പക്ഷേ ഭാരതകത്തോലിക്കാ സഭയിൽ അങ്ങനെ ഒരു സംവിധാനം കാണാൻ കഴിയില്ല. നമുക്ക് ആസ്ട്രേലിയ, ന്യൂസിലാൻഡ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ പള്ളികളിലെ കണക്കുകൾ (കാനോൻ നിയമവും അതാതു രാജ്യത്തെ നിയമങ്ങളും അന്താരാഷ്ട്ര അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സും അനുസരിച്ചു തയ്യാറാക്കി യിട്ടുള്ള കണക്കുകൾ) ഇന്റർനെറ്റിൽ പരതിയാൽ, ഓഡിറ്ററുടെ സർട്ടിഫിക്കറ്റ് സഹിതം കാണാം. എന്നാൽ, നമ്മുടെ കണ്മുന്നിൽ കാണുന്ന സ്വന്തം ഇടവകപ്പള്ളിയുടെ കണക്കുകൾ ഒരു കാരണവശാലും കാണാൻ കിട്ടുകയില്ല. എന്നുമാത്രമല്ല, അത് ആരെങ്കിലും ചോദിച്ചാൽ അവനെ പള്ളിവിരുദ്ധനായി ഒറ്റപ്പെടുത്തുകയുംചെയ്യും!

ക്രിസ്തുവിനെ നിഷേധിച്ചുപറഞ്ഞാൽ ജീവൻ നിലനിർത്താമായിരുന്നിട്ടും അതിനു തയ്യാറാകാതെ, പതിനായിരക്കണക്കിനു വിശുദ്ധർ ജീവൻ വെടിഞ്ഞു!

# ക്രൈസ്തവവിശ്വാസം നേരിടുന്ന വെല്ലുവിളികൾ

**വർഗീസ് ആന്റണി, തത്തംപള്ളി**

ഫോൺ: 9446172233



**ക്രൈ**സ്തവവിശ്വാസം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെപ്പറ്റിയാണ് എവിടെയും ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത്. ആധുനികലോകം കണ്ടുകൊണ്ടിരിക്കുന്നത് അത്യത്ഭുതകരങ്ങളായ ശാസ്ത്രവിസ്ഫോടനങ്ങളാണ്. നമ്മുടെ പരമ്പരാഗതവിശ്വാസങ്ങളെ അവ അസ്ഥിരപ്പെടുത്തുന്നു. ഒരുപക്ഷേ, പുതിയ കണ്ടുപിടുത്തങ്ങളെല്ലാം പലരെയും ഇന്ന് അസ്വസ്ഥരാക്കുന്നുണ്ടാകാം. എന്നാൽ, ശാസ്ത്രവിജ്ഞാനവും സാങ്കേതികവിദ്യകളും ഈ തലമുറയി

ജറുശലേമിൽ മുഴങ്ങിയ പത്രോസിന്റെ വാക്കുകളെ മുദ്രാവാക്യമാക്കിയ വിശുദ്ധരും സഭാപിതാക്കന്മാരും ഒഴുക്കിയ ചോരച്ചാലിലാണ് കത്തോലിക്കാസഭ വളർന്നുവന്നത്. ഭാരതകത്തോലിക്കാസഭ വിദ്യാഭ്യാസ-ആതുരശുശ്രൂഷാമേഖലകളിൽ നല്കിയ സംഭാവനകൾ ഒരാൾക്കും വിസ്മരിക്കാൻ കഴിയില്ല. എന്നാൽ, ഇന്നത്തെ സഭ ഇതിൽനിന്നെല്ലാം എത്രകണ്ട് വ്യതിചലിച്ചു എന്ന് ആത്മപരിശോധന നടത്തുവാൻ വിശ്വാസികളുടെ ഇടപെടലുകൾ അനിവാര്യമായി വന്നിരിക്കുന്നു.

അതിപുരാതന പള്ളികൾ സഭാധികാരികൾ നിർദ്ദയം പൊളിച്ചുകളയുന്ന കാഴ്ച ഇന്ന് സർവസാധാരണം ആയിക്കൊണ്ടിരിക്കുന്നു. സഭ പൊളിച്ചുകളഞ്ഞ ശിൽപഭംഗിയും ചരിത്രപ്രാധാന്യവുമുള്ള അനേകം പുരാതന ദേവാലയങ്ങളുടെ നിരയിലേക്ക് ഇപ്പോഴിതാ, മൂഴിക്കുളം പള്ളികൂടി എണ്ണപ്പെട്ടിരിക്കുന്നു. പഴയ കൊടുങ്ങല്ലൂർ അതിരൂപതയുടെ ചരിത്രത്തിൽനിന്നു മാറ്റിനിർത്താനാവാത്ത സ്ഥാനംവഹിക്കുന്ന പുരാതനദൈവാലയങ്ങളിലൊന്നാണ് മൂഴിക്കുളം സെന്റ് മേരീസ് ഫൊറോനാ പള്ളി. എറണാകുളം-അങ്കമാലി അതിരൂപതയിലാണ് ഈ ദൈവാലയം ഇന്ന് സ്ഥിതിചെയ്യുന്നത്. രൂപതാരേഖകളനുസരിച്ച്, മിശിഹാക്കാലം 601-ൽ സ്ഥാപിതമായി എന്ന് കാണുന്നു. അതിനും ഒരു നൂറ്റാണ്ടു മുൻപേ ക്രൈസ്തവർ കൊടുങ്ങല്ലൂരിൽ നിന്ന് ഇവിടേക്ക് കുടിയേറി എന്ന് കരുതപ്പെടുന്നു. അന്ന് അങ്കമാലിയിലെ പടിഞ്ഞാറേ പള്ളിമാത്രമാണ് അടുത്തായി ഉണ്ടായിരുന്നത്. അതിനാൽ ഇവിടെ ഒരു ദേവാലയം  സ്ഥാപിക്കുക എന്നത് പൂർവികരുടെ ആവശ്യംകൂടിയായിരുന്നു. ബർണാഡ് തോമ്മ അദ്ദേഹത്തിന്റെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന പുസ്തകത്തിൽ ഈ ദൈവാലയത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ടെന്നും രേഖകൾ പറയുന്നു.

എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തിയാണ് എറണാകുളം-അങ്കമാലി അതിരൂപതയിലെ ഈ പൗരാണികപള്ളി പൊളിച്ചുനീക്കിയത്. വിശ്വാസിസമൂഹത്തെ ചിതറിച്ച് അവരുടെ പ്രതികരണശേഷി നശിപ്പിച്ചതിനുശേഷമായിരുന്നു, നടപടി. പൗലോസ്ശ്ലീഹാ പറഞ്ഞിരിക്കുന്നത്, 'നിങ്ങളെ പടുത്തുയർത്താനാണ്, നശിപ്പി ക്കാനല്ല യേശു  ഞങ്ങൾക്ക് അധികാരം നല്കിയിരിക്കുന്നത്'(2 കോറി. 10: 8) എന്നാണ്. വിശ്വാസികളുടെമേൽ സഭാശുശ്രൂഷകർക്കുള്ള അധികാരത്തിന്റെ സ്വഭാവവും പരിധിയും ഇവിടെ വ്യക്തമാണ്. ഇതിനപ്പുറമായ അധികാരമൊന്നും വിശ്വാസികളുടെമേൽ പ്രയോഗിക്കാൻ ആരെയും യേശു ചുമതലപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ, വിശ്വാസിസമൂഹത്തിനുമേൽ സഭാധികാരികൾ നടത്തുന്ന ചൂഷണങ്ങൾക്കെതിരെ വിശ്വാസികൾതന്നെ മുന്നോട്ട് വന്നില്ലെങ്കിൽ, കത്തോലിക്കാസഭ പുരോഹിതരുടെ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയി മാറുകയും, വിശ്വാസികൾ മറ്റ് പ്രാർത്ഥനാവേദികൾ തേടിപ്പോകേണ്ട അവസ്ഥ ഉണ്ടാകുകയുംചെയ്യും.

ഇതിനൊരു പ്രതിവിധി ആയാണ്  നിർദ്ദിഷ്ട ചർച്ച് ട്രസ്റ്റ് ബിൽ കേരള-ഗവൺമെന്റിനു സമർപ്പിക്കപ്പെട്ടിട്ടുള്ളത്.  ഇത് നിയമമാക്കുവാനുള്ള പരിശ്രമത്തിൽ വിശ്വാസികൾ മുന്നിട്ടിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ലുള്ളവർക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. അതൊരുക്കുന്ന ജീവിതസൗകര്യങ്ങൾ വേണ്ടെന്നുവയ്ക്കാൻ ആർക്കാണ് കഴിയുക? എന്തിനും കാരണം കണ്ടെത്താനുള്ള ശാസ്ത്രഗവേഷണങ്ങൾ അവസാനമില്ലാതെ തുടർന്നുകൊണ്ടിരിക്കും. നിരീക്ഷണങ്ങളും പരിശോധനകളും നമുക്ക് ജന്മസിദ്ധമാണല്ലോ. നാം ഒന്നും അന്ധമായി അംഗീകരിക്കാൻ തയ്യാറല്ല. വിശ്വാസസത്യങ്ങളും ഇതിന്റെ പരിധിയിൽപ്പെടുന്നു.

ഡാർവിൻ എന്ന ശാസ്ത്രജ്ഞന്റെ പരിണാമസിദ്ധാന്തം മനുഷ്യോൽപ്പത്തിയെപ്പറ്റിയുള്ള ക്രൈസ്തവവിശ്വാസത്തിന് എതിരാണെന്ന് സഭ പഠിപ്പിച്ചിരുന്നു. അതുപോലെ ഒന്നായിരുന്നു, ഭൂമി ഉരുണ്ടതാണെന്ന ഗലീലിയോയുടെ കണ്ടുപിടുത്തവും. ഭൂമിയുടെ ഗുരുത്വാകർഷണശക്തിയെപ്പറ്റി ഐസക്ക് ന്യൂട്ടന്റെ ശാസ്ത്രതത്ത്വങ്ങളും ആധികാരികസഭ ഒരിക്കൽ നിരാകരിച്ചിരുന്നു. ഇതൊക്കെ മനുഷ്യബുദ്ധിയെ ത്രസിപ്പിച്ചതല്ലാതെ, വിശ്വാസസംബന്ധമായി മനുഷ്യാത്മാവിന് ഒരു പോറൽപോലും ഏൽപ്പിക്കാൻ പോന്നതായിരുന്നില്ലായെന്ന് നാം ഓർക്കണം. എങ്കിലും, ക്രൈസ്തവ

**യേശുക്രിസ്തു ജനിച്ചുവളർന്ന വിശുദ്ധ നാടുകൾ അക്രൈസ്തവരുടെ അധിനിവേശത്തിൽനിന്ന് മോചിപ്പിക്കാൻ എത്രയെത്ര കുരിശുയുദ്ധങ്ങളാണ് ആധികാരികസഭ നടത്തിയത്! അതൊക്കെ സഭയ്ക്ക് അവമതിയുളവാക്കിയ സംഭവങ്ങളായി ഇന്നു വിലയിരുത്തപ്പെടുന്നു.**

സഭാനേതൃത്വം ശാസ്ത്രജ്ഞന്മാർക്കെതിരെ അന്ന് ആയുധമെടുത്തു. അവരിൽ പലരെയും നിഷ്ഠൂരമായി വധിക്കുകവരെ ചെയ്തു.

യേശുക്രിസ്തു ജനിച്ചുവളർന്ന വിശുദ്ധ നാടുകൾ അക്രൈസ്തവരുടെ അധിനിവേശത്തിൽനിന്ന് മോചിപ്പിക്കാൻ എത്രയെത്ര കുരിശുയുദ്ധങ്ങളാണ് ആധികാരികസഭ നടത്തിയത്! അതൊക്കെ സഭയ്ക്ക് അവമതിയുളവാക്കിയ സംഭവങ്ങളായി ഇന്നു വിലയിരുത്തപ്പെടുന്നു. ഭൗതികശാസ്ത്രങ്ങളൊന്നും നമ്മുടെ വിശ്വാസങ്ങൾക്ക് ഒരിക്കലും എതിരായിരുന്നില്ല.

എന്നാൽ ക്രൈസ്തവസഭയിൽ യേശുവിനെ ധിക്കരിച്ചുനിൽക്കുന്നത് പൗരോഹിത്യമാണ്. വലിയ വെല്ലുവിളികൾ ഉയർത്തി നിലകൊള്ളുന്നത് അവരാണ്. നിശിതവും രൂക്ഷവുമായ ഭാഷയിൽ യേശുനാഥൻ ഇവരെ അപലപിച്ചു പറയുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നു. മത്തായി 23-ാം അദ്ധ്യായം ആദ്യന്തം അതാണ്. നിയമജ്ഞരെയും ഫരിസേയരെയും നേർക്കുനേർ നോക്കിക്കൊണ്ട് നമ്മുടെ കർത്താവ് പറഞ്ഞ വാക്കുകൾ ഇന്നും എന്നും പ്രസക്തമാണ്; അധികാര-നേതൃസ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക്, പ്രത്യേകിച്ചും. 'നിങ്ങൾക്ക് ദുരിതം' എന്ന് ആവർത്തിച്ച് യേശുനാഥൻ അവരെ ശപിച്ചു പറഞ്ഞിരിക്കുന്നു! വിശ്വാസിസമൂഹത്തെ നയിക്കുവാൻ നിയുക്തരായവർക്ക് പ്രത്യേക നിർദേശവും അവിടുന്ന് നൽകിയിരുന്നല്ലോ. 'നിങ്ങൾ എല്ലാവരുടെയും ശുശ്രൂഷകരാകണം, ഒന്നാമൻ ആകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനാകണം'. മറ്റുള്ളവർ സത്യവിശ്വാസം പ്രതിഫലിച്ചു കാണേണ്ടത് ഇങ്ങനെയുള്ളവരിലൂടെയാണ്. പ്രതലം പരിശുദ്ധവും തെളിമയും ഉള്ളതല്ലെങ്കിൽ പ്രതിഫലനം വികൃതമായിരിക്കും. തീർച്ചയായും ഈ തെളിമയില്ലായ്മ സഭകൾക്കിന്ന് പൊതുസമൂഹത്തിനു മുമ്പിൽ വലിയ വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്നു.

മത്തായി 23: 1-12 വരെയുള്ള വാക്യങ്ങളിൽ കർത്താവ് 'അരുത്' എന്നു പ്രത്യേകം പറഞ്ഞു വിലക്കിയിട്ടുള്ളതെല്ലാം ഇന്ന് നടപ്പാക്കപ്പെട്ടിരിക്കുകയാണ്. സമൂഹമദ്ധ്യേ നമുക്കത് വെല്ലുവിളിയാകുമെന്നുള്ളത് നിസ്തർക്കമായ കാര്യമാണ്.

ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെപ്പറ്റി സംക്ഷിപ്തമായി പറയട്ടെ: അവയ്ക്ക് ദൈവകല്പനകളുടെ പ്രകടമായ നിഷേധസ്വഭാവമാണുള്ളത്. ഏകദൈവത്തിലുള്ള വിശ്വാസവും ആരാധനയും പലതിലേക്കും പലരിലേക്കും ഇന്ന് വിന്യസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിഗ്രഹാരാധന തത്ത്വത്തിൽ നാം നിഷേധിക്കുന്നുണ്ടെങ്കിലും സത്യത്തിൽ അതാണോ സംഭവിക്കുന്നത്? വിശ്വാസജീവിതം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണത്.

നമ്മുടെ ആരാധനാലയങ്ങൾ പ്രശസ്തിയുടെ ഗോപുരങ്ങളായി കെട്ടി ഉയർത്തപ്പെടുമ്പോൾ സാധാരണ ജനങ്ങൾക്ക് അത് വ്യയഹേതുകവും ഭീതിജനകവുമാകുന്നു. 'ശിലോകയിലെ ഗോപുരം' ഇടിഞ്ഞു വീണപ്പോൾ അവിടെ ജീവൻ ഹോമിക്കപ്പെട്ടത് നിർദ്ദോഷികളായ സാധാരണ ജനങ്ങളുടേതായിരുന്നു എന്ന് യേശുനാഥൻതന്നെ പറയുന്നുണ്ട്. വിശ്വാസികൾക്കെല്ലാം അത് വെല്ലുവിളിയാകുമെന്ന് ഫ്രാൻസീസ് മാർപാപ്പ ഈ അടുത്ത നാളിൽ ഓർമ്മിപ്പിച്ചിരുന്നല്ലോ.

ദേവാലയങ്ങൾ നാണയമാറ്റത്തിന്റെയും കച്ചവടത്തിന്റെയും സങ്കേതങ്ങളാകുമ്പോൾ ഭയാശങ്കകൾക്ക് അത് കാരണമാകുന്നു. യേശുനാഥൻ ക്രുദ്ധനായി ചാട്ടവാറുപയോഗിച്ച ഒരേയൊരു സന്ദർഭമേ ഉണ്ടായിട്ടുള്ളൂ. "ജറുസലേം ദേവാലയം കല്ലിന്മേൽ കല്ല് ശേഷിക്കാതെ നശിപ്പിക്കപ്പെടും" എന്ന് യേശുനാഥൻ അന്ന് പ്രവചിച്ചിരുന്നതാണ്. ഇന്ന് ലോകത്തിൽ പലയിടങ്ങളിലും നമ്മുടെ ആരാധനാലയങ്ങൾ ആളൊഴിഞ്ഞ് അനാഥാവസ്ഥയിലാണ്. 'കത്തോലിക്കാ സഭ 2000 വർഷങ്ങൾക്കു ശേഷം' എന്ന ഗ്രന്ഥത്തിൽ റാൽഫ് മാർട്ടിൻ എന്ന പ്രശസ്ത സഭാപണ്ഡിതൻ ഇതേപ്പറ്റി വിവരിക്കുന്നുണ്ട്. അതിന് ഉപോൽബലകമായി അടുത്ത കാലത്ത് ഉണ്ടായ ചില സംഭവവികാസങ്ങളും അദ്ദേഹം നിരത്തിവയ്ക്കുന്നു.

1993-ൽ റുവാണ്ട എന്ന ആഫ്രിക്കൻ രാജ്യത്ത് വംശീയകലാപങ്ങളിൽ മരിച്ചത് 3 ലക്ഷത്തോളം കത്തോലിക്കരാണ്; അവിടുന്ന് പ്രാണരക്ഷാർത്ഥം പലായനം ചെയ്തവർ അതിലും എത്രയോ അധികം! ശേഷിച്ചവർ മുസ്ലീംമതം സ്വീകരിച്ചു. ഇന്ന് നമ്മുടെ വിശുദ്ധ നാടുകൾ പലതും മുസ്ലീം ആധിപത്യത്തിൻ കീഴിലാണ്. യൂറോപ്യൻ രാജ്യങ്ങളിലെല്ലാം കമ്മ്യൂണിസത്തിന്റെയും വംശീയ ഫാസിസത്തിന്റെയും തേർവാഴ്ചയാണ്. ക്രൈസ്തവ വിശ്വാസം അവിടെയെല്ലാം നിർവീര്യമായിരിക്കുന്നു. കത്തോലിക്കാരാജ്യമെന്ന് നാം അവകാശപ്പെടുന്ന ഇറ്റലിയുടെ കാര്യം മറ്റൊന്നാണ്. ലോകത്തിൽ ഏറ്റവും

# അഭിവന്ദ്യ 'പിതാക്ക'ന്മാരോട്!



ഇന്നോളം, ഇടയലേഖനങ്ങൾവഴി നിങ്ങൾ ഞങ്ങളോട് പറയുന്നതെല്ലാം ഞങ്ങൾ കേൾക്കുകയായിരുന്നു. ഇതുവരെ ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ കേട്ടിട്ടില്ല. അതിനുള്ള ഒരു സംവിധാനവും സഭയിൽ നിലവിലില്ലതാനും.

യേശുവിന്റെ പരസ്യജീവിതത്തിലെ മൂന്നു വർഷവും യേശു എല്ലാവരെയും കേട്ടിരുന്നു; മാത്രമല്ല, എല്ലാ വിഷയങ്ങളിലും അവിടുന്ന് സുവ്യക്തമായ അഭിപ്രായങ്ങൾ പറയുകയും നിലപാടുകൾ എടുക്കുകയും ചെയ്തിരുന്നു. ഒരിക്കലും അവൻ രണ്ടു തോണിയിൽ കാൽ വെച്ചില്ല. ഉറച്ച നിലപാടുകൾ എടുക്കുന്നതിൽനിന്നും ഓടിയൊളിച്ചുമില്ല. അവൻ തലോടേണ്ടവരെ തലോടുകയും തല്ലേണ്ടവരെ തല്ലുകയും ചെയ്തു. അതുകൊണ്ടാണ് ഇന്നും ഞങ്ങൾ അവനെ നെഞ്ചേറ്റുന്നത്.

ആ ക്രിസ്തുവിന്റെ സഭയിലെ മെത്രാന്മാരായ നിങ്ങളെന്തേ, കന്യാസ്ത്രീപീഡനവിഷയത്തിൽ ആദ്യമെല്ലാം നിലപാടുകൾ ഇല്ലാത്തവരായി മാറിനിന്നു. പിന്നീടെന്തുകൊണ്ട് നീതിക്കുവേണ്ടി പോരാടിയവരെ തള്ളിപ്പറയുകയും വേട്ടക്കാരനുവേണ്ടി നിലപാടെടുക്കുകയുംചെയ്തു? ഇതാണോ നിങ്ങൾ ഞങ്ങളെ പഠിപ്പിച്ച ക്രിസ്തീയമാർഗം?

സുവിശേഷഭാഗ്യങ്ങൾ എട്ട് - 'നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാക്കപ്പെടും' - ഇതു നിങ്ങൾതന്നെ ഞങ്ങളെ പഠിപ്പിച്ചതാണ്. എന്നിട്ട്, സ്വന്തം ജീവിതവും കുടുംബവും ക്രിസ്തുവിനും അവന്റെ സഭയ്ക്കുംവേണ്ടി മാറ്റിവെച്ചവർ നീതിക്കുവേണ്ടി നിങ്ങളുടെ അരമനയുടെ വാതിൽക്കൽ മുട്ടിയപ്പോൾ നിങ്ങളെന്തേ,

കുറഞ്ഞ ജനനനിരക്ക് (1.2 ശതമാനം) അവിടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കുടുംബജീവിതത്തിന്റെയും സദാചാരനിഷ്ഠയുടെയും മാനദണ്ഡമോ മാപിനിയോ അതാകുമെങ്കിൽ ക്രൈസ്തവവിശ്വാസത്തിന് അവിടെ ഏറ്റിരിക്കുന്ന ആഘാതം ആഗോളസഭയ്ക്കുണ്ടായ വെല്ലുവിളിയായിത്തന്നെ നാം ഏറ്റെടുക്കണം. സഭയിൽ അനാശാസ്യപ്രവർത്തനങ്ങൾക്ക് വിധേയരായവർക്ക് ലാറ്റിൻ അമേരിക്കയിലും അമേരിക്കൻ ഐക്യനാടുകളിലും നീതിന്യായ കോടതികളിൽനിന്ന് അനുവദിച്ച് നൽകിയ നഷ്ടപരിഹാരം അവിടെ പല കത്തോലിക്കാ രൂപതകളെയും ഇന്ന് പാപ്പരാക്കിയിരിക്കുന്നു. ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ അടുത്തകാലത്തുണ്ടായ കോടതിവിധികൾ പലതും ആധികാരികസഭയ്ക്ക് പ്രതികൂലമായിരുന്നുവല്ലോ.

അന്തഃഛിദ്രങ്ങളും അഭിപ്രായവ്യത്യാസങ്ങളും സമന്വയത്തിലൂടെയും അനുരഞ്ജനത്തിലൂടെയും പരിഹരിക്കാതെ, വിജാതീയകോടതികളെ ആശ്രയിക്കേണ്ടതായി വരുന്ന അത്യപകടകരമായ പ്രവണത നമ്മുടെ വിശ്വാസങ്ങൾക്ക് അടുത്തകാലങ്ങളിൽ ഉയർന്നുവരുന്ന വലിയ വെല്ലുവിളിയാണ്. ഇതിൽനിന്നെല്ലാം സ്പഷ്ടമാകുന്ന ഒരു വസ്തുത, ക്രൈസ്തവവിശ്വാസങ്ങൾക്കെതിരെ ഉയർന്നുവരുന്ന വെല്ലുവിളികൾ ബാഹ്യമായവയല്ല, ആന്തരികമാണ് എന്നതാണ്. കാലാകാലങ്ങളിൽ വിശ്വാസത്തിനെതിരെ ഉയർന്ന വെല്ലുവിളികളെ ഫലവത്തായി എതിർത്തു തോൽപ്പിച്ചത് സഭയിലുണ്ടായിരുന്ന വിശുദ്ധരായിരുന്നു. യേശുനാഥൻ കാണിച്ചുതന്ന വഴികളാണ് അവർ പിൻചെന്നത് - പീഡാസഹനങ്ങളുടെയും രക്തസാക്ഷ്യത്തിന്റെയും വഴികൾ; കുരിശിന്റെ വഴികൾ. അതൊക്കെ നമുക്ക് മാതൃകാപരമാണ്.

എന്നാൽ സഹനത്തിന്റെ ദൈന്യതയല്ല; മറിച്ച്, ഉയിർപ്പിന്റെ മഹത്വമാണ് നാം ലോകത്തിൽ വിളംബരം ചെയ്യേണ്ടത്. ദൈവസ്നേഹം വിശ്വാസികളുടെ ജീവിത മാതൃകയിലൂടെയാണ് ലോകം അറിയേണ്ടത്. ആദിമസഭയുടെ വളർച്ചയ്ക്ക് നിദാനമായത് അതുമാത്രമാണ്. **സ്നേഹം,** ക്ഷമയുടേതാണ്, സഹിഷ്ണുതയുടേതാണ്, സഹനത്തിന്റേതാണ്. അത് ആദ്യന്തം സ്വർഗ്ഗീയ രക്ഷയുടെ മാർഗ്ഗമായി വേണം ലോകം അറിയാൻ. **ഓർക്കുക: സഹനം വെറും വേദനയാകരുത്, സംതൃപ്തിജനകമായി സ്വർഗ്ഗസായൂജ്യത്തിലേക്ക് നമ്മെ നയിക്കുന്നതാകണം. യേശുനാഥന്റെ കാൽവരിയിലെ കുരിശുമരണത്തിന്റെ സന്ദേശമതാണ്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം അതാകുമെങ്കിൽ ഒരു വെല്ലുവിളിയെയും നാം ഭയക്കേണ്ടതില്ല.**

●

**കാലം മാറി, ലോകവും. ജനങ്ങൾ തെറ്റും ശരിയും തിരിച്ചറിയാൻ തുടങ്ങി. തെറ്റുകൾക്കുനേരെ വിരൽ ചൂണ്ടുവാനും ചോദ്യംചെയ്യുവാനും തുടങ്ങി. നിങ്ങൾ ഇനിയെങ്കിലും കണ്ണു തുറന്നു ചുറ്റും നോക്കണം.**

അവർക്കുനേരെ നിങ്ങളുടെ വാതിലുകൾ കൊട്ടിയടച്ചു? അവരുടെ കണ്ണുനീർ തെരുവിൽ വീണപ്പോൾ, എന്തേ അവരെ തള്ളിപ്പറഞ്ഞു?

ഒരു സമൂഹത്തിലെ കുറച്ചുപേരെ ക്രമരഹിതമായി (at random) തിരഞ്ഞെടുത്താൽ അതിൽ കുറച്ചു ക്രിമിനൽ മനസ്സുള്ളവർ ഉണ്ടാവും; അത് തികച്ചും സ്വാഭാവികമാണ്. അതുപോലെതന്നെ, ഈ സമൂഹത്തിൽ നിന്നു വരുന്ന കുറെ വൈദികരിലും ക്രിമിനൽ വാസനകൾ ഉണ്ടാവുക സ്വാഭാവികം. അത് ഞങ്ങൾ വിശ്വാസികൾക്കു മനസ്സിലാകും. ഇവിടെ ആരായാലും ചെയ്യേണ്ടത്, ആ ക്രിമിനലുകൾ വെളിച്ചത്തു വരുമ്പോൾ അവരെ തള്ളിപ്പറയുകയും ഈ രാജ്യത്തെ നിയമത്തിനു വിട്ടുകൊടുക്കുകയുമാണ്. സഭയുടെ കാര്യത്തിലും ഇതുതന്നെയാണ് ശരി. അങ്ങനെയെങ്കിൽ, സമൂഹമനഃസാക്ഷിയും വിശ്വാസ്യതയും എന്നും സഭയുടെ കൂടെയുണ്ടാവും.

പക്ഷേ സങ്കടകരമായ കാര്യം, ഈ ക്രിമിനലുകളെ മുഴുവൻ സഭ ഇന്നോളം സംരക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നതാണ്. അതുവഴി വിശുദ്ധിയിൽ ജീവിക്കുന്ന അനേകം വൈദികരുടെയും സന്യസ്തരുടെയുംമേൽ കരിനിഴൽ വീഴ്ത്തുകയാണ് സഭ. എന്നിട്ടു നിങ്ങൾ വിലപിക്കുന്നു, സഭ ആക്രമിക്കപ്പെടുന്നു എന്ന്! സഭയിലെ ക്രിമിനലുകളെ എതിർക്കുമ്പോൾ എങ്ങനെയാണത് സഭയ്ക്കെതിരാവുന്നത്?

ഇതിനെല്ലാം തുടക്കംകുറിച്ചത് 25 വർഷങ്ങൾക്കുമുൻപ് കൊന്നു കിണറ്റിലെറിഞ്ഞ സിസ്റ്റർ അഭയ എന്ന സഹോദരിയോട് നിങ്ങൾ ചെയ്ത കൊടിയ അനീതിയിൽ നിന്നാണ്. അത് ചെയ്ത ക്രിമിനലുകളെ രക്ഷിക്കാൻ സഭയുടെ എല്ലാ സംവിധാനങ്ങളും നിങ്ങൾ ഉപയോഗിച്ചു. തെളിവുകളെല്ലാം ഇല്ലാതാക്കി. പണവും സ്വാധീനവും ഉപയോഗിച്ച് നീതിയുടെ കണ്ണ് നിങ്ങൾ മൂടിക്കെട്ടി. ഈ രാജ്യത്തെ പരമോന്നത അന്വേഷണ ഏജൻസിയായ സി.ബി.ഐ. കുറ്റക്കാരെന്നു പറഞ്ഞ് അറസ്റ്റുചെയ്തവരെ പരസ്യമായി പിന്തുണച്ചു, അവർക്കുവേണ്ടി നിങ്ങൾ നിയമപോരാട്ടം നടത്തി. ഇനിയും കുറ്റവിമുക്തരാക്കപ്പെട്ടിട്ടില്ലാത്ത അവരെ നിങ്ങൾ സഭയുടെ ഉന്നത സ്ഥാനങ്ങളിൽ അവരോധിച്ചു. ക്രിസ്തുവിനെ ക്രൂശിക്കാൻ വിട്ടുകൊടുത്ത് നിങ്ങൾ ബറാബാസുമാരെ സ്വീകരിച്ചു.

ഈ ഒരു സംഭവത്തോടെ സഭയിലെ ക്രിമിനലുകൾക്ക് ഒരു കാര്യം മനസ്സിലായി – അവർ എന്ത് തെമ്മാടിത്തരം കാണിച്ചാലും സഭ തങ്ങളെ സംരക്ഷിച്ചുകൊള്ളും എന്ന്! ഇതാണ് തൃശൂരും കൊട്ടിയൂരും മറ്റനേകം സ്ഥലങ്ങളിലും നമ്മൾ കണ്ടത്. 16 വയസ്സുള്ള പെൺകൊച്ചിനെ ഗർഭിണിയാക്കി, അതിന്റെ പ്രസവം സഭയുടെ ആശുപത്രിയിൽ നടത്തി, കൊച്ചിനെ സഭയുടെ അനാഥാലയത്തിൽ ഏൽപ്പിച്ചു! ഇതെല്ലം ആ ഒരു ക്രിമിനൽമാത്രം അറിഞ്ഞു ചെയ്ത കാര്യമല്ല, സഭയുടെ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് ചെയ്തതാണ്. ഇതിനുള്ള ധൈര്യം ഈ ക്രിമിനലുകൾക്ക് എവിടന്നു കിട്ടി? സിസ്റ്റർ അഭയയുടെ കൊലപാതകത്തിൽനിന്നുതന്നെ; തങ്ങൾ എന്ത് ചെയ്താലും സഭ സംരക്ഷിക്കും എന്ന വിശ്വാസത്തിൽനിന്നുതന്നെ.

തെറ്റുപറ്റി എന്ന് അംഗീകരിക്കാനുള്ള സഭാധ്യക്ഷന്മാരുടെ മടിയാണ്, എല്ലായിടത്തും കാര്യങ്ങൾ ഇത്ര കൈവിട്ടുപോവുന്ന അവസ്ഥയിൽ എത്തിയതിനും സമൂഹമധ്യത്തിൽ സഭ ഇതുപോലെ വിചാരണ ചെയ്യപ്പെടുന്നതിനും കാരണം. മാർപാപ്പപോലും സഭയുടെ തെറ്റുകൾ ഏറ്റുപറയുമ്പോൾ, ഈ കൊച്ചു കേരളത്തിൽ സംഭവിക്കുന്ന തെറ്റുകൾ സമ്മതിക്കാൻ നിങ്ങൾക്കെന്താണ് ഇത്ര പ്രയാസം? എന്തിനാണ് ഈ ക്രിമിനലുകളെ സംരക്ഷിക്കുന്നത്? ന്യൂനപക്ഷമായ ക്രിമിനലുകളെ സംരക്ഷിക്കുകവഴി ലക്ഷക്കണക്കിനു വിശ്വാസികളുടെ വിശ്വാസത്തെയാണ് നിങ്ങൾ ചവിട്ടിമെതിക്കുന്നത്.

കാലം മാറി, ലോകവും. ജനങ്ങൾ തെറ്റും ശരിയും തിരിച്ചറിയാൻ തുടങ്ങി. തെറ്റുകൾക്കുനേരെ വിരൽ ചൂണ്ടുവാനും ചോദ്യംചെയ്യുവാനും തുടങ്ങി. നിങ്ങൾ ഇനിയെങ്കിലും കണ്ണു തുറന്നു ചുറ്റും നോക്കണം.

നിങ്ങളും നിങ്ങളുടെ ചുറ്റുമുള്ള കുറച്ചു സ്തുതിപാഠകരും മാത്രമല്ല സഭ. അത് ഞങ്ങൾ ലക്ഷക്കണക്കിന് വിശ്വാസികൾ ചേർന്നതാണ്; ഞങ്ങളുടെ ചോരയും നീരുമാണ്. വിശ്വാസികളെ അംഗീകരിക്കാനും മാനിക്കാനും അവരുടെ വികാരങ്ങളും ചിന്തകളും മനസ്സിലാക്കാനും ഇനിയെങ്കിലും ശ്രമിക്കുക; അല്ലെങ്കിൽ വയനാട് കാരയ്ക്കാമലപള്ളിയിലെ പാരിഷ് കൗൺസിൽ ഓഫീസിന്റെ വാതിൽ ചവിട്ടിപ്പൊളിച്ചതുപോലെ, അരമനയുടെ വാതിലുകളും ചവിട്ടിപ്പൊളിച്ചു വിശ്വാസികൾ വരും. അപ്പോൾ സഭയെ ആക്രമിക്കുന്നു എന്നു പറയരുത്.

പ്രിയപ്പെട്ട പിതാക്കന്മാരേ, നിങ്ങൾ ഇനിയെങ്കിലും നിങ്ങളുടെ കൊട്ടിയടയ്ക്കപ്പെട്ട അരമനയുടെ വാതിലുകളും ജനലുകളും തുറക്കുക. ദന്തഗോപുരങ്ങളിൽനിന്ന് സാധാരണക്കാരുടെ ഇടയിലേക്ക് ഇറങ്ങി വരിക; നിങ്ങൾ ഞങ്ങളുടെ അഭിപ്രായങ്ങളും ഒന്ന് ശ്രവിക്കുക. ശരിയും തെറ്റും നോക്കാതെ കൂട്ടത്തിൽപ്പെട്ട ഒരുവനെ സംരക്ഷിക്കാൻ ചാടിപ്പുറപ്പെടുന്നതിനുമുൻപ്, സത്യത്തിനും നീതിക്കുംവേണ്ടി ജീവിച്ചു മരിച്ച് ഉയിർത്തെഴുന്നേറ്റവന്റെ ക്രൂശിതരൂപത്തിലേക്ക് ഒന്നു നോക്കുക.. ഒഴുകിയിറങ്ങുന്ന ആ ചോര നമുക്ക് കാണിച്ചുതരും, ശരിയും തെറ്റും. അവൻ നമുക്കു പകരും, തെറ്റിനെ തെറ്റാണെന്നു ചൂണ്ടിക്കാണിക്കുവാനുള്ള ധൈര്യം.

ഒരു സാധാരണ വിശ്വാസിക്ക് കർത്താവു സമീപസ്ഥനാണ്, പക്ഷേ മെത്രാന് അല്ല. ഇനിയെങ്കിലും സാധാരണക്കാരായ വിശ്വാസികളുടെ അടുത്തേക്ക് നിങ്ങൾ ഇറങ്ങി വരിക. ഒരു ഹൃദയബന്ധം ഉണ്ടാക്കുക.

(കടപ്പാട്: Church Act Council -വാട്ട്സാപ്പ് ഗ്രൂപ്പിൽ വന്ന ഒരു പോസ്റ്റ്) ●

# അവഹേളിക്കാൻ സഭയെ വിട്ടുകൊടുത്തത് ആരാണ് ? ഞാനല്ല, മേലാളന്മാരുതന്നെയാണ്

**മനോജ് കെ. എബ്രാഹം**

ബാലപീഡകരെ സംരക്ഷിച്ചതും ഒളിപ്പിച്ചതും ഞാനല്ല, നിങ്ങളുമല്ല; അവിഹിതഗർഭത്തിൽ കുഞ്ഞ് ഉണ്ടായപ്പോൾ അത് പിതാവ് മകളെ പ്രാപിച്ച് ഉണ്ടായതാണെന്ന് പറഞ്ഞത് ഞാനോ നിങ്ങളോ അല്ല; ഇറ്റാലിയൻ നാവികരെ വെറുതെ വിടണം എന്ന് പറഞ്ഞ് സഭയെ അപഹാസ്യമാക്കിയത് ഞാനല്ല, നിങ്ങളുമല്ല; വസ്തുവില്പനയും നികുതി വെട്ടിപ്പും നടത്തിയതും കൂട്ടുനിന്നതും ഞാനോ നിങ്ങളോ അല്ല.

'എന്നെ ശിക്ഷിക്കാൻ വത്തിക്കാനേ അധികാരമുള്ളു' എന്ന് കോടതിയിൽ ധിക്കാരം പറഞ്ഞ് കേരളക്രൈസ്തവരെ നാണംകെടുത്തിയത് ഞാനോ നിങ്ങളോ അല്ല. ഇതെല്ലാം ചെയ്തത് ഇവിടുത്തെ സഭാധ്യക്ഷന്മാരാണ്.

കന്യാസ്ത്രീ പരാതി പറഞ്ഞിട്ടില്ല എന്ന് പരസ്യമായി നുണ പറഞ്ഞത്, മേജർ ആർച്ചുബിഷപ്പ്, കർദ്ദിനാൾ ജോർജ് ആലഞ്ചേരിയാണ്, നമ്മളാരുമല്ല.

ഫ്രാങ്കോയെന്ന ക്രിമിനലിനൊപ്പമാണ് സഭ എന്ന പ്രതീതി സൃഷ്ടിച്ച് സഭയെ നാറ്റിച്ചതും ഞാനോ നിങ്ങളോ അല്ല; റോബിനും ഫ്രാങ്കോയ്ക്കും സെഫിക്കും ഒക്കെവേണ്ടി തെളിവുകൾ നശിപ്പിക്കുകയും നുണകൾ പ്രചരിപ്പിക്കുകയുംചെയ്ത പ്രമാണിമാർതന്നെയാണ്.

കുമ്പസാരരഹസ്യം പുറത്താക്കി ആത്മഹത്യയുടെ വഴിയിലേക്ക് സ്ത്രീകളെ തള്ളിവിട്ടതും, കുമ്പസാരരഹസ്യംവച്ച് ബ്ളാക്ക് മെയിൽചെയ്ത് പീഡനങ്ങൾ നടത്തിയതും നിങ്ങളും ഞാനുമല്ല; വൈദികർതന്നെയാണ്.

വന്ധ്യംകരണം നടത്തിയശേഷം വൈദികവൃത്തിയിലേക്ക് ഉയർത്തണ്ട അവസ്ഥയിലേക്ക് നിങ്ങളാണ് അജപാലകരേ, നിങ്ങളെ താഴ്ത്തിയത്. ഈ തരംതാഴലിന്റെ അപമാനം നിങ്ങളാണ് ഞങ്ങൾക്ക് ഉണ്ടാക്കിയത്. പുഴുക്കുത്ത് വീണവയെ പറിച്ചുമാറ്റുകതന്നെ വേണം; റോബിനും ഫ്രാങ്കോയുമൊന്നും സഭയിൽ ഒരു രൂപത്തിലും വേണ്ട.

ഞങ്ങൾ ഇരയോടൊപ്പമാണ്; അത് കന്യാസ്ത്രീയായാലും വീട്ടമ്മയായാലും വിദ്യാർഥിനിയായാലും. അവരോടൊപ്പം, അവരുടെ കുടുംബത്തോടൊപ്പം നില്ക്കാൻ നിങ്ങൾ ഒരിക്കലും തയ്യാറായിട്ടില്ല. അതുണ്ടാകാത്തിടത്തോളം കാലം നിങ്ങളെ നികൃഷ്ടജീവികൾ എന്ന് വിളിച്ചത് വളരെ ശരിയായിരുന്നു എന്ന് പറയാതെ വയ്യ. രാജാവ് നഗ്നനാണ് എന്ന് പറയാനുള്ള തന്റേടവും ആർജവവും എനിക്കും നിങ്ങൾക്കും ഉണ്ടായേതീരൂ. അതില്ലാത്തിടത്തോളംകാലം അവമതിയിൽ നിന്ന് അവമതിയിലേക്ക് സഭ കൂപ്പുകുത്തിക്കൊണ്ടേയിരിക്കും. അതിന് പരിഹാരപ്രദക്ഷിണമോ പ്രാർഥനയോ നടത്തി ഞങ്ങളെ ഇനിയും നാണം കെടുത്തരുത്.

സ്വന്തം താമസസ്ഥലത്തിന് 'അരമന' എന്ന പേരുകണ്ട് സ്വയം രാജാവെന്ന് ധരിച്ച്, പഴയ നാടകത്തിലെ കളർഫുൾ വസ്ത്രവും അണിഞ്ഞ് വിഡ്ഢിത്തം പുലമ്പുന്ന ആലഞ്ചേരിമാരെയല്ല ഇന്നു സഭയ്ക്കാവശ്യം; മറിച്ച്, ലളിതജീവിതം നയിച്ച് മാതൃകയാവുന്ന, അരമനയിൽനിന്നും അന്തപ്പുരത്തിൽനിന്നും താഴേക്ക് ഇറങ്ങിവരാൻ തയ്യാറാവുന്ന അജപാലകരെയാണ്. അന്ധരായ ആലഞ്ചേരിമാർക്കു കേരളസഭയെ കുഴിയിലേക്കേ നയിക്കാൻ കഴിയൂ? ●

## ഒരു സന്തോഷം!

പേരു വെളിപ്പെടുത്താനിഷ്ടപ്പെടാത്ത, കേരളത്തിൽത്തന്നെയുള്ള ഒരു അഭ്യുദയകാംക്ഷി 'സത്യജ്വാല'യ്ക്ക് 2 ലക്ഷം രൂപ സംഭാവനനൽകി എന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു. ആ സന്തോഷം എല്ലാവരുമായി പങ്കുവയ്ക്കുകയുംചെയ്യുന്നു. സത്യജ്വാലയ്ക്കു ലഭിച്ച വലിയ ഒരു അംഗീകാരമായി ഇതിനെ വിനയപൂർവ്വം കാണുകയാണ്.

-എഡിറ്റർ



# ആരാണ് സഭയെ ഈ പതനത്തിലെത്തിച്ചത്?

എ. വി. ജയിംസ്

നമ്മുടെ സഭയുടെ ഈ ദുർദിനങ്ങളിൽ മൗനിയായിരിക്കാനാവുന്നില്ല. 'എന്തെന്നാൽ ഞാൻ വാക്കുകൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. എന്നിലെ ചൈതന്യം എന്നെ നിർബന്ധിക്കുന്നു' (ജോബ്; 32: 18). ആരാണ് സഭയെ ഈ പതനത്തിലെത്തിച്ചത്? പുരോഹിതരാണെന്നാണ് ഉത്തരമെങ്കിൽ, ക്ഷമിക്കണം, അതു പൂർണശരിയല്ല. ഇതിനു ഉത്തരവാദികൾ അല്മായവിശ്വാസികളാണ്! അത്ഭുതപ്പെടേണ്ട, അല്മായർതന്നെ!

'താൻ ഇരിക്കേണ്ടയിടത്തിൽ താൻ ഇരുന്നില്ലെങ്കിൽ അവിടെ നായ് ഇരിക്കും' എന്ന ആപ്തവാക്യം അവർ മറക്കുകമാത്രമല്ല, ആ നായയെ തങ്ങളുടെ സിംഹാസനത്തിലിരുത്തി, വെൺകൊറ്റക്കുട ചൂടിച്ച്, അപദാനഗീതികൾ പാടിപ്പുകഴ്ത്തി, പാദപൂജ ചെയ്തു.

സഭാസമൂഹത്തിലെ ലൗകികകർത്തവ്യങ്ങളുടെ നിർവഹണച്ചുമതല അല്മായരുടേതാണ്. 'ലൗകികമായ കർത്തവ്യങ്ങളും പ്രവർത്തനങ്ങളും മുഴുവനായിട്ടല്ലെങ്കിലും പ്രധാനമായും അത്മായരുടേതാണ്' എന്നത് വത്തിക്കാൻ സൂന്നഹദോസിന്റെ നിർദ്ദേശമാണ്. എന്നിട്ട് ഇവിടെയോ? അല്മായനെ ചവുട്ടിപ്പുറത്താക്കിയിട്ട് സഭാസമൂഹത്തിന്റെ സമ്പത്തപ്പാടെ കൈക്കലാക്കിയ പുരോഹിതവർഗ്ഗം, നമ്മുടെ അമ്മയായ സഭയെ പൊതുസമൂഹത്തിന്റെമുമ്പാകെ അവഹേളിതയും പരിഹാസപാത്രവുമാക്കി. പുരോഹിതരുടെ സ്ഥാനം എവിടെയെന്ന് ചൂണ്ടിക്കാണിക്കാനുള്ള ധൈര്യം അല്മായർക്ക് നഷ്ടമായതാണ് ഇന്നത്തെ ഈ പതനത്തിനു കാരണം.

'പാപപരിഹാരാർത്ഥം ബലികളും കാഴ്ചകളും സമർപ്പിക്കാൻ നിയുക്തരാണ് വൈദികർ' എന്ന വത്തിക്കാൻ സൂന്നഹദോസിന്റെ കല്പനയെ ചവറ്റുകുട്ടയിലെറിഞ്ഞിട്ട്, സമൂഹത്തിന്റെ നേർക്ക് പേപ്പട്ടിയെപ്പോലെ ഭ്രാന്തമായി കുരച്ചുചാടുന്ന വൈദികവേഷധാരികളാണ് ഇന്നീ സഭയുടെ ശാപം.

'യേശുക്രിസ്തുവിന്റെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്ന പലരുമുണ്ട്. അവരുടെ അവസാനം നാശമാണ്, ഭൗമികവസ്തുക്കളിൽ മനസ്സ് ഊന്നി ലജ്ജാകരമായതിൽ അവർ അഭിമാനം കൊള്ളുന്നു' (ഫിലി. 18-19 ) എന്ന വചനം സാർത്ഥകമാകുന്നത്, CCTV എന്ന ഭൗമികവസ്തുവിൽ മനസ്സ് ഊന്നി; സ്വമാതാവിന്റെ പ്രായത്തിലുള്ള സ്ത്രീകളെ ലജ്ജാകരമായി അപമാനിക്കുന്നതിൽ അഭിമാനം കൊള്ളുന്നവർ സഭ്യേതരദുഃസൂചനകളടങ്ങുന്ന പദപ്രയോഗങ്ങൾ നടത്തുമ്പോഴാണ്.

ഇത്തരം വികല പുരോഹിതപുംഗവന്മാരെ അകക്കണ്ണുകൊണ്ട് കാലങ്ങൾക്കപ്പുറത്തുനിന്ന് കണ്ടതുകൊണ്ടാകാം ഹോശേയ ദീർഘദർശി ശാപതുല്യമായ വാക്കുകൾ ഉരുവിട്ടത്: 'അല്ലയോ പുരോഹിതാ, എന്റെ കലഹം നിന്നോടാണ്. നീ രാവും പകലും ഇടറി വീഴും' (ഹോശേയാ 4: 4). ഇത്തരക്കാരുടെ ദുഷ്ചെയ്തികൾ സംഭവിക്കുമെന്നറിഞ്ഞിട്ടാകണം, 'നിങ്ങൾനിമിത്തം ദൈവത്തിന്റെ നാമം വിജാതീയരുടെയിടയിൽ ദുഷിക്കപ്പെടുന്നു' (റോമാ 2: 24) എന്നും എഴുതപ്പെട്ടിട്ടുള്ളത്.

ഇത്തരം വികലബുദ്ധികളെ നിയന്ത്രിക്കുവാൻ ചുമതലപ്പെട്ടവർ 'കുട്ടിക്കുരങ്ങിനെക്കൊണ്ട് ചുടുചോറ് വാരിക്കുന്ന' നയമാണ് സ്വീകരിക്കുന്നതെന്നതാണ് മറ്റൊരു ദുരന്തം. 'നിന്റെ സഹോദരൻ പാപം ചെയ്താൽ അയാളെ ശാസിക്കുക' എന്ന വചനത്തെ യാഥാർത്ഥ്യമാക്കുന്നവരെ സഭാവിരുദ്ധരെന്നു ചാപ്പകുത്തി 'ഫത്‌വ' പുറപ്പെടുവിക്കുന്നതും ഈ പതനത്തിന് ആക്കംകൂട്ടുന്നുണ്ട്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് അസന്ദിഗ്ധമായി കല്പിക്കുന്നു, 'വൈദികർ അഭിഷിക്തരായിരിക്കുന്നതു സുവിശേഷം പ്രസംഗിക്കാനും വിശ്വാസികളെ പരിപാലിക്കാനും പുതിയ ഉടമ്പടിയിലെ യഥാർഥപുരോഹിതരെന്ന നിലയിൽ ദൈവാരാധന നടത്താനുമാണ്'. പക്ഷേ, കേരളസഭയിലോ? തങ്ങൾക്ക് സ്തുതിഗീതമാലപിക്കാൻ തയ്യാറില്ലാത്തവരെ, നിന്ദ്യവും നികൃഷ്ടവും നീചവുമായ ഭാഷയിൽ പുലഭ്യംപുലമ്പുകയാണ് അവരിൽ ചിലർ. ബലിയർപ്പണവേദിയിൽനിന്ന് 'പരിശുദ്ധാത്മാവേ എഴുന്നള്ളിവരണമേ'എന്ന് ഉച്ചരിക്കുന്നവർതന്നെ കേട്ടാലറയ്ക്കുന്ന ശൈലിയിൽ നവമാധ്യമങ്ങളിൽ ഉറഞ്ഞുതുള്ളുമ്പോൾ ഇവർക്ക് ദ്വന്ദ്വവ്യക്തിത്വമുണ്ടോ എന്ന് മനോരോഗവിദഗ്ധർ ശങ്കിച്ചേക്കാം! ➢

# വിശ്വാസികൾ സംയമനംപാലിക്കണം എന്ന് പറഞ്ഞ കർദ്ദിനാൾ അറിയുവാൻ

**ജെയിംസ് പീറ്റർ**

**ആരാണ് ഈ വിശ്വാസികൾ ?**

താങ്കളുടെ നിലനിൽപ്പിനു ഭീഷണിയുയർന്നപ്പോൾ വിശ്വാസികൾ വേണം, അല്ലേ?

ഞങ്ങളുടെകൂടി വിയർപ്പിൽനിന്നു കെട്ടിപ്പൊക്കിയ സഭയുടെ സ്വത്ത്, താങ്കളുടെ പിതാവിൽനിന്നു താങ്കൾക്കുള്ള വിഹിതം കിട്ടിയ സ്വാതന്ത്ര്യത്തോടെ തോന്നുംപടി വിറ്റു തുലച്ചപ്പോൾ ഞങ്ങൾ ഇവിടെയുണ്ടായിരുന്നു. അപ്പോൾ താങ്കൾ ഞങ്ങളെ ഓർത്തോ, ഞങ്ങളോട് ആലോചിച്ചോ? ഞങ്ങളുടെ അപ്പന്മാർ വളർത്തിവലുതാക്കി സഭയെ ഏൽപ്പിച്ച, ഞങ്ങളുടെ ഒരു സഹോദരി നിങ്ങളോട് ഒരു പീഡനപ്രശ്നത്തിൽ പരാതിയുമായി വന്നപ്പോൾ ടെലിഫോണിൽ നിങ്ങൾ പറഞ്ഞ മറുപടികൾ ഞങ്ങൾ കേട്ടിരുന്നു. അതേപ്പറ്റി പത്രക്കാരുടെ ചോദ്യത്തിന് താങ്കളുടെ മറുപടിയോടൊപ്പമുള്ള ആ വഷളൻ ചിരി ഇന്നും ഞങ്ങളുടെ കണ്മുന്നിൽ നല്ല തെളിച്ചത്തോടെ നിൽക്കുന്നു. അവർക്ക് പൊതുനിരത്തിൽ സമരം ചെയ്യേണ്ടിവന്നപ്പോഴും താങ്കളെ കണ്ടില്ല. അവരെ താങ്കളുടെ താഴെയുള്ള ആളുകൾ ചിതറിക്കുവാൻ ശ്രമിച്ചപ്പോഴും, താങ്കളെക്കണ്ടില്ല.

ആ ഇരയ്ക്ക് 10 ലക്ഷവും 5 ഏക്കർ സ്ഥലവും എന്ന ഓഫറും അതോടൊപ്പം ഭീഷണിയുമായി ഒരു പാതിരി ചെന്നപ്പോഴും താങ്കളുടെ പ്രതികരണം ഒന്നും കണ്ടില്ല.

ഒരു ബാലികയെ താങ്കളുടെ കീഴിലുള്ള ഒരു പുരോഹിതൻ ഗർഭിണിയാക്കിയപ്പോഴും, അവളുടെ അപ്പനെ ആ ഗർഭം ഏറ്റെടുപ്പിച്ച് അയാളെ രക്ഷപെടുത്തി നാടുകടത്തുവാനും സഭ ശ്രമിച്ചപ്പോഴും താങ്കളെ കണ്ടില്ല. ഈയിടെ നോബിൾ എന്ന ഒരു പാതിരി സഭയിലെ ഒരു സിസ്റ്ററിനെ പുലഭ്യം പറഞ്ഞപ്പോഴും താങ്കളെ കണ്ടില്ല.

ഞങ്ങളുടെ നേഴ്സ് കുട്ടികളുടെ സമരത്തിൽ താങ്കളുടെ നയം ഞങ്ങൾ മുമ്പേതന്നെ കണ്ടതാണ്.

ചുരുക്കിപ്പറഞ്ഞാൽ, ഞങ്ങളുടെ പണം വാങ്ങി, ഞങ്ങൾക്ക് ഒരു തരത്തിലും ഉപകാരമില്ലാത്ത, നിങ്ങൾക്ക് മാത്രം ഗുണമുള്ള, ഞങ്ങൾക്ക് ഉപദ്രവവും മാനക്കേടും മാത്രം ഉണ്ടാക്കിത്തരുവാൻ ശേഷിയുള്ള കുറേ ആളുകളുടെ കൂട്ടമാണ് ഇന്ന് സഭ. താങ്കൾ ആ ക്രിമിനൽ കൊള്ള സങ്കേതത്തിന്റെ തലവനും! ഗുണങ്ങളെല്ലാം അനുഭവിക്കാൻ നിങ്ങളും പ്രശ്നങ്ങൾ വരുമ്പോൾ പ്രതിരോധംതീർക്കാൻ ചാവേറുകളായി ഞങ്ങളും! അതിന് ഞങ്ങൾ ഇനിയില്ല. ഗുണമുള്ള കാര്യത്തിൽ 'ഞങ്ങൾ', പ്രശ്നത്തിൽപ്പെടുമ്പോൾ 'നമ്മൾ'. ഈയിടെ കോടതിയിൽ അഫിഡവിറ്റ് കൊടുത്തപ്പോഴും, നമ്മൾ എന്നൊന്നുമല്ലല്ലോ താങ്കൾ പറഞ്ഞത്? അങ്ങനെ, ഔദ്യോഗികമായി നയം വ്യക്തമാക്കിയതിനാൽ ഇനി ഇങ്ങനെയൊക്കെ മതി. ആദ്യം താഴെയുള്ള സഹപ്രവർത്തകരെ താങ്കൾ നിയന്ത്രിക്കാൻ ശ്രമിക്കൂ. അത് നടന്നുവെന്ന് ഞങ്ങൾക്ക് ബോധ്യപ്പെടുമ്പോൾ ഞങ്ങളെ ഉപദേശിക്കാൻ വരൂ. അപ്പോൾ അന്നത്തെ നിലപാട് പറയാം. ഏതായാലും നിങ്ങളുടെ ചാവേറാകാൻ ഇനി ഞങ്ങളില്ല. ഇനിയങ്ങോട്ട് ഞങ്ങൾ ഇങ്ങനെയൊക്കെത്തന്നെയായിരിക്കും.

നിങ്ങൾ വിതച്ചത് നിങ്ങൾ കൊയ്യുന്നു. നിങ്ങൾ കൊടുത്തത് പലിശയും ചേർത്ത് നിങ്ങൾക്കു കിട്ടുന്നു! തത്ക്കാലം അങ്ങനെ കരുതൂ, വേറേ വഴിയില്ല.

*(ലേഖകന്റെ ഫേസ്ബുക്ക് പോസ്റ്റ്)* ●

---

◀ ഈ ദുരവസ്ഥ മാറേണ്ടതുണ്ട്. സ്വയമതുണ്ടാകുന്നില്ലെങ്കിൽ മാറ്റിയേതീരൂ. ഭൗതികസമ്പത്തിന്റെയും അധികാരശക്തിയുടെയും പിൻബലത്തിലാണിക്കൂട്ടർ അഴിഞ്ഞാടുന്നത്. 'വെട്ടാൻ വരുന്ന പോത്തിന്റെ കാതിൽ വേദമോതുന്നത്' പാഴ്‌വേലയാണ് എന്ന് നാമറിയണം.

കാതുകുത്തിയവനെ മാറ്റി കമ്മലിട്ടവനെ കേറ്റിയാലോ, കമ്മലിട്ടവനെ പുകച്ച് പുറത്തുചാടിച്ചിട്ട് കടുക്കനിട്ടവനെ പൂജിച്ച് അകത്തിരുത്തിയാലോ സഭ രക്ഷപ്പെടുകയില്ല. അൾത്താരയിലെ കുരിശിന്റെ മുകളിൽ ശീർഷാസനം ചെയ്യുന്ന കാക്കയുടെ ബിംബം പ്രതിഷ്ഠിച്ചാലും, മെത്രാന്റെ ചുവന്ന ബെൽറ്റിന്റെ വീതി വർധിപ്പിച്ചാലും കോമാളിത്തൊപ്പിക്ക് രൂപമാറ്റം വരുത്തിയാലും സഭ രക്ഷപ്പെടുകയില്ല.

വേണ്ടത് ഒന്നു മാത്രം! അല്മായർ സഭയിൽ തങ്ങളുടെ സ്ഥാനം എന്തെന്ന് തിരിച്ചറിയുക. തങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സന്നദ്ധരാവുക. വൈദികസമൂഹത്തെ അവരുടെ ദൗത്യനിർവഹണത്തിനായി, ഭൗതിക ചുമതലകളിൽനിന്നു വിടുതൽ ചെയ്യുക. അവരെ സാമൂഹിക വിരുദ്ധരാക്കിത്തീർക്കുന്ന സമ്പത്തിന്റെയും അധികാരത്തിന്റെയും അഹങ്കാരത്തിന്റെയും പിൻബലം പാടേ തച്ചുടയ്ക്കുക. ദൈവാനുഗ്രഹത്താൽ അതിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുങ്ങിവരുന്നുണ്ട്. നാം, ദൈവം വച്ചുനീട്ടുന്ന അവസരത്തെ നന്ദിപൂർവം സ്വീകരിച്ചാൽ മാത്രം മതിയാകും. അതല്ല, ഇന്നുവരെ വച്ചുപുലർത്തിയിരുന്ന അടിമത്തമനോഭാവത്തോടെ അതിനെ നിഷേധിക്കാനാണ് ഭാവമെങ്കിൽ അറിയൂ; നാം സ്വീകരിച്ചാലും ഇല്ലെങ്കിലും അലംഘ്യമായ ദൈവേഷ്ടം നടപ്പാകുകതന്നെ ചെയ്യും. അതേ! അതാണ് നമ്മുടെ ദൈവത്തിന്റെ നമ്മോടുള്ള കരുതലും കരുണയും! ●

# "ചർച്ച് ആക്ട് നടപ്പാക്കണം" – ജസ്റ്റീസ് കെ.ടി.തോമസ്

**മുരളി പാറപ്പുറം**

ഫോൺ: 9544035418

*[ജസ്റ്റീസ് കെ.ടി തോമസ് അധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിക്കാനിരിക്കുന്ന ചർച്ച് ആക്ടിനെക്കുറിച്ചുള്ള ചർച്ച ഇപ്പോൾ സജീവമാണ്. മറ്റെല്ലാ മതങ്ങളുടെയും സ്വത്ത് ഭരിക്കാൻ നിയമങ്ങളുള്ളപ്പോൾ ക്രൈസ്തവസഭയ്ക്കുമാത്രമാണ് അതില്ലാത്തത്. ചർച്ച് ആക്ട് നടപ്പാക്കാൻ ഒരു കാരണവശാലും അനുവദിക്കില്ലെന്ന് ക്രൈസ്തവസഭാമേധാവികൾ ആവർത്തിക്കുമ്പോൾ, ഇവർക്ക് കീഴടങ്ങുകയാണ് ഇടതു-വലതു മുന്നണി സർക്കാരുകൾ. ലേഖകൻ ജസ്റ്റീസ് കെ.ടി തോമസുമായി നടത്തിയ അഭിമുഖം]*

**? ചർച്ച് ആക്ടിന്റെ കാര്യത്തിൽ ക്രൈസ്തവസഭകളിൽ ഏതാണ്ട് തൊണ്ണൂറ്റിയൊൻപത് ശതമാനവും ഇടതു മുന്നണി സർക്കാരും ഇത് നടപ്പാക്കില്ലെന്ന് പറയുകയാണ്. അങ്ങയുടെ പ്രതികരണമെന്താണ്?**

= തൊണ്ണൂറ്റിയൊൻപത് ശതമാനവും എന്നു പറയുന്നത് വളരെ തെറ്റാണ്. അതായത്, യാക്കോബായസഭ മുഴുവനും ചർച്ച് ആക്ടിനെ അനുകൂലിച്ച് പ്രമേയം പാസ്സാക്കി. കോട്ടയം ഉൾപ്പെടെ മണർകാട് പള്ളിയൊക്കെ യാക്കോബായ സഭയിൽ വരുന്നതാണ്. വടക്കോട്ട് കുന്നംകുളംവരെ. ഏറ്റവും കൂടുതൽ പള്ളികളും വിശ്വാസികളുമുള്ളത് ഇവർക്കാണ്. ഡിവിഷനിൽ കുറവുള്ളവരാണ് ഓർത്തഡോക്സ്. ഇവരാണ് ചർച്ച് ആക്ടിനെ എതിർക്കുന്നത്. ചർച്ച് ആക്ടിന്റെ കരട് വെബ്സൈറ്റിലിട്ടപ്പോൾ നിരവധി വ്യക്തികൾ അനുകൂലിക്കുകയുണ്ടായി. യാക്കോബായ ഒഴികെയുള്ള സഭകളിൽ മെത്രാന്മാർക്കാണ് കൂടുതൽ എതിർപ്പ്.

**? സർക്കാർ ഇക്കാര്യത്തിൽ ഒരു കടുംപിടുത്തത്തിലാണല്ലോ. ചർച്ച് ആക്ട് നടപ്പാക്കുന്ന പ്രശ്നമില്ലെന്നാണ് പറയുന്നത്?**

= സർക്കാരിന് അങ്ങനെ പറയാറായിട്ടില്ലല്ലോ. വെബ്സൈറ്റിൽ പബ്ലിഷ് ചെയ്തിട്ട് ജനങ്ങളുടെ അഭിപ്രായം നേടിയതിനുശേഷമേ നിയമത്തിന് പൂർണ്ണരൂപം നൽകാനാവൂ. ഇപ്പോഴത്തെ അവസ്ഥയിൽ പലതും മാറ്റാനുണ്ട്. പൂർണ്ണരൂപം വായിച്ച് കഴിഞ്ഞിട്ട് സർക്കാരിന് അഭിപ്രായം പറഞ്ഞാൽ പ്പോരേ? തിരഞ്ഞെടുപ്പ് വന്നതുകൊണ്ടാവാം സർക്കാർ ഇങ്ങനെയൊക്കെ പറഞ്ഞത്. ഞങ്ങളുടെ കൈയിൽ റിപ്പോർട്ട് കിട്ടിയിട്ടില്ല എന്നു പറഞ്ഞാൽ മതി.

**? മുഖ്യമന്ത്രിയുടെ ഓഫീസുതന്നെ ഒരു പ്രസ്താവന ഇറക്കിയിരുന്നു.**

= മുഖ്യമന്ത്രിയുടെ കൈയിൽ ഞങ്ങൾ ഒന്നും കൊടുത്തിട്ടില്ലല്ലോ.

**? ചർച്ച് ആക്ട് നടപ്പാക്കിയേ പറ്റൂ എന്നൊരു അഭിപ്രായം അങ്ങ് പറഞ്ഞിരുന്നു.**

= നടപ്പാക്കിയേ പറ്റൂ എന്ന കാര്യം തീരുമാനിക്കേണ്ടത് സർക്കാരാണ്. ചർച്ച് ആക്ട് നടപ്പാക്കണമെന്ന ശക്തമായ അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ടായില്ലല്ലോ.

**? ചർച്ച് ആക്ട് നടപ്പാക്കിയാൽ സഭകളുടെ സ്വത്തും അധികാരവും നഷ്ടമാകുമെന്ന തരത്തിൽ ആശങ്ക ജനിപ്പിക്കുംവിധം ഒരു പ്രചരണം നടക്കുന്നുണ്ടോ?**

= നിയമത്തിന്റെ കരടുരൂപം വായിച്ചിട്ട് അതിന്റെ ഏത് കോളത്തിലാണ് ഈ വ്യവസ്ഥയുള്ളതെന്ന് ആരെങ്കിലും എന്നോട് പറഞ്ഞാൽ കൊള്ളാമായിരുന്നു. ആക്ട് വായിക്കാത്തവരാണ് അതിനെ എതിർക്കുന്നത്.

**? സിഖ് മതം പോലുള്ള ചെറിയ മതങ്ങൾക്കുപോലും ഗുരുദ്വാര ആക്ട്പോലുള്ള നിയമങ്ങളുണ്ട്. ക്രൈസ്തവർക്ക് ഇത് പാടില്ലെന്ന് പറയുന്നത് പ്രത്യക്ഷത്തിൽ തന്നെ ഭരണഘടനാ വിരുദ്ധമല്ലേ?**

= സകലമതങ്ങൾക്കും ആക്ടുണ്ട്. ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ ആക്ടുണ്ട്. മുസ്ലീമിന് വഖഫ് ആക്ടുണ്ട്. സിഖുകാർക്ക് ഗുരുദ്വാര ആക്ടുണ്ട്. ഹിന്ദു എന്നു പറയുന്നിടത്ത് ബുദ്ധമതവും ജൈനമതവും ഉൾപ്പെടും. ആകെയിപ്പോൾ ഇത്തരമൊരു നിയമം ഇല്ലാത്തത് ക്രൈസ്തവർക്ക് മാത്രമാണ്.

**? അത് കോടതിയിൽ ചോദ്യം ചെയ്യാവുന്നതല്ലേ?**

= കേടതിയല്ല പറയേണ്ടത്. കോടതിയിൽ ചെന്നാൽ അവർ നിയമനിർമ്മാണത്തെക്കുറിച്ച് പറയും. അത് ചെയ്യേണ്ടത് നിയമസഭകളും പാർലമെന്റുമൊക്കെയാണല്ലോ. ഭരണഘടനയുടെ 26-ാം വകുപ്പ് പറയുന്നത് രാജ്യത്തെ ഏത് മതങ്ങളുടെയും സ്വത്ത് ഭരിക്കേണ്ടത് നിയമത്തിന്റെ അടിസ്ഥാനത്തിലാവണം എന്നാണ്. ഇവിടെ നിയമം എന്നുപറയുന്നത് നിയമസഭകളോ പാർലമെന്റോ നിർമിക്കുന്ന നിയമങ്ങളാണ്. സഭാനിയമങ്ങൾ എന്നൊന്നില്ല. അതിനെ വേണമെങ്കിൽ നിബന്ധനകൾ എന്നുപറയാം.

**? പക്ഷേ ഈ വഴിക്ക് സർക്കാർ നീങ്ങുന്നില്ലെന്നുമാത്രം.**

= അത് നമുക്ക് നോക്കാം. പൊതുജനാഭിപ്രായം ശക്തമാവുമ്പോൾ സർക്കാരിന് വഴങ്ങേണ്ടിവരും. പക്ഷേ

# കർദ്ദിനാൾ നിയോഗിച്ച കമ്മീഷന്റെ അന്വേഷണറിപ്പോർട്ടിന്റെ പ്രസക്തഭാഗം


**ബീനാ സെബാസ്റ്റ്യൻ**
('മംഗളം ഓൺലൈൻ')


*[സാമാന്യം ദീർഘമായ ഈ പഠനലേഖനം 2 ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്നു ]*

സീറോ-മലബാർ സഭയെ ഏറെ പ്രതിസന്ധി യിലാക്കിയ എറണാകുളം -അങ്കമാലി അതിരൂപതയിലെ ഭൂമി കുംഭകോ ണവുമായി ബന്ധപ്പെട്ട് പുറത്തു കേൾക്കു ന്നതാണോ യഥാർത്ഥ വിവരങ്ങൾ? ഭൂമി ഇടപാടിൽ അതി രൂപതയ്ക്ക് നഷ്ടം സംഭവിച്ചോ? വൈദി കർ പറയുന്നതാണോ യഥാർത്ഥ കാര്യ ങ്ങൾ? അന്വേഷണത്തിനു നേതൃ ത്വം നൽകിയ ബെന്നി മാരാംപറമ്പിൽ എന്ന വൈദികൻ അതിന്റെ പേരിൽത്തന്നെ വേട്ടയാടപ്പെടുന്നുണ്ടോ? വിശ്വാസികൾ ഉന്നയിക്കുന്ന ഒരുപറ്റം സംശയങ്ങൾ പരിശോധിക്കുകയാണ് മംഗളം ഓൺ ലൈൻ. അതിനൊപ്പം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിയോഗിച്ച ബെന്നി മാരാംപറമ്പിൽ കമ്മീഷൻ 2018-ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ പ്രസക്തഭാഗവും പുറത്തുവിടുന്നു.

2014 ഏപ്രിൽ 1 മുതൽ 2017 നവംബർ 29 വരെ അതിരൂപതയിൽ നടന്ന എല്ലാ സാമ്പത്തിക ഇടപാടുകളും ഭൂമി ക്രമവിക്രയങ്ങളും പഠിച്ച് അതിന്റെ പോരായ്മകളും വീഴ്ചകളും കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കാനുമായി 2017 നവംബർ 29-നാണ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഫാ. ബെന്നി മാരാംപറമ്പിൽ അധ്യക്ഷനായ ആറംഗ സമിതിയെ നിയോഗിച്ചത്. ഫാ. ബെന്നി കൺവീനറും ഫാ. ലൂക്കോസ് കുന്നത്തൂർ, ഫാ. ജോസഫ് കൊടിയൻ, തഹസീൽദാർ ആയ എ. ജെ തോമസ് പുത്തൻപള്ളി, ചാർട്ടേർഡ് അക്കൗണ്ടന്റായ ജോണി പള്ളിവാതുക്കൽ, നിയമവിദഗ്ധൻ അഡ്വ. ഏബ്രഹാം പി. ജോർജ് എന്നിവർ അടങ്ങിയതായിരുന്നു ഈ കമ്മിറ്റി.

**2017 മാർച്ച് 31-ലെ കണക്കുപ്രകാരം അതിരൂപതയ്ക്ക് 8.26 കോടി രൂപ ബാങ്ക് വായ്പയും അതിരൂപതാ സ്ഥാപനങ്ങളിൽനിന്ന് 7.57 കോടി രൂപ വായ്പയും ഉണ്ടായിരുന്നു. 2017 നവംബറിലെ കണക്കുപ്രകാരം ഇത് 86.38 കോടി രൂപയായി ഉയർന്നു. ചുരുക്കത്തിൽ, കടംവീട്ടാൻ നടത്തിയ ഭൂമി ഇടപാടുകൾ അതിരൂപതയെ അതിഭീമമായ കടത്തിലേക്ക് തള്ളിവിട്ടുവെന്നാണ് കണ്ടെത്തൽ.**

ഈ കാലയളവിൽ അതിരൂപത വാങ്ങിയതും അന്യാധീനപ്പെടുത്തിയതുമായി രേഖകൾ ലഭിച്ച സ്ഥലങ്ങൾ കമ്മിറ്റി സന്ദർശിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് റിപ്പോർട്ടിൽ അവകാശപ്പെടുന്നു. ഇടപാടിൽ നടന്ന കാനോൻ നിയമലംഘനങ്ങളും സിവിൽ നിയമലംഘനങ്ങളും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ഫിനാൻസ് സമിതി വിൽക്കാൻ തീരുമാനിച്ച സ്ഥലങ്ങൾക്കു പകരം മറ്റ് സ്ഥലങ്ങൾ 36 ആധാരങ്ങളായി വിറ്റു, വിൽപ്പനയ്ക്ക് അനുമതി ലഭിക്കുംമുമ്പേ വിൽപ്പനയ്ക്ക് തീരുമാനമെടുത്ത് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി, അതുവഴി ആലോ

---

ഒന്നുണ്ട്, യുഡിഎഫ് സർക്കാരിന്റെ കാലത്ത് ഇങ്ങനെയൊന്ന് പ്രതീക്ഷിക്കുകയേ വേണ്ട.

**? വേണ്ടത്ര ബോധവൽക്കരണം ഇല്ലാത്തതുകൊണ്ടാണോ ചർച്ച് ആക്ടിന് ശക്തമായ എതിർപ്പ് ഉയരുന്നത്.**

= ബോധവൽക്കരണം ഞങ്ങളുടെ ജോലിയല്ലല്ലോ. മാധ്യമങ്ങൾ ഇതിനെ പിന്തുണയ്ക്കണം. കാര്യമായ തോതിൽ അതുണ്ടാവുന്നില്ല.

**? നിയമപരിഷ്കാര കമ്മീഷൻ എന്നാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക?**

= അത് പറയാനൊക്കില്ല. പൊതുജനാഭിപ്രായം തേടുന്നതിനുള്ള സമയപരിധി കഴിഞ്ഞു. പല നിയമങ്ങളും ഞങ്ങൾ പരിഗണിക്കുന്നുണ്ട്. മുൻഗണനാക്രമം നോക്കി റിപ്പോർട്ട് നൽകും. തെരഞ്ഞെടുപ്പിന്റെ ചൂട് ഒന്നു കഴിഞ്ഞോട്ടെ എന്നു കരുതിയാണ്. റിപ്പോർട്ട് അയച്ചുകൊടുത്തിട്ട് എന്ത് ചെയ്യണമെന്ന് സർക്കാർ തീരുമാനിക്കും. എന്തു സംഭവിക്കുമെന്ന് നമുക്ക് നോക്കാം.

*(കടപ്പാട്: 'കേസരി', 2019 സെപ്തം. 27)* ●

ചനാസമിതിയെ തെറ്റിദ്ധരിപ്പിച്ചു എന്നിങ്ങനെ ഒരുപിടി പിഴവുകളാണ് അന്വേഷണ കമ്മീഷൻ അക്കമിട്ട് നിരത്തിയിരിക്കുന്നത്.

2017 മാർച്ച് 31-ലെ കണക്കുപ്രകാരം അതിരൂപതയ്ക്ക് 8.26 കോടി രൂപ ബാങ്ക് വായ്പയും അതിരൂപതാ സ്ഥാപനങ്ങളിൽനിന്ന് 7.57 കോടി രൂപ വായ്പയും ഉണ്ടായിരുന്നു. 2017 നവംബറിലെ കണക്കുപ്രകാരം ഇത് 86.38 കോടി രൂപയായി ഉയർന്നു. ചുരുക്കത്തിൽ, കടംവീട്ടാൻ നടത്തിയ ഭൂമി ഇടപാടുകൾ അതിരൂപതയെ അതിഭീമമായ കടത്തിലേക്ക് തള്ളിവിട്ടുവെന്നാണ് കണ്ടെത്തൽ. വത്തിക്കാൻ നിർദ്ദേശപ്രകാരം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ചുമതലയേറ്റ ശേഷം അതിരൂപതയിലെ 13 ഏക്കറോളം ഭൂമി വിറ്റാണ് ഇതിൽ 65 കോടിയോളം കടംവീട്ടിയത്.

**നാലു കോടി പതിനായിരം രൂപ ഭൂമിക്കുവേണ്ടി അഡ്വാൻസ് കൊടുത്തതായി കണക്കുണ്ടെങ്കിലും വിൽപ്പനയുടെ കരാറുകൾ ഒന്നും ലഭ്യമായിട്ടില്ല.**

**ഭൂമിവില്പനയിൽ സംഭവിച്ച പിഴവുകൾ:**
**കാനോൻ നിയമ ലംഘനങ്ങൾ**

1. ഭൂമിവില്പനയിൽ ഫിനാൻസ് സമിതി തീരുമാനിച്ച സ്ഥലങ്ങൾക്കുപകരം മറ്റു സ്ഥലങ്ങൾ 36 ആധാരങ്ങളായി വിറ്റുവെന്നും അതുവഴി കാനോൻ നിയമം 271, വ്യക്തിനിയമം 214, അതിരൂപതാനിയമസംഹിത 123 എന്നിവ ലംഘിക്കപ്പെട്ടുവെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇത് വിശ്വാസവഞ്ചനയും കുറ്റകരമായ ഉത്തരവാദിത്വ ലംഘനവുമാണ്. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി വ്യാജരേഖ ചമച്ച് രജിസ്ട്രാർക്ക് മുമ്പിൽ ഹാജരാക്കിയിട്ടുണ്ടാകുമെന്നും കമ്മീഷൻ അനുമാനിക്കുന്നു.

2. 2016 ജൂലൈ 6-ന് ചേർന്ന ആലോചനസമിതി സ്ഥലവില്പനയ്ക്ക് അനുമതി നൽകി. സെന്റിന് ശരാശരി 9 ലക്ഷം രൂപയാണ് നിശ്ചയിച്ചത്. എന്നാൽ ഈ തീരുമാനം വരുന്നതിനു മുമ്പുതന്നെ കൂരിയ 2016 ജൂൺ 15-ന് തീരുമാനം എടുക്കുകയും സ്ഥലവിൽപ്പനയ്ക്ക് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. 2016 ജൂൺ 21-ന് ഫിനാൻസ് ഓഫീസർ അജാസ് എൻ.എസ്, വീക്കേ ബിൽഡേഴ്സ്, കാക്കനാട് എന്ന വ്യക്തിക്ക് സ്ഥലവിൽപ്പനയ്ക്കുള്ള ഓഫർ ലെറ്റർ നല്കി. അതായത്, വിൽപ്പനയുടെ തീരുമാനം എടുത്ത് വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തശേഷം ആലോചനസമിതിയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു.

3. ഭൂമിയുടെ വില നിർണ്ണയിച്ചതിന്റെ അടിസ്ഥാന മാനദണ്ഡമെന്തെന്ന് കമ്മിറ്റിക്ക് വ്യക്തമായിട്ടില്ല. ഇതിന് രേഖകൾ ഇല്ല. ആവശ്യമായ പഠനമോ മുന്നൊരുക്കങ്ങളോ നടത്തിയിട്ടില്ലെന്നും, ഫിനാൻസ് കൗൺസിലിൽ ഭൂമിയുടെ വിലയെപ്പറ്റി ആലോചനനടത്തിയിട്ടില്ലെന്നും കമ്മിറ്റി വിലയിരുത്തുന്നു.

4. കാനോൻ നിയമം 1035/2 പ്രകാരം, ഭൂമി വില്ക്കുന്നതിനുമുമ്പായി ഒരു വിദഗ്ധസമിതിയുടെ വില നിർണ്ണയ റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കേണ്ടതുമാണ്. ഈ നിയമം ലംഘിക്കപ്പെട്ടിരിക്കുന്നു.

5. സീറോ-മലബാർ സഭയുടെ പ്രത്യേക നിയമം 214 പ്രകാരം, 25 കോടിക്കും 50 കോടിക്കും ഇടയിൽ മൂല്യമുള്ള വസ്തു വിൽക്കാനും വാങ്ങാനും അതാതു രൂപത/അതിരൂപതാസമിതികളുടെ തീരുമാനത്തിനുപുറമേ, പെർമനന്റ് സിനഡിന്റെ അനുമതിയോടെ മേജർ ആർച്ച്ബിഷപ്പിനും, 50 കോടിക്ക് മുകളിലുള്ള വിറ്റഴിക്കലുകൾക്ക് മെത്രാൻ സിനഡിന്റെ സമ്മതത്തോടെ മേജർ ആർച്ച് ബിഷപ്പിനും അനുവാദം നൽകാവുന്നതാണ്. സ്ഥലവിൽപ്പന 28 കോടിയുടെ അടുത്ത് വരുമെന്നതിനാൽ പെർമനന്റ് സിനഡിന്റെ അനുവാദം 214-ാം നിയമപ്രകാരം വാങ്ങേണ്ടതായിരുന്നു. ഈ പ്രത്യേക നിയമത്തിൽ ഒപ്പുവച്ച് പ്രാബല്യത്തിലാക്കിയ മേജർ ആർച്ച്ബിഷപ്പുതന്നെ ഈ നിയമം ലംഘിച്ചിരിക്കുന്നു.

**സിവിൽ നിയമലംഘനങ്ങൾ:**

1. വീക്കേ ബിൽഡേഴ്സ് അജാസ് എൻ. എസിനെ സ്ഥലം വിൽക്കാൻ ഏല്പിച്ചത് റിയൽ എസ്റ്റേറ്റുകാരുമായുള്ള വഴിവിട്ടബന്ധം വ്യക്തമാക്കുന്നു. അതിരൂപത പ്രസിദ്ധീകരണങ്ങളിൽപോലും പരസ്യം നൽകുകയോ, അതിരൂപതാ സ്ഥാപനങ്ങളെയോ, മറ്റു അംഗങ്ങളെയോ വില്പനവിവരം അറിയിക്കുകയോ ചെയ്തിട്ടില്ല. ഈ നിഗൂഢത സംശയം ജനിപ്പിക്കുന്നു.

2. സാജു വർഗീസ് കുന്നേൽ എന്ന ബ്രോക്കർ എല്ലാ ഭൂമി ഇടപാടുകളിലും ഉണ്ടായിരുന്ന വ്യക്തിയാണ്. മേജർ ആർച്ച്ബിഷപ്പിന്റെയും ഫിനാൻസ് ഓഫീസറുടെയും അടുത്ത സുഹൃത്താണിദ്ദേഹം. ഭാരതമാതാ കോളജിന് എതിർവശമുള്ള 60 സെന്റ് ഭൂമി വിലയൊന്നും ബാങ്കിൽ അടയ്ക്കാതെ ഇദ്ദേഹം രജിസ്റ്റർ ചെയ്തു സ്വന്തമാക്കി. ഇതുപോലുള്ള റിയൽ എസ്റ്റേറ്റ് ഇടപാടുകൾ അതിരൂപതയ്ക്ക് ധനനഷ്ടവും മാനനഷ്ടവും ഉണ്ടാക്കി.

3. കരുണാലയത്തിനുസമീപമുള്ള ഭൂമി 2007-ൽ അലക്സിയൻ ബ്രദേഴ്സ് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വേണ്ടി സൗജന്യമായി നല്കിയതാണ്. അത് ലാഭക്കച്ചവടം ലക്ഷ്യമാക്കി ആയിരുന്നില്ല ഏല്പിക്കപ്പെട്ടത്. അത് ഇപ്രകാരം വിറ്റഴിച്ചത് തെറ്റാണ്.

4. ആധാരപ്രകാരം, 36 പ്ലോട്ടുകൾക്ക് ആകെ 13.52 കോടി രൂപയാണ് കിട്ടുന്നത്. എന്നാൽ കൂരിയയുടെ തീരുമാനം അനുസരിച്ച് ഒരു സെന്റിന് ചുരുങ്ങിയത് 9.05 ലക്ഷം രൂപ വിലകിട്ടണം. ബാക്കി 13.62 കോടി രൂപ എങ്ങനെ കൈപ്പറ്റും? ഇത് കള്ളപ്പണത്തിന്റെ പരിധിയിൽപ്പെടില്ലേ? ഇൻകം ടാക്സ് ആക്ട് 1961 സെക്ഷൻ 271 ഡി ആന്റ് 269 എസ്. എസ് പ്രകാരം ഇത് കുറ്റകരമാണ്.

5. 27.15 കോടി വിലയായി കിട്ടണമെന്നിരിക്കേ 9.13 കോടി മാത്രം കൈപ്പറ്റി സ്ഥലം മുഴുവൻ രജിസ്റ്റർ ചെയ്തു നല്കിയത് ഗൗരവമായ വീഴ്ചയാണ്. സഭാവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിൽ ബന്ധപ്പെട്ടവർക്കുണ്ടായ ഗൗരവകരമായ വീഴ്ചയിലേക്ക് ഇതുവിരൽ ചൂണ്ടുന്നു.

6. സ്ഥലവിൽപ്പനയിൽ വലിയ തുകകൾ (1,16,30,800) പണമായി സ്വീകരിച്ചുവെന്ന് കാണുന്നു. 20,000 രൂപയിൽ കൂടുതൽ തുക പണമായി കൈപ്പറ്റുന്നത് നിയമവിരുദ്ധമാണ്.

7. 9.13 കോടി സ്ഥലവിലയായി കൈപ്പറ്റിയെങ്കിലും

# ക്ഷമാപണം പകരുന്ന പരിശുദ്ധി!

റവ. ഡോ. ജേക്കബ് നാലുപറയിൽ

ഇന്ന് തിരുവോണമാണ്. ഇന്ന് എന്നെ ഏറ്റവും ആകർഷിച്ച വാർത്ത കാന്റർബറി ആർച്ച്ബിഷപ് ജസ്റ്റിൻ വെൽബി, ജാലിയൻ വാലാബാഗിൽ നടത്തിയ ക്ഷമാപണവും സാഷ്ടാംഗപ്രണാമവുമാണ്. നൂറു വർഷക്കാലം ഇംഗ്ലീഷുകാർ ചുമന്നുകൊണ്ടുനടന്നിരുന്ന തലമുറകളുടെ കുറ്റബോധവും അപമാനവുമാണ് ഒറ്റയടിക്ക് അദ്ദേഹം ആദരവായി രൂപാന്തരപ്പെടുത്തിയത്. തെറ്റു സമ്മതിക്കലിന്റെയും ക്ഷമാപണത്തിന്റെയും ഈ മാന്ത്രികവിദ്യ ഇതിനുമുൻപ് നമുക്കു കാട്ടിത്തന്നത് ജോൺ പോൾ രണ്ടാമൻ പാപ്പായും ഫ്രാൻസീസ് പാപ്പായുമാണ്.

ഈയിടെ ഒരു വൈദികസമ്മേളനത്തിൽ ഞാനൊരു ചോദ്യം ഉന്നയിച്ചു - ഒരു ടി വി ചർച്ചയിൽ നമുക്ക് തെറ്റ് പറ്റിയ ഒരു വിഷയം ചർച്ചയ്ക്കു വരുമ്പോൾ, സഭാവക്താവെന്ന നിലയിൽ നമ്മൾ എടുക്കേണ്ട നിലപാട് എന്താണ്? ആദ്യം ആരും പ്രതികരിച്ചില്ല. പിന്നെയും ചോദിച്ചപ്പോൾ ഒരാൾ പറഞ്ഞു, 'എതിർപക്ഷത്തിന്റെ കുറവുകൾ നിരത്തി അവരെ പ്രതിരോധത്തിലാക്കുക.' നിലവിൽ പലരും ഉപയോഗിക്കുന്ന ഒരു തന്ത്രമാണിത്.

മറ്റൊരു തന്ത്രം, നമ്മുടെ വീഴ്ചയെ വീഴ്ചയല്ലായെന്ന് സ്ഥാപിക്കുകയാണ്. ഇതിനെ 'ന്യായീകരണമെന്ന്' വിളിക്കാം. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണം, സിസ്റ്റർ ലൂസി വിഷയത്തിൽ സഭാവക്താവായി വന്ന ടീച്ചറിന്റെ വാദമായിരുന്നു. നാട്ടിലെ ഏതൊരു ഐടി കമ്പനി കൊടുക്കുന്നതിലും ഉദാരമായ ജീവനാംശവും നഷ്ടപരിഹാരവും സിസ്റ്റർ ലൂസിക്ക് സഭ കൊടുത്തെന്നായിരുന്നു ടീച്ചറിന്റെ വാദം! അതോടെ ഒറ്റയടിക്ക് സഭയ്ക്ക് നഷ്ടപ്പെട്ടത് ക്രിസ്തുവിനെയല്ലേ? ക്രിസ്തുവിന്റെ സുവിശേഷമൂല്യങ്ങളെയല്ലേ?

റോബിനച്ചന്റെ വിഷയം മുതൽ ഫ്രാങ്കോ പിതാവിന്റെ വിഷയംവരെ മാധ്യമചർച്ചകളിൽ സഭ സ്വീകരിച്ചുപോന്ന സമീപനങ്ങൾ ഈ രണ്ടിൽ ഏതെങ്കിലും ഒന്നല്ലേ? അല്ലെങ്കിൽ, ഈ രണ്ടിന്റെയും വിവിധ മിശ്രിതങ്ങളല്ലേ? ഇവകൊണ്ട് സഭയ്ക്ക് എന്താണ് നേടാനായത്?

ഈ രണ്ടു (കു)തന്ത്രങ്ങൾക്കുമപ്പുറം ക്രിസ്തുവിന്റെ രീതിയോട് ചേർന്നുപോകുന്ന രീതി ഏതായിരിക്കും? ആർച്ച്ബിഷപ് വെൽബിയും മാർപാപ്പാമാരും കാണിച്ചു

---

തുകയൊന്നും ഇതുവരെ ലോൺ അക്കൗണ്ടിൽ അടച്ചിട്ടില്ല.

അതിരൂപത വാങ്ങിയ ഭൂമിയുടെപേരിൽ നടന്ന ഇടപാടുകളും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. മെഡിക്കൽ കോളജ് തുടങ്ങുന്നതിനുവേണ്ടി മറ്റൂരിൽ 23.22 ഏക്കർ ഭൂമി, 2015 ഏപ്രിൽ 30-നും മെയ് 29-നും ഇടയിലായി അതിരൂപതയ്ക്കു വേണ്ടി വാങ്ങി. 55.42 കോടി രൂപ വിലയായും ടാക്സ്, ഡ്യൂട്ടി ഉൾപ്പെടെ ആകെ 58.78 കോടി രൂപ ചെലവായി. ഇതിൽ 4 കോടി രൂപ മുൻകൂറായി നൽകി. 58.2 കോടി രൂപ സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്ന് ഇടപാടിനായി വായ്പ എടുത്തു. എന്നാൽ ഈ സ്ഥലം വാങ്ങുന്ന വിവരം ആലോചനാസമിതിയിൽ ചർച്ചചെയ്യാതെയായിരുന്നു എന്നാണ് കമ്മീഷന്റെ കണ്ടെത്തൽ.

വേണ്ടത്ര ആലോചന കൂടാതെയുള്ള ഭൂമിവാങ്ങൽ കാനോൻ 271-ന്റെയും പർട്ടിക്യൂലർ നിയമം 274-ന്റെയും അതിരൂപതാനിയമസംഹിത 123-ന്റെയും ലംഘനമാണ്. കാനൻനിയമം 103, 542, സഭാനിയമം 124 എന്നിവയനുസരിച്ച് 50 കോടിക്കുമുകളിലുള്ള വിൽക്കൽ, വാങ്ങൽ, വായ്പയെടുക്കൽ മുതലായ കാര്യങ്ങൾക്ക് അതിരൂപതാഭരണസമിതിയുടെ അനുവാദത്തിനുപുറമേ, സഭയിലെ മെത്രാൻ സിനഡിന്റെ അനുവാദവും ആവശ്യമാണ്. ഈ സഭാനിയമങ്ങൾ പൂർണ്ണമായും ലംഘിക്കപ്പെട്ടിരിക്കുന്നു.

മെഡിക്കൽ കോളജ് പദ്ധതി തുടങ്ങുന്നതിനുമുമ്പ് ഇതിനെപ്പറ്റി വിദഗ്ധപഠനങ്ങൾ ഒന്നും നടത്തിയിട്ടില്ലെന്നും മറ്റു കത്തോലിക്കാ മെഡിക്കൽ കോളജുകളിൽനിന്ന് അഭിപ്രായം തേടിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. 2014 ഡിസംബർ 16-ന് കൗൺസിലിൽ മറ്റൂർ ഭൂമി വാങ്ങുന്നതിനെപ്പറ്റി തീരുമാനിച്ചു. പക്ഷേ ഈ തീരുമാനത്തിന് രണ്ടു മാസങ്ങൾക്കു മുൻപേ ഫിനാൻസ് ഓഫീസർ നാലു കോടി പതിനായിരം രൂപ അഡ്വാൻസായി നൽകിക്കഴിഞ്ഞിരുന്നു. ഈ വിവരം ഫിനാൻസ് കൗൺസിലിൽനിന്ന് മറച്ചുവച്ചു, റിപ്പോർട്ടിൽ പറയുന്നു.

നാലു കോടി പതിനായിരം രൂപ ഭൂമിക്കുവേണ്ടി അഡ്വാൻസ് കൊടുത്തതായി കണക്കുണ്ടെങ്കിലും വിൽപ്പനയുടെ കരാറുകൾ ഒന്നും ലഭ്യമായിട്ടില്ല. ഒരു കരാർ പോലുമില്ലാതെയാണ് ഇത്രയും വലിയ തുകയുടെ ഇടപാട് നടന്നിരിക്കുന്നത്. മാത്രമല്ല , മുൻ ഫിനാൻസ് ഓഫീസറുടെ കാലത്ത് സെന്റിന് രണ്ടു ലക്ഷത്തിന് നൽകാമെന്ന് ഏറ്റ ഭൂമി 2.39 ലക്ഷം രൂപയ്ക്കാണ് ഇടപാട് നടത്തിയ ഫിനാൻസ് ഓഫീസർ വാങ്ങിയിരിക്കുന്നത്. ഇതുവഴി അതിരൂപതയ്ക്ക് 9 കോടി രൂപയോളം അധികച്ചെലവുണ്ടായി.

ഗുരുതരമായ മറ്റൊരു കണ്ടെത്തലും കമ്മീഷൻ നടത്തിയിട്ടുണ്ട്. മറ്റൂരിൽ വാങ്ങിയ ഭൂമിയുടെ അതിരിൽ ഒരു വലിയ മെറ്റൽ ക്രഷർ, മൂന്ന് അരിമില്ലുകൾ, ഒരു പെയിന്റ് കമ്പനി, മറ്റ് വ്യവസായ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ഈ സ്ഥലം ആശുപത്രിക്കോ മെഡിക്കൽ കോളജിനോ യോജിച്ചതല്ല. മാത്രമല്ല, തുറവൂർ വില്ലേജിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും മറ്റൂർ സ്ഥലത്തിനു നടുവിൽ 43.24 സെന്റ് പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തി. ഭൂമി വാങ്ങിയതിനു പിന്നാലെ അവിടെയുണ്ടായിരുന്ന മൂവായിരത്തിലധികം വരുന്ന റബർ മരങ്ങൾ തിരക്കിട്ട് മുറിച്ചുമാറ്റി.

(തുടരും)

# ഈശ്വരഗ്രഹണം!



**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ**
ഫോൺ: 0484-2740515

'മെത്രാൻസിനഡിന്റെ മാപ്പുപറച്ചിലും പശ്ചാത്താപമറിയാത്ത മെത്രാൻമനസ്സും' എന്ന ശീർഷകത്തിൽ എഡിറ്റർ എഴുതിയ മുഖക്കുറി (സെപ്തംബർ ലക്കം) കത്തോലിക്കാസഭയിലെ കാലികപ്രശ്നങ്ങൾ അതിഗൗരവത്തോടെയാണ് വായനക്കാരുടെമുന്നിൽ അവതരിപ്പിച്ചത്. എറണാകുളം - അങ്കമാലി അതിരൂപതാവൈദികരുടെയും അതിരൂപതാ സുതാര്യതാസമിതിയുടെയും നീതിബോധമുള്ള പ്രവർത്തനങ്ങൾകൊണ്ട് ചെറിയ ഒരു ചലനമെങ്കിലും സൃഷ്ടിക്കാൻ സാധിച്ചത് നിസ്സാരകാര്യമല്ല. സ്ഥാനപദവികളും ദൈവജനത്തിന്മേലുള്ള സമഗ്രാധിപത്യവും നിലനിർത്തുക എന്നതിൽ കവിഞ്ഞ് ഒരു മെത്രാനും ഒരു ലക്ഷ്യവും ഇല്ല. കാലത്തിന്റെ ചുവരെഴുത്ത് വായിക്കാത്ത ഒരേയൊരു വർഗ്ഗം പൗരോഹിത്യസ്ഥാനികളാണ്.

ഫരിസേയരും സദ്ദൂക്യരും ആശയപരമായി ശത്രുതയിൽ കഴിഞ്ഞിരുന്നവരാണ്. യേശു എന്ന പൊതുശത്രുവിനെതിരെ അവർ ഒന്നിച്ചു. ആലഞ്ചേരിയും അദ്ദേഹത്തോട് ചേർന്നുനിൽക്കുന്ന വൈദികരും കുഞ്ഞാടുകളിൽനിന്നും വേർതിരിഞ്ഞുനിൽക്കുന്നവരാണ്. ഫരിസേയർ എന്ന പദത്തിന്റെ അർത്ഥം വേർതിരിക്കുക എന്നാണ്. സദ്ദൂക്യർ പ്രഭുകുടുംബങ്ങളിലെ അംഗങ്ങളാണ്. ഭരണപക്ഷത്തിന് സ്തുതിപാടുന്ന അവസരവാദികളാണവർ. അതിനാൽ, സ്വതന്ത്രസഭാപ്രസ്ഥാനങ്ങളെ മേല്പറഞ്ഞവർഗ്ഗം 'തീവ്രവാദസംഘടന'യെന്ന് മുദ്രകുത്തുന്നതിൽ അത്ഭുതത്തിനവകാശമില്ല. മത്തായിയുടെ സുവിശേഷം 16:5-12 ഭാഗത്ത് ഫരിസേയരുടെയും സാദ്ദൂക്യരുടെയും പുളിമാവിനെക്കുറിച്ച് ഈശോ പറയുന്നുണ്ട്. ' പുളിമാവ്' എന്നതിന് 'അഴിമതി' എന്ന ഒരർത്ഥം യഹൂദപ്രബോധനങ്ങളിൽ കാണാം. സദ്ദൂക്യരുടെ അഴിമതിക്കെതിരെ ശബ്ദിക്കുന്നവരെ 'സഭാവിരുദ്ധർ' എന്നു ഗണിക്കുന്നവർ മൂഢസ്വർഗ്ഗത്തിലാണെന്ന് സംശയരഹിതമായി പറയാൻ കഴിയും.

തിരുസഭയിൽ ജനത്തിന് വിശ്വാസപാഠങ്ങൾ നൽകുകയും വിശ്വാസജീവിതത്തിന് മാതൃകയാവുകയും ചെയ്യാനുള്ള ദൗത്യം പൗരോഹിത്യസ്ഥാനികൾക്കുണ്ട്. ഇതിനു വിരുദ്ധമായ പ്രവൃത്തികളും പ്രസ്താവനകളും നടപടികളും ഉണ്ടാകുന്നത് പ്രധാനപൗരോഹിത്യം കൈയാളുന്ന വ്യക്തികളിൽ നിന്നുതന്നെയാണ് എന്നുള്ളത് ഏറെ ദുഃഖവും ഉത്കണ്ഠയും ജനിപ്പിക്കുന്നു. ബിഷപ്പ് മനത്തോടത്ത് ഭൂമിയിടപാട് സംബന്ധിച്ച് റോമിൽ സമർപ്പിച്ച റിപ്പോർട്ടുകൾ രഹസ്യമാക്കിവച്ചിരിക്കുന്നതിലെ ദുരൂഹത വാക്കുകൾക്കപ്പുറമാണ്. ജനമാണ് സഭ. ജനങ്ങളെ അറിയിക്കാത്ത രഹസ്യങ്ങൾ ദൈവത്തിൽനിന്നും മറച്ചുവയ്ക്കുവാൻ സഭാധികൃതർക്ക് കഴിയുമോ? അപക്വവും വിശ്വാസവിരുദ്ധവുമായ പ്രസ്താവനകൾ നടത്തുന്ന ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലുള്ളവർ തങ്ങളുടെ വികടഭാഷണങ്ങൾ സഭയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവാന്മാരല്ലായെന്നത് വിചിത്രമാണ്. സഭയുടെ അടിസ്ഥാനനിയോഗത്തോടും വിശ്വാസവിഷയങ്ങളോടുമുള്ള സത്യസന്ധമായ സമീപനം തരുന്ന രീതിയല്ലേ അത്? ഏറ്റുപറച്ചിലിന്റെയും ക്ഷമാപണത്തിന്റെയും രീതി. അതും, നീട്ടിവയ്ക്കാതെ ഉടനടി ക്ഷമാപണം നടത്താനുള്ള ആർജ്ജവമുണ്ടായാൽ, പാപഭാരവും അപമാനവും തലമുറകൾ ചുമന്നുകൊണ്ട് നടക്കുന്നത് ഒഴിവാക്കാനാവും.

തെറ്റ് പറ്റിയാൽ അത് സമ്മതിക്കുക, ഏറ്റുപറയുക, മാപ്പ് അപേക്ഷിക്കുക. വ്യക്തികളോട് സഭ നിർദ്ദേശിക്കുന്ന (ഫ്രാൻസീസ് പാപ്പാ ദമ്പതികളോട്: AL 133) ഈ ക്രിസ്തീയരീതി തന്നെയല്ലേ സഭയും പിന്തുടരേണ്ടത്? അതിലൂടെ സഭ നേടിയെടുക്കുന്നത് പൊതുസമൂഹത്തിന്റെ ആദരവായിരിക്കും; നേരെ മറിച്ചായാൽ പൊതുസമൂഹത്തിന്റെ പുച്ഛവും അപമാനവും. ●



# എത്ര ഭയാനകം!

ടോം അലക്സ് മേവട

എട്ടുംപൊട്ടും തിരിയാത്ത പ്രായത്തിൽ സമർപ്പിത ജീവിതത്തിന് ഇറങ്ങിത്തിരിക്കുക..., നീചന്മാരായ പുരോഹിതരുടെയും മെത്രാന്മാരുടെയും കാമഭ്രാന്തുകൾക്കിരയായി നരകിക്കുക...., പ്രതിഷേധിച്ചാൽ ക്രൂരമർദ്ദനങ്ങളേറ്റുവാങ്ങേണ്ടിവരുക..., ഒരുപക്ഷേ കൊല്ലപ്പെടുക..., ഗത്യന്തരമില്ലാതെ പൊതുസമൂഹത്തോട് സത്യം വിളിച്ചു പറയുമ്പോൾ സഭയുടെ പിണിയാളുകളാൽ പരസ്യമായി അവഹേളിക്കപ്പെടുക...; ഒടുവിൽ... സ്വജീവിതം സമർപ്പിച്ച സഭയിൽനിന്നു കിട്ടാത്ത നീതിക്കായി തെരുവിലലയേണ്ടിവരുക....., ഇനി, അവസാന ആശ്രയമായി പ്രതീക്ഷയർപ്പിക്കുന്ന രാജ്യത്തെ നീതിന്യായസംവിധാനങ്ങൾകൂടി കൈയൊഴിഞ്ഞാൽ....?

ഇതെന്തൊരു ജീവിതമാണ്....ഈ ലോകത്ത് എവിടെ, ആരുടെപക്കലാണ് ഇനിയവർ നീതിക്കായി യാചിക്കേണ്ടത്.....?

സത്യധർമ്മങ്ങൾ ഇത്ര പരസ്യമായി ചവിട്ടിയരയ്ക്കാൻ മടിയേതുമില്ലാത്ത കപടവിശ്വാസികളും നിർദ്ദയരുമായി എന്തു നേടാമെന്നോർത്താണ് നാമൊക്കെ ജീവിക്കുന്നത്....?

ഒന്നും നേടില്ല...., ആരും ഒന്നും കൊണ്ടുപോകുകയുമില്ല. അച്ചടക്കത്തിന്റെ ചാട്ടവാർ വീശി ന്യായവാദങ്ങളെ നിശ്ശബ്ദമാക്കുവാൻ ശ്രമിക്കുന്നവരോട് ഒന്നേ പറയാനുള്ളൂ. നിങ്ങളുടെ വികൃതമായ യഥാർത്ഥ മുഖം എല്ലാവരും തിരിച്ചറിഞ്ഞുകഴിഞ്ഞു; ദുർഗന്ധം വമിക്കുന്ന അഴുകിപ്പുഴുത്ത നിങ്ങളുടെ മനഃസ്സാക്ഷി അനാവൃതമാക്കപ്പെട്ടു കഴിഞ്ഞു.

കാലമിനിയും കടന്നുപോവുമായിരിക്കും. ഇരകളാക്കപ്പെടുന്നവരുടെ ദീനവിലാപങ്ങൾ നിങ്ങളുയർത്തുന്ന ഭക്ത്യാഭാസഭേരികളിൽ മുങ്ങിപ്പോവുമായിരിക്കും. കഴുത്തിലേറ്റപ്പെട്ട വിശ്വാസനുകവുംപേറി ജീവിക്കേണ്ടിവരുന്ന വിശ്വാസികളുടെ വിയർപ്പും ചോരയുമൂറ്റിവിറ്റ് പടുകൂറ്റൻ പള്ളികളും മെഡിക്കൽകോളജുകളും, ആശുപത്രി-വിദ്യാഭ്യാസ കച്ചവടസ്ഥാപനങ്ങളും പടുത്തുയർത്തുമായിരിക്കും. ഒക്കെ ആയിക്കോളൂ.., എല്ലാം കാണുന്നവന്റെ, നിയന്ത്രിക്കുന്നവന്റെ, (നിങ്ങൾക്കാ വിശ്വാസമില്ലെന്നറിയാം; പക്ഷേ, ഞങ്ങൾക്കിപ്പോഴും ഉണ്ട്) ചെറുവിരലനക്കത്തിൽ നിങ്ങൾ കെട്ടിയുയർത്തിയതെല്ലാം വെറും ചീട്ടുകൊട്ടാരംപോലെ തകർന്നടിയും. അധികം ദൂരത്തല്ല ആ നാളുകൾ..

●

ദുർബലമാകുമ്പോൾ സഭ ആന്തരികപ്രതിസന്ധി നേരിടുന്നു. കത്തോലിക്കാസഭയും യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളും നേരിടുന്ന ആന്തരിക പ്രതിസന്ധി ഭയാനകമാണ്.

ഈശോയിൽ തങ്ങളുടെ രക്ഷയും നിലനില്പും കണ്ടെത്തുന്ന വ്യക്തിക്ക്-പ്രസ്ഥാനങ്ങൾക്ക്- എങ്ങനെ മറ്റൊരു രക്ഷാരൂപം കണ്ടെത്താനാവും? ആവില്ലായെന്ന് 'സത്യജ്വാല'യുടെ പ്രവർത്തകർ ഓരോ നിമിഷവും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഡാന്റേയുടെ 'ഡിവൈൻ കോമഡി' എന്ന കലാസൃഷ്ടിയിൽ നരകത്തിൽപ്പോലും പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ള ഒരുകൂട്ടം ആളുകളെക്കുറിച്ച് പറയുന്നു. ആരാണിവർ? നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിൽ യാതൊരുപക്ഷത്തും ചേരാതെ നില്ക്കുന്നവരാണിവർ. ഇവരെ ദൈവത്തിന്റെ ശത്രുക്കൾ എന്നും ദൈവത്തിന്റെ ശത്രുക്കളുടെ ശത്രുക്കൾ എന്നും വിളിക്കാമെന്നാണ് ഈ ഇറ്റാലിയൻ നാടകരചയിതാവ് പ്രസ്താവിച്ചിരിക്കുന്നത്. സത്യത്തോടുള്ള സമീപനത്തിൽ നാം പ്രദർശിപ്പിക്കുന്ന നിഷ്പക്ഷതയാണ് ഇവിടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. 'സത്യജ്വാല'യുടെ സത്യത്തെ നെഞ്ചോടുചേർത്ത് പിടിക്കണം.

തിരുസ്സഭയിലെ മെത്രാന്മാരും വൈദികരും സഭയിൽ അന്ധകാരം സൃഷ്ടിക്കുന്നതായി എഡിറ്റർ വിലപിക്കുന്നു. ക്രൈസ്തവമേലദ്ധ്യക്ഷന്മാർ ഈശ്വരഗ്രഹണത്തിൽ ഏർപ്പെട്ടിരിക്കുന്നതായി സമ്മതിക്കേണ്ടിവരും. മറ്റുള്ളവർക്ക് വെളിച്ചംപകർന്നുകൊടുക്കുവാൻ അവർക്കു കഴിയുന്നില്ലെന്നതോ പോകട്ടെ, ദൈവത്തിന്റെ പ്രകാശം മറ്റുള്ളവരിലേക്ക് കടന്ന്ചെല്ലുന്നതിന് അവർ മാർഗ്ഗതടസ്സം സൃഷ്ടിക്കുകകൂടി ചെയ്യുന്നു. ഈ ഫരിസേയമനോഭാവം പൗരോഹിത്യസ്ഥാനികൾ അവസാനിപ്പിക്കാതെ ഒരു സഭയും നന്നാകില്ല. തെറ്റുവരുത്താത്തവരല്ല, പറ്റിയ തെറ്റിൽനിന്ന് ഒന്നും പഠിക്കാത്തവരാണ് യഥാർത്ഥ മൂഢന്മാരെന്ന് ഇനി എന്നാണ് സഭയെ നയിക്കുന്നവർ തിരിച്ചറിയുന്നത്?

ഫാ. ജോസഫ് പുത്തൻപുരയ്ക്കലിനെപ്പോലുള്ള കപടവേഷധാരികളായ വൈദികരുടെ വ്യാജപ്രബോധനങ്ങളെ സൂക്ഷിക്കുവാനുള്ള ആഹ്വാനവും 'പുളിച്ചമാവ്' എന്ന പദപ്രയോഗത്തിലൂടെ ഈശോ നല്കുന്നുണ്ട്. ഇന്ന് കത്തോലിക്കാസഭയിലും ഇതരസഭകളിലും അറിവില്ലാത്ത പുരോഹിതർ ഇടവകയിലും ധ്യാനകേന്ദ്രങ്ങളിലും വരുത്തിവയ്ക്കുന്ന തിന്മകളിൽ സഭകൾക്ക് ഉത്തരവാദിത്വമില്ലാത്ത അവസ്ഥ ദയനീയവും പരിഹാസ്യവുമാണ്. വേറെ ഒന്നിനും കൊള്ളുകയില്ലെന്നു വന്നാൽ ഒരു ധ്യാനഗുരു വാകുക എന്ന ദുരവസ്ഥ ഇന്ന് കേരളത്തിലുണ്ട്. വിവാഹം, ലൈംഗികത എന്നിവയെക്കുറിച്ച് അത്യാധുനികശാസ്ത്രം വെളിപ്പെടുത്തുന്ന കാര്യങ്ങൾ അറിയാതെ, വിവാഹത്തിന് ഒരുങ്ങുന്നവർക്ക് ക്ലാസ്സു നല്കുന്ന പുരോഹിതരും സന്ന്യാസികളുമുണ്ട്. കാപ്പിപ്പൊടിയച്ചന്റെ വചനപ്രഘോഷണം 'മുറിവൈദ്യർ ആളെക്കൊല്ലു'ന്നതിന് സമാനമാണ്. സന്ന്യാസസദാചാരത്തിന്റെ കപടത വിവേചിച്ചറിയാതെ എല്ലാം വിഴുങ്ങുന്ന വിശ്വാസികളും, മിതമായഭാഷയിൽ പറഞ്ഞാൽ വിവരദോഷികളാണ്.

●



# സന്ന്യാസത്തെ തള്ളിപ്പറഞ്ഞതാര്?



**ഷൈജു ആന്റണി**
(ജോ. കൺവീനർ, എസ്.ഒ.എസ്)
ഫോൺ - 9388998006

യഥാർത്ഥത്തിൽ സന്ന്യാസത്തെ തള്ളിപ്പറഞ്ഞതാരാണ്? ഈ സന്ന്യാസിനിമാരെല്ലാം ദ്വാരകയിൽ ഒരുമിച്ചു കൂടിയിട്ട് എന്താണ് പറഞ്ഞത്? ഇത് സന്ന്യാസത്തിന്റെ ആഘോഷമാണ് എന്ന്! സ്നേഹം വിശാലമാക്കിയത്രെ! ഭേഷായി! ആരോടുള്ള സ്നേഹമാണ് വിശാലമാക്കിയത്?

സന്ന്യാസത്തെ സ്നേഹിക്കുന്ന സന്ന്യാസിനിമാരേ, നിങ്ങളുടെ കൂട്ടത്തിൽ വേദന അനുഭവിക്കുന്ന ആരെയെങ്കിലും നിങ്ങൾ സന്ദർശിച്ചോ? നിങ്ങൾ എന്നെങ്കിലും സിസ്റ്റർ ലിസി വടക്കേലിനോട് സംസാരിച്ചിരുന്നോ? കുറവിലങ്ങാട്ടെ കന്യാസ്ത്രീക്ക് എന്തു പറ്റിയെന്ന് അന്വേഷിച്ചിരുന്നോ? വേണ്ട, സിസ്റ്റർ ലൂസിക്ക് എന്താണ് പറ്റിയതെന്ന് അന്വേഷിച്ചിരുന്നോ? സിസ്റ്റർ അഭയാക്കൊലക്കേസിൽ സാക്ഷികളായ സന്ന്യാസിനിമാർ കൂറുമാറിയത് സന്ന്യാസം ആഘോഷിക്കാനായിരുന്നോ? അനുസരണവ്രതം ലംഘിച്ചാൽ എല്ലാവരെയും പുറത്താക്കുമോ? അതിന് തുനിഞ്ഞാൽ കന്യാസ്ത്രീ മഠത്തിൽ ആരെങ്കിലും ബാക്കിയുണ്ടാകുമോ?

"അനന്തരം രാജാവ് തൻെറ വലതുഭാഗത്തുള്ളവരോട് അരുളിച്ചെയ്യും: എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എൻെറയടുത്തുവന്നു" (മത്താ. 25 : 34-36).

മുകളിൽ പറഞ്ഞ ദൈവവചനത്തിൽ പറയുന്ന ചിലർ നിങ്ങളുടെ സന്ന്യാസഭവനങ്ങളിലുണ്ട്. നിങ്ങളിൽ ചിലർ കാരാഗൃഹത്തിലാണ്. നിങ്ങളിൽ ചിലർ നിങ്ങളുടെ ഇടയിൽ പരദേശിയാണ്. നിങ്ങളിൽ ചിലർക്ക് നിങ്ങളുടെ ഇടയിൽ വിശക്കുന്നുണ്ട്. നിങ്ങൾ എന്തു ചെയ്തു എന്നാണ് മണവാളന്റെ ചോദ്യം.

മൊഴി മാറ്റിപ്പറയാൻ ഒരു നേരം അത്താഴം കൊടുക്കാതിരുന്നപ്പോൾ നിങ്ങൾ സന്ന്യാസം ആഘോഷിക്കുകയായിരുന്നോ?

പ്രിയരേ, നിങ്ങൾതന്നെയാണ് നിങ്ങളുടെ സന്ന്യാസത്തെ (സന്ന്യാസിനികളെ) തള്ളിപ്പറഞ്ഞത്. നിങ്ങളുടെ കൂട്ടുകാരൻ നോബിളിനെക്കൊണ്ട് നിങ്ങൾ അധിക്ഷേപിച്ചത് നിങ്ങളുടെ സന്ന്യാസിനിയെയാണ്. ഞങ്ങൾ യഥാർത്ഥ സന്ന്യാസിനികളെ ചേർത്തുനിർത്തുകയാണ് ചെയ്തത്. കാരണം, നിങ്ങൾ എന്നും ഞങ്ങൾക്ക് സഹോദരിമാരാണ്. നാളെ ഒരുപക്ഷേ നിങ്ങൾക്കും കുറവിലങ്ങാട്ടെ കന്യാസ്ത്രീയുടെയോ ലൂസിയുടേയോ ലിസ്സിയുടെയോ, ഒരുപക്ഷേ അഭയയുടെ തന്നെയോ ഗതി ഉണ്ടായേക്കാം. ഞങ്ങൾ അപ്പോൾ നിങ്ങളുടെയും കൂടെയുണ്ടാകും.

അറിയില്ല, ഇപ്പോൾ ദൈവസന്നിധിയിൽ എത്തിയാൽ അവിടുന്ന് നിങ്ങളോട് എന്തു പറയും?

●

# ഫാദർ റോയി കണ്ണംചിറ സിഎംഐ-യുടെ പ്രസംഗം – ഒരു വിയോജനക്കുറിപ്പ്

ചാക്കോ കളരിക്കൽ

സെപ്റ്റംബർ 15, 2019-ൽ മാനന്തവാടി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് 'സമർപ്പിത' എന്ന പേരിൽ വിവിധ സന്ന്യാസിനീസമൂഹങ്ങളിൽപ്പെടുന്നവരുടെ ഒരു സമ്മേളനം നടക്കുകയുണ്ടായി. ആ സമ്മേളനത്തിലെ ഒരു പ്രസംഗകനായിരുന്നു ഫാദർ റോയി കണ്ണംചിറ-സി.എം.ഐ. 'തീ പാറുന്ന വാക്കുകളുമായി' എന്നു വിശേഷിപ്പിക്കപ്പെട്ട ആ പ്രസംഗത്തിന്റെ അർത്ഥശൂന്യത തുറന്നുകാണിക്കാനാണ് ഇതെഴുതുന്നത്.

'പരസ്യമായി പറയേണ്ടതില്ലെന്നു വിചാരിച്ചിരുന്ന ചില രഹസ്യങ്ങളുടെ പരസ്യപ്രഖ്യാപനത്തിനുള്ള അർത്ഥപൂർണമായ ഒരു സമ്മേളനമാണിത്' എന്ന് ഫാ. റോയി തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പറയുകയുണ്ടായി. എന്താണാവോ ആ രഹസ്യങ്ങൾ? 'ഉടുപ്പ്-ഉടല്'എന്ന പുതിയ ദൈവശാസ്ത്രവും ഒരു പോക്കറ്റിലെ ദുർഗന്ധവും മറുപോക്കറ്റിലെ സുഗന്ധവുമെല്ലാം സന്ന്യസ്തജീവിതശൈലിയെ പൊക്കിപ്പറയാൻ വേണ്ടി രൂപകല്പന ചെയ്ത് അവതരിപ്പിച്ച ഒന്നായിമാത്രമേ, വിദ്യാസമ്പന്നരും പ്രബുദ്ധരുമായവർക്ക് ഈ പ്രസംഗത്തെ കാണാനാവൂ. ഇതാണോ പറയേണ്ടതില്ലെന്നു വിചാരിച്ച രഹസ്യം? ഇതിൽ ഒരു രഹസ്യവുമില്ല. വിവാഹിതരായി കുഞ്ഞുങ്ങളെ ജനിപ്പിച്ച് നെറ്റിയിലെ വിയർപ്പുകൊണ്ട് കുടുംബംപോറ്റി ജീവിക്കുന്ന കുടുംബജീവിതശൈലിയാണ് ഉത്തമക്രൈസ്തവ ജീവിതമെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ട്. സുവിശേഷസാക്ഷ്യമല്ലേ സത്യം?

തിരുവനന്തപുരത്തു നടന്ന ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളുടെ കായികമത്സരത്തിൽ പങ്കെടുത്ത ഒരു കുട്ടിയുടെ വിസർജ്യം ഒരു കന്യാസ്ത്രീ തൂവാലയിൽ പൊതിഞ്ഞ് പോക്കറ്റിലിട്ട സംഭവം കന്യാസ്ത്രീകളുടെ പ്രവൃത്തിയെ പൊക്കിപ്പറയാൻവേണ്ടി ഫാദർ റോയി വികാരഭരിതനായി അവതരിപ്പിക്കുന്നതു കേട്ടപ്പോൾ സത്യത്തിൽ അദ്ദേഹത്തോട് സഹതാപം തോന്നി. കാരണം, ഈ ലോകത്തിൽ ലക്ഷക്കണക്കിന് നേഴ്സുമാർ രാപകലില്ലാതെ കോടിക്കണക്കിന് ജനങ്ങളുടെ മലമൂത്ര വിസർജനമെടുക്കുന്നു. നക്കാപ്പിച്ച ശമ്പളം വാങ്ങി രാപകലില്ലാതെ ആശുപത്രികളിൽ പണിയെടുക്കുന്ന നേഴ്സുമാർ അല്പം ശമ്പളം കൂട്ടിത്തരാൻ ആവശ്യപ്പെട്ടാൽ, 'സഭയെ നശിപ്പിക്കുന്നവർ' എന്നു മുദ്രകുത്തുന്ന സഭാധികാരത്തിന്റെ ഈ വക്താവിന്, കന്യാസ്ത്രീകളുടെ പ്രവൃത്തികളെമാത്രം പൊക്കിപ്പറയുന്നതിലെ അനൗചിത്യം എന്തേ മനസ്സിലാക്കാൻ സാധിക്കാതെ പോയി?

> **സഭയെന്നു പറഞ്ഞാൽ ദൈവജനത്തിന്റെ കൂട്ടായ്മയാണെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്. സഭ പട്ടക്കാരുടെ കൂട്ടായ്മയല്ല; സന്ന്യസ്തരുടെ കൂട്ടായ്മയല്ല.**

അങ്കമാലിയിലെ പെരുവഴിയിൽക്കൂടി ളോഹയിട്ടവർ നേഴ്സുമാർക്കെതിരായി ഒരിക്കൽ മുദ്രാവാക്യം മുഴക്കി നീങ്ങുന്നത് കണ്ടപ്പോൾ എനിക്ക് അത്ഭുതവും ലജ്ജയും തോന്നി. ഉടുപ്പിനുള്ളിൽ (ളോഹയ്ക്കുള്ളിൽ) ഒരുടലുണ്ടെങ്കിൽ നേഴ്സുമാരുടെ ഉടുപ്പിനുള്ളിലും ഒരുടലുണ്ടെന്ന് ഫാ. റോയി ഓർമിക്കണം. സന്ന്യസ്തരായ സ്ത്രീകളുടെ പ്രവൃത്തികളെ താഴ്ത്തിപ്പറയുകയല്ല ഞാനിവിടെ. അടിമത്തത്തിൽക്കൂടിയുള്ള സേവനത്തെക്കാൾ കുടുംബത്തെ പോറ്റാൻവേണ്ടി ശമ്പളംവാങ്ങിക്കൊണ്ട് സ്വാതന്ത്ര്യത്തോടെ ജോലി ചെയ്യുന്ന നേഴ്സുസഹോദരികളെ പൊക്കിപ്പറഞ്ഞില്ലെങ്കിലും 'സഭയെ നശിപ്പിക്കുന്നവർ' എന്നുപറഞ്ഞ് ആക്ഷേപിക്കരുത്.

സഭയെന്നു പറഞ്ഞാൽ ദൈവജനത്തിന്റെ കൂട്ടായ്മയാണെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്. സഭ പട്ടക്കാരുടെ കൂട്ടായ്മയല്ല; സന്ന്യസ്തരുടെ കൂട്ടായ്മയല്ല. വൈദികർ ഇന്ന് വിശ്വാസികൾക്ക് ചെയ്തുകൊടുക്കുന്ന ആധ്യാത്മികാവശ്യങ്ങൾക്ക് പാരിതോഷികങ്ങൾ എണ്ണി വാങ്ങിക്കുന്നുണ്ട്. അപ്പോൾ അവർ ഇടവകക്കാർക്ക് സേവനമല്ല; മറിച്ച്, മെത്രാൻ നിയോഗിച്ച ഇടവകയിലെ ജോലിയാണ് നിറവേറ്റുന്നത്. പാരിതോഷികം പറ്റാതെ സഹജീവികൾക്ക് സൗജന്യമായി ചെയ്തുകൊടുക്കുന്നതിനെയാണ് സേവനം എന്ന പദംകൊണ്ട് നാം മനസ്സിലാക്കുന്നത്.

സന്ന്യാസജീവിതശൈലി തിരെഞ്ഞെടുത്തു, ളോഹയിട്ടു എന്ന കാരണത്താൽ, ക്രിസ്തുവിന്റെ പാത അവർ പിന്തുടരുന്നുവെന്ന് പണ്ടുകാലങ്ങളിൽ വിദ്യാവിഹീനരായ വിശ്വാസികൾ അന്ധമായി വിശ്വസിച്ചിരുന്നു. അക്കാലം മാറി. ക്രിസ്തു എന്തായിരുന്നുവെന്നും എന്തിനുവേണ്ടി നിലകൊണ്ടുവെന്നും നമ്മിൽനിന്ന് എന്താഗ്രഹിക്കുന്നുവെന്നും ഇന്ന് സാധാരണ വിശ്വാസികൾക്കുപോലും അറിയാം. ചാരമെറിഞ്ഞ് സാത്താനെ ഒഴിപ്പിക്കുന്ന കാലം കഴിഞ്ഞുപോയി. ഇടതുകരംകൊണ്ട് കൊടുക്കുന്നത് വലതുകരം അറിയരുതെന്ന് പറഞ്ഞു പഠിപ്പിച്ച ക്രിസ്തുനാഥന്റെ ശിഷ്യരെന്ന് അവകാശപ്പെടുന്നവർ സ്വയം കൊട്ടിഘോഷിക്കുന്നത് അപഹാസ്യമാണ്. ക്രിസ്തീയ വിശ്വാസികളെയും സന്ന്യസ്തജീവിതം ആഗ്രഹിക്കുന്ന

കന്യാസ്ത്രീകളെയും തന്നിഷ്ടപ്രകാരം ദാസ്യവൃത്തിക്കും ലൈംഗിക ആഗ്രഹപൂർത്തിക്കും ഉപയോഗിക്കുന്നത് എന്തായാലും അപലപനീയമാണ്. ഒരു മെത്രാനോ വൈദികനോ ആ തെറ്റുചെയ്താൽ എന്തുകൊണ്ട് നിങ്ങൾ ആ വ്യക്തിയുടെ പ്രവൃത്തിയെ സമൂഹത്തിൽ തള്ളിപ്പറയുന്നില്ല? തള്ളിപ്പറയുന്നില്ലെന്നുമാത്രമല്ല, അയാളെ ജനമധ്യത്തിൽ സാധൂകരിക്കാൻ നിങ്ങൾ നിങ്ങളുടെ അളവില്ലാത്ത സമ്പത്തും രാഷ്ട്രീയസ്വാധീനവും ഉപയോഗിക്കുകയും ചെയ്യുന്നു. അത് വിശ്വാസികളിൽ ഏൽപ്പിക്കുന്ന മുറിവിന്റെ ആഴം നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ?

അടുത്ത കാലങ്ങളിൽ വൈദികർക്ക് ഉടുപ്പിട്ടുകൊണ്ട് പെരുവഴിയിൽക്കൂടി നാണംകെട്ടിട്ട് നടക്കാൻ സാധിക്കാതായത് ഉടുപ്പിനുള്ളിലുള്ള ഉടലിന്റെ ചൊറിച്ചിലുകൊണ്ടാണെന്ന് ഫാദർ റോയി മനസ്സിലാക്കണം. അല്മായരായ ഞങ്ങൾക്കുള്ള നാണത്തിനും നിങ്ങളല്ലേ കാരണക്കാർ? ന്യൂജൻ സന്ന്യസ്തരുടെയും വൈദികരുടെയും കൈയിലിരുപ്പു വളരെ മോശം. ഇടവകസ്നേഹികളായ ദേശത്തുപട്ടക്കാർ ഇന്ന് അന്ന്യംനിന്നുപോയി. മെത്രാന് ഓശാനപാടുന്ന ഗുണ്ടാ അച്ചന്മാരുടെ വിളയാട്ടമാണിപ്പോൾ. അതുകൊണ്ടല്ലേ, കന്യാസ്ത്രീകളിൽനിന്ന് ലൈംഗിക സഹായസന്നദ്ധത ലഭിക്കാൻ അവരുടെ സാമ്പത്തികവും ആധ്യാത്മികവുമായ ശക്തികൾ ദുരുപയോഗം ചെയ്യുന്നത്? സാധാരണ വിശ്വാസികൾക്കെല്ലാം ആ സത്യമറിയാം. അതിന് ചാനലുകാരെ 'ചാനൽ തമ്പുരാക്കന്മാർ' എന്നോ 'മാധ്യമ പ്രഭുക്കളെന്നോ' വിളിച്ച് ആക്ഷേപിക്കുന്നതിൽ അർത്ഥമില്ല. ചാനലുകാരോ വിശ്വാസികളോ ഭൂമി കള്ളക്കച്ചവടം നടത്തിയില്ല; കന്യാസ്ത്രീകളെ ലൈംഗികമായി പീഡിപ്പിച്ചില്ല; പെൺകുട്ടികളെ ഗർഭിണികളാക്കിയില്ല; ബാലപീഡനം നടത്തിയിട്ടില്ല; പാവപ്പെട്ടവരുടെ ബാങ്ക്ലോൺ തട്ടിയെടുത്തില്ല.'അഭിവന്ദ്യരായ' പുരോഹിതവർഗം നാറ്റിച്ച് ഗുണംവരുത്തിയതിന് ചാനലുകാർ എന്തുപിഴച്ചു? ദൈവജനം എന്തുപിഴച്ചു? സഭയിലെ ഭിന്നിപ്പിന്റെ ആത്മാവ് വിമതരിലോ മാധ്യമങ്ങളിലോ അല്ല. അത് സഭയിൽ തെറ്റുചെയ്ത പുരോഹിതരിലാണ്. ഈ സത്യം സഭാധികാരം തിരിച്ചറിയണം. ചെയ്ത തെറ്റ് മറച്ചുവയ്ക്കാതെ അംഗീകരിക്കുകയും തെറ്റ് തിരുത്തുകയും ചെയ്യുന്ന ഒരു സഭാശൈലിക്കു തുടക്കം കുറിച്ചേ തീരൂ. അതിന് ഇനിയും വൈകരുത്. 'ബിസിനസ് ആസ് യൂഷ്വൽ' ഇനി ചെലവാകുകയില്ല.

വഞ്ചീസ്ക്വയറിൽ വന്നിരുന്ന കന്യാസ്ത്രീകളും പുരോഹിതരും ഇന്നനുഭവിക്കുന്ന വേദനകളുടെയും യാതനകളുടെയും തിരസ്കരണങ്ങളുടെയും കാരണം ഉടുപ്പിന്റെ അടിമത്തംമാത്രമാണ്. ഞങ്ങൾ അടിമകളല്ലായെന്ന് തൊണ്ടകീറിക്കാറിയിട്ട് കാര്യമില്ല. ളോഹധാരികൾക്ക് അടിമകളാകാതിരിക്കാൻ നിങ്ങളുടെ നിയമം അനുവദിക്കുന്നില്ലല്ലോ. അനുസരണത്തിന്റെ കീഴ്വഴക്കം നിയമാനുസൃതമാക്കുന്ന വിദ്യയുടെ ഉപജ്ഞാതാക്കളാണല്ലോ സഭാധികാരികൾ. സന്ന്യാസസഭകളിലെ അനുസരണ സംസ്കാരത്തിലൂടെ ഒരു വ്യക്തിയെ എത്രയും ദ്രോഹിക്കാമോ അത്രയും ദ്രോഹിച്ചിട്ട്, അവരെ സഫീറയെന്നു വിളിക്കാൻ ഒരു വൈദികമനസ്സിനേ സാധിക്കൂ. അത് മനസ്സിലാക്കാൻ PhD-യുടെ ആവശ്യമില്ല. സന്ന്യസ്ത സഭകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുന്നവരെ സഫീറമാരാക്കി, 'സഫീറ സിൻഡ്രോം' ബാധിച്ചവരാക്കി പുച്ഛിച്ചവഹേളിക്കാൻ ശ്രമിക്കുന്നതിനു പകരം കാലഹരണപ്പെട്ട നിയമസംഹിതകളെ കാലോചിതമായി തിരുത്തിയെഴുതി നവീകരിക്കുന്നതിനുള്ള ആർജവമാണ് കാണിക്കേണ്ടത്. കുറെ കന്യാസ്ത്രീകളെ തടുത്തുകൂട്ടി സന്ന്യാസജീവിതശൈലിയുടെ മഹത്വം പൊക്കിപ്പറഞ്ഞ് കൈയടിവാങ്ങി സ്വയം തൃപ്തിപ്പെടാമെന്നല്ലാതെ, ന്യായീകരണത്തൊഴിലാളികളുടെ ഇത്തരം പ്രസംഗങ്ങൾക്ക് പൊതുജനമധ്യത്തിൽ പ്രസക്തിയൊന്നുമില്ല. നൂറ്റാണ്ടുകളായി കന്യാസ്ത്രീകളുടെ മസ്തിഷ്കം മരവിപ്പിച്ച് അവരെ അടിമകളാക്കി. അത് ആഗോളസഭയുടെ നേട്ടം! കേരളസഭയിൽ ശാലോമും കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുംകൂടി കഴിഞ്ഞ 20-30 വർഷങ്ങൾകൊണ്ട് വിശ്വാസികളുടെ തലച്ചോറും മരവിപ്പിച്ച് അവരെയും അടിമകളാക്കി. ഇത് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലെ കേരളസഭയുടെ നേട്ടം! സന്ന്യസ്തരുടെ ഇടയിലെ അവിശ്വസനീയമായ അജ്ഞത അപാരംതന്നെ!

ഒരു സാമ്രാജ്യത്വസ്ഥാപനമായിരിക്കുന്ന കത്തോലിക്കാസഭയ്ക്കിന്ന് യേശുവുമായി പുലബന്ധംപോലുമില്ല.

**ഒരു സാമ്രാജ്യത്വസ്ഥാപനമായിരിക്കുന്ന കത്തോലിക്കാസഭയ്ക്കിന്ന് യേശുവുമായി പുലബന്ധംപോലുമില്ല. അതിന്ന് തകർന്നുകൊണ്ടിരിക്കുന്നത് അവർ കാണുന്നു. സീറോ–മലബാർ സഭയിലും തകർച്ചകൾ നടക്കുന്നു. അത് തങ്ങളുടെ പെരുമാറ്റദൂഷ്യംകൊണ്ടാണ് സംഭവിക്കുന്നത് എന്ന് പുരോഹിതർക്കറിയാം. ആ തകർച്ചയുടെ കാരണങ്ങളെ വെള്ളപൂശാനുള്ള ബഹളത്തിന്റെ ഭാഗമാണ് മാനന്തവാടിയിലെയും തൃശൂരിലെയുമെല്ലാം സന്ന്യസ്തസംഗമങ്ങൾ.**

അതിന്ന് തകർന്നുകൊണ്ടിരിക്കുന്നത് അവർ കാണുന്നു. സീറോ-മലബാർ സഭയിലും തകർച്ചകൾ നടക്കുന്നു. അത് തങ്ങളുടെ പെരുമാറ്റദൂഷ്യംകൊണ്ടാണ് സംഭവിക്കുന്നത് എന്ന് പുരോഹിതർക്കറിയാം. ആ തകർച്ചയുടെ കാരണങ്ങളെ വെള്ളപൂശാനുള്ള ബഹളത്തിന്റെ ഭാഗമാണ് മാനന്തവാടിയിലെയും തൃശൂരിലെയുമെല്ലാം സന്ന്യസ്തസംഗമങ്ങൾ. കുമാരൻ നോബിളായിരുന്നു തൃശൂർ സംഗമത്തിലെ പ്രധാനപ്രഭാഷകൻ എന്നു കേൾക്കുമ്പോൾത്തന്നെ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ, അതിലെ പൊള്ളത്തരവും അപഹാസ്യതയും. ആത്മീയത നഷ്ടപ്പെട്ട സന്ന്യാസം ഉടലില്ലാത്ത ളോഹമാത്രമാണെന്ന് ചിന്തിക്കുന്ന വിശ്വാസികൾ തിരിച്ചറിയുന്നു. തിരുത്തലിന് തയ്യാറാകാതെ, കുറ്റം മുഴുവൻ

# ഹേ.... പുരോഹിതാ, ഉടുപ്പാണോ ഉടുപ്പിനുള്ളിലെ ഉടലാണോ മഹത്തരം?

**റിജു കാഞ്ഞൂക്കാരൻ**
(സെക്രട്ടറി, എ.എം.റ്റി)

ദ്വാരകയിൽ ഒത്തുചേർന്ന് 'ഞങ്ങൾ അടിമകളല്ല' എന്നു പ്രഖ്യാപിച്ച കന്യാസ്ത്രീയോഗത്തിൽ ഒരു പ്രശസ്തനായ പുരോഹിതൻ തന്റെ വാഗ്ചാതുര്യംകൊണ്ട് ഉടുപ്പിന്റെ മാഹാത്മ്യം വർണ്ണിക്കുന്നത് കേട്ടു. അദ്ദേഹത്തിനോട് ഒരു ചോദ്യം, ഒരേയൊരു ചോദ്യം: 'ഉടുപ്പിനാണോ ഉടുപ്പിനുള്ളിലെ ഉടലിനാണോ മാഹാത്മ്യം?"

താങ്കൾ പറഞ്ഞുവച്ചത്, ഉടൽ കുറെ കഴിഞ്ഞു ഇല്ലാതാകും; എന്നാൽ ഉടുപ്പിന്റെ മഹത്വം എന്നും നിലനിൽക്കും എന്നാണ്. അതുകൊണ്ടാണ് ഇത്തരം ഒരു ചോദ്യം. അല്ലയോ, പുരോഹിതാ.. താങ്കൾക്കു ലഭിച്ച ദൈവവിളിയും അതുവഴി കിട്ടിയ പൗരോഹിത്യവും നിലനിർത്തിത്തന്നെ ചോദിക്കട്ടെ: താങ്കൾക്ക് ലഭിച്ച വിളിയും ക്രിസ്തുവിന്റെ അഭിഷേകവും താങ്കളുടേതാണോ, താങ്കൾ ധരിക്കുന്ന ഉടുപ്പിന്റേതാണോ?

'ഉടുപ്പിൽ ഉടൽ ഊരി പോകുന്നത് ചൊറിച്ചിൽ ഉള്ളത് കൊണ്ടാണ്' എന്നും അങ്ങ് പറയുകയുണ്ടായി. അങ്ങയെപ്പോലുള്ള പുരോഹിതഗണം അത്രമേൽ ചൊറിച്ചിലുള്ളതുകൊണ്ടാണോ, ഒരു ദിവസത്തിന്റെ 90% സമയവും ഉടുപ്പിൽനിന്ന് മാറി പാന്റ്സും ബർമുഡയും ടി ഷർട്ടും ഇട്ട് പുറംലോകത്ത് ആയിരിക്കുന്നത്? നിങ്ങളിൽ എത്ര പേർ ബ്രഹ്മചര്യവും അനുസരണവും 100% പാലിക്കുന്നുണ്ട്? താങ്കൾ ദ്വാരകയിൽ അഭിസംബോധന ചെയ്ത കന്യാസ്ത്രീകളിൽ എത്ര പേർ അവരുടെ മൂന്നു വ്രതങ്ങൾ-'ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം' -100% കൃത്യമായി പാലിക്കുന്നുണ്ട്?എത്ര പേരെ ചൂണ്ടിക്കാണിക്കാൻ അങ്ങേക്ക് സാധിക്കും?

സഹപ്രവർത്തകയുടെ കണ്ണിലെ കരട് ചൂണ്ടിക്കാണിക്കാൻ ഇത്രയും സന്നാഹമൊരുക്കുമ്പോൾ, സ്വന്തം കണ്ണിലെ തടി കാണാതെ പോകരുത്. താങ്കൾ എന്തർത്ഥത്തിലാണ് ഇത്തരം ഒരു പ്രസ്താവന നടത്തിയത് എന്ന് മനസ്സിലാകുന്നില്ല.... ആരും തിരിച്ചു ചോദിക്കില്ല എന്ന ഉത്തമബോധ്യത്തിൽ നിന്നാണോ? അതോ, 'ഞങ്ങൾ പുരോഹിതശ്രേഷ്ഠൻമാരുടെ അടിമകളല്ല' എന്ന് ഉറക്കെ വിളിച്ചു പറയാൻ ഒന്നിച്ചു കൂടിയ വെറും അടിമകളായ കന്യാസ്ത്രീകൾ ഒന്നും ചാനലുകാരുടെ തലയിൽ കെട്ടിവെച്ച് ഇനിമുതൽ അന്തിച്ചർച്ച അവസാനിപ്പിച്ച് വാപൊത്തിയിരുന്നുകൊള്ളണമെന്ന് പ്രഖ്യാപിക്കാൻ 'ന്യായീകരണസിൻഡ്രോം' ബാധിച്ച മെത്രാന്മാർക്കും വൈദികർക്കുമേ കഴിയൂ. ആയിരക്കണക്കിന് കോടികളുടെ ആസ്തിയുള്ള സീറോ-മലബാർ സഭയെയോ അതിന്റെ ഭാഗമായ സി.എം.ഐ. സഭയെയോ ആരും തൊട്ടുകളിക്കുകയില്ലെന്ന വൈദികഹുങ്കാണ് ചാനലുകാരെ അടച്ചാക്ഷേപിക്കാനും അവർക്ക് മുന്നറിയിപ്പു നൽകാനും റോയി അച്ചനെ പ്രേരിപ്പിച്ച ഘടകം. മൗനംകൊണ്ടു പ്രതികരിച്ചു മടുത്ത സഭാധികാരം, ചുണക്കുട്ടികളായ എ.കെ.സി.സി.-യിലെയും കെ.സി.വൈ.എം.-യിലെയും ചെറുപ്പക്കാരെ ഇറക്കി പ്രതികരിക്കുമെന്നാണ് റോയി അച്ചൻ പറഞ്ഞവസാനിപ്പിച്ചത്. ഉമ്മാക്കികാണിച്ച് പേടിപ്പിക്കുന്ന കാലം കഴിഞ്ഞുപോയി റോയിയച്ചോ. നാലുംമൂന്നുമേഴ് ചുണക്കുട്ടികളെ അച്ചന് കിട്ടിയാൽ ഭാഗ്യം. കന്യാസ്ത്രീകൾക്ക് നീതി ലഭിക്കില്ല എന്ന ഘട്ടം വന്നാൽ, സമരത്തിന് പിന്തുണയല്ല ഡി.വൈ.എഫ്.ഐ.തന്നെ രംഗത്തേക്കിറങ്ങുമെന്ന ശ്രീ എം സ്വരാജിന്റെ പ്രഖ്യാപനം റോയ് അച്ചൻ അറിഞ്ഞോ ആവോ? ശോചനീയമായ അവസ്ഥ!

യേശുപഠനങ്ങൾ പവിത്രമാണ്. കത്തോലിക്കാസഭ പവിത്രമാണോ? കോൺസ്റ്റൻന്റൈൻ സ്ഥാപിച്ച സഭ പവിത്രമാണോ? മതവിചാരണകോടതികളിലൂടെ ലക്ഷങ്ങളെ കൊന്നൊടുക്കിയ സഭ പവിത്രമാണോ? യഹൂദരെയും സ്ത്രീകളെയും നിത്യശത്രുക്കളായി കണ്ട സഭ പവിത്രമാണോ? സഭാചരിത്രം വായിച്ചുപഠിച്ചിട്ടുള്ള റോയി അച്ചൻ, പാംപ്ലാനി മെത്രാൻ കള്ളം പറയുന്ന അതേ ലാഘവത്തോടെ സഭയുടെ പവിത്രചരിത്രം പറഞ്ഞത് മനഃസാക്ഷിക്കുത്തോടെയല്ലേ? സത്യത്തോടു ചേർന്നുനിന്ന് നുണപറയുന്ന വർഗമായിമാറി, വൈദികരും സന്ന്യസ്തരും. കോടതികളിലെ മൊഴിമാറ്റങ്ങൾ ആ സംസ്കാരത്തിന്റെ ബഹിർസ്ഫുരണമാണ്. എത്രനാൾ നുണപറഞ്ഞ് കോടതികളെയും ജനങ്ങളെയും പറ്റിക്കാൻ കഴിയും? തിരുസ്സഭ നന്മമാത്രമാണ് ചെയ്യുന്നതെന്നു പറയുന്നത് കേട്ടുകേട്ടു ജനം മടുത്തു. രക്തസാക്ഷികളുടെ രക്തത്തിലാണ് സഭ കെട്ടിപ്പടുത്തതെന്ന പ്രസംഗവും കേട്ടുകേട്ട് അവർ മടുത്തിരിക്കുന്നു.

സഭയിന്ന് ഗുരുതരമായ പ്രതിസന്ധിഘട്ടത്തിലാണ്. കന്യാസ്ത്രീമഠങ്ങൾ തരിശായിക്കൊണ്ടിരിക്കുന്നു. മഠങ്ങൾ പൂട്ടാൻ താഴും താക്കോലും വാങ്ങിക്കേണ്ട ഗതികേടിലാണ്, സഭ. സഭയുടെ തലപ്പത്തിരിക്കുന്നവരുടെ കൈയിലിരിപ്പിന്റെ ഗുണംകൊണ്ട് ആ പൂട്ടൽ ധൃതിയിൽത്തന്നെ സംഭവിക്കുകയും ചെയ്യും.

(ഫാദർ റോയിയുടെ പ്രസംഗത്തിന്റെ ലിങ്ക്:
https://youtu.be/wWmYTBd0low)

തിരിച്ചു പറയില്ല എന്നുള്ള ബോധ്യത്തിലാണോ?

ലോകം മുഴുവൻ ആദരവോടെ നോക്കിക്കാണുന്ന സിസ്റ്റർ ദയാബായി ധരിക്കുന്ന വസ്ത്രം താങ്കൾ കണ്ടിട്ടുണ്ടോ? അവരുടെ താമസസ്ഥലത്തു മറ്റൊരു കന്യാസ്ത്രീ ചെല്ലണമെങ്കിൽ ഉടുപ്പ് ധരിച്ചു വരാൻ പാടില്ല എന്ന് അവർക്ക് കർശനമായ നിർബന്ധമുണ്ട്. താങ്കൾക്ക് അത് അറിയാമോ? പല കോൺഗ്രിഗേഷനിൽ ഉള്ള നമ്മുടെ പല കന്യാസ്ത്രീകളും ദയാബായിയുടെ താമസസ്ഥലത്തു പോയിട്ടുണ്ട്, പോകാറുണ്ട്. അവരൊന്നും ഉടുപ്പ് ധരിച്ചുകൊണ്ടല്ല പോകുന്നത്. ചുരിദാർ, അല്ലെങ്കിൽ സാരി ഉടുത്തു കൊണ്ടാണ് പോകുന്നത്. അറിയില്ലെങ്കിൽ ഒന്ന് അന്വേഷിച്ചു നോക്കുന്നത് നന്നായിരിക്കും.

ഉത്തരേന്ത്യയിൽ ജീവിതവസാനംവരെ സേവനംചെയ്ത സ്വാമിയച്ചനെ അറിയുമോ? നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള സ്വാമിയച്ചന്റെ വസ്ത്രം താങ്കൾ കണ്ടിട്ടുണ്ടോ...? ആ മഹദ്‌വ്യക്തിയുടെ അഭിഷേകം ഉടുപ്പിലാണോ, ഉടലിലാണോ? അങ്ങനെ നൂറുകണക്കിന് കന്യാസ്ത്രീകളും പുരോഹിതരും ഈ രാജകീയവസ്ത്രം ഒന്നും ഇല്ലാതെയാണ് അവരുടെ ദൈവവിളിക്ക് പ്രത്യുത്തരം നൽകുന്നത്.

അതൊക്കെ ഇനിയും പറഞ്ഞു ഞാൻ ബോറടിപ്പിക്കുന്നില്ല. മറ്റൊരു പ്രധാനകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. യഹൂദനായ ഒരു യേശുവിനെ അങ്ങ് അറിയുമോ? യേശുവിന്റെ വസ്ത്രം ശ്രദ്ധിച്ചിട്ടുണ്ടോ? അന്ന് ഇസ്രായേലിൽ ഏതൊരു സാധാരണ യഹൂദനും ധരിക്കുന്ന വസ്ത്രത്തിൽനിന്ന് യാതൊരു വ്യത്യാസവും അതിനുണ്ടായിരുന്നില്ല. അവിടെ വഴിയരികിലും ചന്തയിലും വയലിലും കാണുന്ന ഒരു സാധാരണ യഹൂദന്റെ വസ്ത്രംതന്നെ ആയിരുന്നു യേശുവിന്റേതും. അതറിയുമോ? ഇല്ലെങ്കിൽ അറിയാൻ ശ്രമിക്കുക. അന്നും ഇന്നത്തെപ്പോലെ രാജകീയവസ്ത്രം ധരിച്ചിരുന്നവർ ഉണ്ടായിരുന്നു – നിങ്ങളെപ്പോലെ, നിങ്ങളുടെ വൈദിക ശ്രേഷ്ഠരെപ്പോലെ വസ്ത്രംധരിച്ചവർ – അന്നത്തെ പുരോഹിതവർഗ്ഗം. കയ്യഫാസിന്റെ ഗണത്തിൽപ്പെട്ടവർ! അന്ന് യേശു അവരെ നോക്കി പറഞ്ഞതുതന്നെ ഇന്ന് നിങ്ങളെയും നോക്കി പറയും: 'വെള്ളയടിച്ച കുഴിമാടങ്ങളേ' എന്ന്!

പുറംകുപ്പായത്തിന്റെ തിളക്കത്തിലോ വെണ്മയിലോ അല്ല പൗരോഹിത്യത്തിന്റെ, സന്ന്യാസത്തിന്റെ മഹത്വം. അത് നിങ്ങളുടെ ഓരോരുത്തരുടെയും പ്രവൃത്തിയിലാണ് എന്ന് സ്വയം തിരിച്ചറിയാൻ അങ്ങേക്കു കഴിയട്ടെ എന്നുമാത്രം ആശംസിച്ചുകൊണ്ട് നിറുത്തുന്നു.... ●

# ലൂസിയും സഭയും മാധ്യമങ്ങളും

## (2-ാം ഭാഗം)

**ഫാ. ജോർജ്ജ് വലിയപാടത്ത്** O F M Cap.



**അ**ല്പം സമകാലികചിന്തകൾ പങ്കുവയ്ക്കാതെ ഇത്രയും നേരം *(കഴിഞ്ഞലക്കം സത്യജ്വാലയിൽ- എഡിറ്റർ)* പറഞ്ഞതിന്റെ പശ്ചാത്തലം പൂർണ്ണമാവില്ല.

ജോൺ പോൾ രണ്ടാമൻ പാപ്പയുടെ കാലത്ത് വിശ്വാസകാര്യങ്ങളിലും പ്രബോധനങ്ങളിലും വ്യത്യസ്തത പുലർത്തുന്നു എന്നു തോന്നിയവരെ അദ്ദേഹം വിലക്കുകയും നിശ്ശബ്ദരാക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ എടുത്തത് പക്ഷേ, മിക്കവാറും വിശ്വാസതിരുസംഘത്തിന്റെ തലവനായിരുന്ന കർദ്ദിനാൾ ജോസഫ് റാറ്റ് സിംഗറായിരുന്നു. ജോൺ പോൾ പാപ്പാ അതിനെയെല്ലാം ശരിവച്ചു. എന്നാൽ, തന്റെ വാഴ്ചയുടെ അന്ത്യത്തോടെ, പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ (2000-ാം ആണ്ട് മാർച്ചുമാസത്തിൽ) നോമ്പുകാല ശുശ്രൂഷയ്ക്കിടെ ക്രൂശിതനുമുന്നിൽ മുട്ടുകുത്തി, ആ കുരിശിനെ കെട്ടിപ്പിടിച്ചു നിന്നുകൊണ്ട്, ശാരീരികമായി അതീവദുർബലനായ അദ്ദേഹം, കഴിഞ്ഞ 2000 വർഷത്തിനിടെ കത്തോലിക്കാ സഭാനേതൃത്വവും സഭാമക്കളും ചെയ്തുപോയ നൂറോളം പാതകങ്ങൾക്ക് ലോകത്തോടും ചരിത്രത്തോടും ദൈവത്തോടും മാപ്പിരന്നു. പാപ്പായുടെ ആത്മാർത്ഥതയും വിശുദ്ധിയും വിളിച്ചറിയിച്ച ആ ചരിത്രമുഹൂർത്തത്തെ പക്ഷേ, സഭയിലെ യാഥാസ്ഥിതികവൃന്ദം ശക്തമായി വിമർശിച്ചു. ഒരുപക്ഷേ, ക്രിസ്തുവിന്റെ

സഭ അവിടെ വീണ്ടും പിറവിയെടുക്കുകയായിരുന്നു. പിന്നീട്, 2001 നവംബർ 20-ന് ജോൺ പോൾ പാപ്പാ സഭാംഗങ്ങളുടെ ലൈംഗികകുറ്റങ്ങൾക്ക് മാപ്പപേക്ഷിച്ചുകൊണ്ട് ആദ്യമായി ഒരു ഇമെയൽ അയച്ചു. അനേകമായ തന്റെ ശാരീരികപീഡകളാൽ അദ്ദേഹത്തിന് കൂടുതൽ മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. പിന്നീട് പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട ബനഡിക്റ്റ് XVI-ാമൻ പാപ്പാ കൂരിയായുടെ നവീകരണത്തിൽ കുറേ ശ്രദ്ധിച്ചു. പക്ഷേ, അദ്ദേഹത്തിനും അക്കാര്യങ്ങളിൽ ഏറെ മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. ബനഡിക്റ്റ് പാപ്പായും സ്റ്റേറ്റ് സെക്രട്ടറിയും തമ്മിലുള്ള ഒത്തിരി കത്തുകളും മെമ്മോകളും പാപ്പായുടെ സ്വകാര്യ പാചകക്കാരനായിരുന്ന പൗളോ ഗബ്രിയേലേ, പത്രപ്രവർത്തകനായ ജിയാൻലൂയിജി നുസ്സിക്ക് ചോർത്തിക്കൊടുക്കുകയും, അദ്ദേഹം 2012 മെയ് മാസത്തിൽ 'ഹിസ് ഹോളിനസ് : ദ സീക്രട്ട് പേപ്പേഴ്സ് ഓഫ് ബനഡിക്റ്റ് XVI' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. അതോടെ, സഭാ കൂരിയായിലെ ഗ്രൂപ്പുകളികളും അധികാര വടംവലികളും മാധ്യമലോകം ആഘോഷിച്ചു. പാചകക്കാരൻ അറസ്റ്റ് ചെയ്യപ്പെട്ടു തടവിലായെങ്കിലും, പാപ്പാ അയാൾക്ക് മാപ്പുനല്കി. 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വർക്ക്സ് ഓഫ് റിലീജിയൻ' എന്ന വത്തിക്കാൻ ബാങ്കിന്റെ നിർവഹണത്തിൽ കൂടുതൽ സുതാര്യതയും നവീകരണവും കൊണ്ടുവരുന്നതിനായി എറ്റോറെ ഗോത്തി എന്ന ധനതത്ത്വശാസ്ത്രജ്ഞനെ ബനഡിക്റ്റ് പാപ്പാതന്നെ ബാങ്ക് പ്രസിഡന്റായി നിയമിച്ചിരുന്നു. മേല്പറഞ്ഞ വിവാദം മൂർധന്യത്തിൽ കത്തിനില്ക്കേ, പാപ്പാപോലും അറിയാതെ ബാങ്ക് പ്രസിഡന്റിനെ ബാങ്കിന്റെ ബോർഡ് അവിശ്വാസപ്രമേയത്തിലൂടെ പിരിച്ചുവിട്ടു. പകരം, ജർമൻകാരനായ റൊണാൾഡോ ഹെർ മാനോ സ്മിത്ത്സിനെ അവർതന്നെ നിയമിക്കുകയുംചെയ്തു. അകമേനിന്നുള്ള ഈ രണ്ടു വൻപ്രഹരങ്ങളും ബെനഡിക്റ്റ് പാപ്പായെ ആകെ തളർത്തിക്കളഞ്ഞു. തന്നെക്കൊണ്ട് ഇതിനെ നവീകരിക്കാൻ കഴിയില്ലെന്ന് ബോധ്യമായപ്പോഴാണ് അദ്ദേഹം രാജിവയ്ക്കുന്നത്.



പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ വി. ജോൺ പോൾ പാപ്പാ ആരംഭമിട്ടതായ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിലപാടുകളെ, ഒരുപക്ഷേ, കൂടുതൽ മുന്നോട്ടു നീക്കുന്നത് ഫ്രാൻസീസ് പാപ്പായാണ്.

എന്നാൽ, വിശ്വാസകാര്യങ്ങളുടെ തലവൻ സ്ഥാനത്തുനിന്ന് 2017-ൽ ഫ്രാൻസീസ് പാപ്പാ മാറ്റിയ ജർമ്മൻ കർദ്ദിനാൾ ജറാർഡ് മ്യൂള്ളർ മറ്റുള്ളവരുടെപേരിൽ പാപ്പായ്ക്കെതിരേ നിലപാടു സ്വീകരിക്കുകയും പാപ്പാ രാജിവയ്ക്കണം എന്നാവശ്യപ്പെടുകയുംചെയ്തു. അമേരിക്കയിൽ വാഷിങ്ടണിലെ വത്തിക്കാൻ സ്ഥാനപതിയായിരുന്ന ആർച്ച് ബിഷപ്പ് കാർളോ മരിയ വിഗാനോ നിരന്തരമായി പാപ്പായെ ആക്രമിക്കുകയും പാപ്പാ രാജി വയ്ക്കണമെന്ന് മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അപ്പസ്തോലിക് സിഞ്ഞത്തൂരയുടെ സുപ്രീം ട്രിബ്യൂണൽ എന്ന വത്തിക്കാൻ കോടതിയുടെ പ്രിഫെക്റ്റ് (ചീഫ് ജസ്റ്റീസ്) സ്ഥാനത്തുനിന്ന് ഒരിക്കൽ നീക്കിയിരുന്നെങ്കിലും വീണ്ടും ഫ്രാൻസീസ് പാപ്പാതന്നെ അതേ സ്ഥാനത്തല്ലെങ്കിലും 2017-ൽ ജൂറി അംഗം എന്ന സ്ഥാനത്ത് പ്രതിഷ്ഠിച്ചിട്ടുള്ള അമേരിക്കയിലെ കർദ്ദിനാൾ റെയ്മണ്ട് ബർക്ക് ആണ് മാർപാപ്പ സഭയെ നശിപ്പിക്കുന്നു, കൺഫ്യൂഷൻ ഉണ്ടാക്കുന്നു എന്ന് നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്ന മറ്റൊരാൾ. വത്തിക്കാൻ കൗൺസിലിനുമുമ്പ് സഭയിൽ നിലവിലിരുന്ന ആർഭാടമായ രാജകീയ തിരുവസ്ത്രങ്ങളും തൊങ്ങലുകളും ചുറ്റും നിരക്കുന്ന അൾത്താര ശുശ്രൂഷകരും ജനാഭിമുഖ കുർബാനയ്ക്കുപകരം ജനത്തിന് പുറം തിരിഞ്ഞുകൊണ്ടുള്ള പുരാതനമായ ലത്തീൻ ഭാഷയിലെ കുർബാനയും താല്പര്യപ്പെടുന്നുണ്ട് ഇത്തരക്കാരെല്ലാം. മുന്നോട്ടു പോകാൻ പറയുന്നവരാണ് പുരോഗമനവാദികളെങ്കിൽ, ഇപ്പോഴുള്ളത് വെടിഞ്ഞ് മുന്നോട്ടു നീങ്ങാൻ കൂട്ടാക്കാത്തവരാണ് യാഥാസ്ഥിതികരെങ്കിൽ, രണ്ടാം വത്തിക്കാനുമുമ്പ് ഉണ്ടായിരുന്നപോലെ കാര്യങ്ങളെ തിരികെ കൊണ്ടുവരാനും ചരിത്രത്തിൽ പിന്നോട്ടു പോകാനും നിർബന്ധിക്കുന്നവരാണ് പിൻതിരിപ്പന്മാർ. യാഥാസ്ഥിതികതയെക്കാൾ പിൻതിരിപ്പത്തം ഉള്ള ഇത്തരം അനേകം ദൈവശാസ്ത്രജ്ഞരും കർദ്ദിനാളന്മാരും മെത്രാപ്പോലീത്തമാരും തീവ്രവലതുപക്ഷ നിലപാടുകളെടുക്കുന്ന പിന്തിരിപ്പൻ വിമതഗ്രൂപ്പുകളും ഇന്ന് ലോകമെമ്പാടുംതന്നെ ഉണ്ട്. ഫ്രാൻസീസ് പാപ്പാതന്നെ 2014-ൽ അന്താരാഷ്ട്ര ദൈവശാസ്ത്രകമ്മീഷനിൽ അംഗമാക്കി ഉയർത്തിയ വാഷിങ്ടണിലെ കപ്പൂച്ചിൻ ദൈവശാസ്ത്രജ്ഞൻ തോമസ് വയനാന്റി, തിരുസ്സഭാപാരമ്പര്യത്തിന് എതിരേ പ്രബോ

**ഫ്രാൻസീസ് പാപ്പാതന്നെ 2014 – ൽ അന്താരാഷ്ട്ര ദൈവശാസ്ത്രകമ്മീഷനിൽ അംഗമാക്കി ഉയർത്തിയ വാഷിങ്ടണിലെ കപ്പൂച്ചിൻ ദൈവശാസ്ത്രജ്ഞൻ തോമസ് വയനാന്റി, തിരുസ്സഭാ പാരമ്പര്യത്തിന് എതിരേ പ്രബോധിപ്പിക്കുന്ന ഫ്രാൻസീസ് പാപ്പാതന്നെയാണ് സഭയിലെ കൺഫ്യൂഷൻ– അതിനാൽ പാപ്പാ രാജിവയ്ക്കണം എന്ന് ഒരു തുറന്ന കത്ത് പാപ്പായ്ക്ക് അയയ്ക്കുകയും ആയത് മാധ്യമങ്ങൾക്ക് നല്കുകയുംചെയ്തു.**

# സിസ്റ്റർ ലൂസിക്ക് അയർലന്റിലെ സീറോ–മലബാർ വിശ്വാസികളുടെ ഐക്യദാർഢ്യം!

അയർലണ്ടിലെ ഡബ്ലിനിൽ ചേർന്ന 'സീറോ-മലബാർ മൈഗ്രന്റ് കമ്മ്യൂണിറ്റി'യുടെ ആദ്യയോഗത്തിൽ വിശ്വാസികൾ സിസ്റ്റർ ലൂസി കളപ്പുരയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഇതുപോലുള്ള വിവേചനങ്ങളും അനീതികളും സഭയിൽനിന്ന് നേരിടേണ്ടിവരുന്ന സന്ന്യസ്തരെയും അൽമായരെയും ഭാവിയിലും സപ്പോർട്ട് ചെയ്യുവാൻ യോഗം തീരുമാനിച്ചു.

ഡബ്ലിനിലെ സീറോ-മലബാർ വിശ്വാസികൾ നേരിടുന്ന വിഷമതകളും യോഗം ചർച്ച ചെയ്യുകയുണ്ടായി. പൊതു യോഗത്തിന്റെ സമ്മതം വാങ്ങാതെ വൈദികരും കമ്മിറ്റിയംഗങ്ങളും തീരുമാനങ്ങളെടുത്തു വിശ്വാസികളിൽ അടിച്ചേൽപ്പിക്കുന്ന പ്രവണത ഒരുതരത്തിലും വച്ചുപൊറുപ്പിക്കില്ലെന്നു യോഗം വ്യക്തമാക്കി.

കണക്കുകൾ ചോദിക്കുന്നവരെ ഒറ്റപ്പെടുത്തുക , ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ അവഹേളിച്ചിരുത്തുക തുടങ്ങിയ പ്രവണതകൾക്കെതിരെ യോഗം മുന്നറിയിപ്പു നൽകി. സീറോ-മലബാർ സഭയുടെ ഒൻപതു 'മാസ്സ് സെന്ററു'കളിലും യൂണിറ്റുകൾ സ്ഥാപിക്കുവാനും അവിടങ്ങളിൽ നടക്കുന്ന ജനാധിപത്യവിരുദ്ധമായ പ്രവണതകളെ ചെറുക്കുവാനും യോഗം തീരുമാനിച്ചു. 'ഡെത്ത് റിലീഫ്' ഫണ്ടിനായി 50 യൂറോ വീതം ധാരാളം ആളുകളിൽനിന്ന് പിരിച്ചെങ്കിലും, പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനെത്തുടർന്ന് തിരിച്ചു നൽകേണ്ട തുക വളരെ കുറച്ചു പേർക്കേ ലഭിച്ചിട്ടുള്ളൂ. തിരികെ നൽകാത്ത പണം എത്രയുണ്ടെന്നു ബന്ധപ്പെട്ടവർ ഇതുവരെ വിശ്വാസികളെ അറിയിച്ചിട്ടില്ല എന്നതിൽ യോഗം ആശങ്ക രേഖപ്പെടുത്തി. അസംതൃപ്തരായ കൂടുതൽ വിശ്വാസികളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ പൊതുയോഗം വിളിക്കുവാനും തീരുമാനമായി.

ഭാവികാര്യങ്ങൾ രൂപീകരിക്കുന്നതിനായി 10 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഇത് സഭാവിരുദ്ധ പ്രവർത്തനമല്ലെന്നും, നാട്ടിലെ തെറ്റായ രീതികൾ അയർലൻഡിന്റെ മണ്ണിൽ ഒരു കാരണവശാലും അനുവദിക്കില്ലെന്നും ക്രൈസ്തവചൈതന്യം സഭയിൽ നിലനിന്നുകാണാനാണ് ആഗ്രഹിക്കുന്നതെന്നും അംഗങ്ങൾ വ്യക്തമാക്കി. സഭയുടെ രീതികളിൽ അനിഷ്ടമുള്ള പലരും മറ്റുള്ളവരുടെ അപ്രിയം ഭയന്നു മൗനം പാലിക്കുകയാണെന്നു പല അംഗങ്ങളും അഭിപ്രായപ്പെട്ടു.

മറ്റ് കൗണ്ടികളിലെ സീറോ - മലബാർസഭയുടെ പള്ളികളുള്ള ഏരിയാകളിലും യൂണിറ്റുകൾ സ്ഥാപിക്കും. നിയമവിരുദ്ധ പിരിവിനെതിരെ സർക്കാരിനെ സമീപിക്കും. ഇവിടെ വളരുന്ന കുട്ടികളെ ഇരട്ട പൗരന്മാരായി വരച്ചു കാട്ടി ഐറിഷുകാർ മോശം എന്ന വൈദികരുടെ പ്രചാരണത്തിനെതിരെ സർക്കാരിനെ സമീപിക്കും. കുട്ടികളിലും

---

ധിപ്പിക്കുന്ന ഫ്രാൻസീസ് പാപ്പാതന്നെയാണ് സഭയിലെ കൺഫ്യൂഷൻ- അതിനാൽ പാപ്പാ രാജിവയ്ക്കണം എന്ന് ഒരു തുറന്ന കത്ത് പാപ്പായ്ക്ക് അയയ്ക്കുകയും ആയത് മാധ്യമങ്ങൾക്ക് നല്കുകയുംചെയ്തു. കത്തോലിക്കാ സഭയുടെ സ്വന്തം ആത്മീയ ടി.വി ചാനൽ എന്നറിയപ്പെടുന്ന, മദർ ആഞ്ജലിക്ക സ്ഥാപിച്ച EWTN എന്ന മാധ്യമം വർഷങ്ങളായി അതിന്റെ വാർത്താപരിപാടിയിൽ മാർപാപ്പയെ സ്വേച്ഛാധിപതിയും അന്തിക്രിസ്തുവും മറ്റുമായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്നു!

എന്നാൽ, ഇന്നേവരെ ഇത്തരം വിമതശബ്ദങ്ങളെ വിലക്കാനോ അമർച്ചചെയ്യാനോ നിശ്ശബ്ദമാക്കാനോ ശിക്ഷിക്കാനോ പാപ്പാ മുതിർന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മാർപാപ്പാ പക്ഷേ, ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുള്ളത് പ്രധാനമായും രണ്ടുതരം തെറ്റുകൾക്കെതിരേയാണ്: 1. പൊതുജനത്തിന്റെ സമ്പത്ത് സ്വന്തം സുഖസൗകര്യങ്ങൾ മെച്ചപ്പെടുത്താനായി ഉപയോഗിച്ച മെത്രാന്മാർ; 2. ലൈംഗികമായി മറ്റുള്ളവരെ പീഡിപ്പിച്ചവർ / അത്തരം കുറ്റങ്ങൾ മൂടിവച്ചവർ. (ലൈംഗികപാപങ്ങളും ലൈംഗികകുറ്റങ്ങളും രണ്ടാണ്. ഒരു വിവാഹിതൻ/ വിവാഹിത പങ്കാളിയല്ലാത്ത ഒരാളോടൊപ്പവും ഒരു സമർപ്പിതൻ/സമർപ്പിത മറ്റൊരു വ്യക്തിയോടൊപ്പമോ (ഉഭയ താല്പര്യപ്രകാരം) ചെയ്യുന്ന ലൈംഗികപ്രവൃത്തി ലൈംഗികപാപമാണ് (Sin). എന്നാൽ, വൈവാഹികാവസ്ഥയിലോ സമർപ്പിതാവസ്ഥയിലോ ഇതിൽ രണ്ടിലും അല്ലാത്തതോ ആയ ഏതൊരു വ്യക്തിയും മറ്റൊരാളോട് (മറ്റേ ആളിന്റെ താല്പര്യത്തിനു വിരുദ്ധമായി) ചെയ്യുന്ന ലൈംഗികപ്രവൃത്തി ലൈംഗികകുറ്റമാണ്. പ്രായപൂർത്തിയായ ഏതൊരു വ്യക്തിയും പ്രായപൂർത്തിയാകാത്തതോ, ചെറുത്തു നില്ക്കാൻ ത്രാണിയില്ലാത്തതോ (ക്ഷിപ്രവശംവദത്വം = vulnerable) ആയ ഒരു വ്യക്തിയോടോ വ്യക്തിയോടൊപ്പമോ - ഉഭയസമ്മതം ഉണ്ടെങ്കിൽ പോലും - ചെയ്യുന്ന ഏതൊരു ലൈംഗികപ്രവൃത്തിയും അതിഗൗരവമായ ലൈംഗിക കുറ്റമാണ്)

അമേരിക്കയിൽ ഒത്തിരി സ്വാധീനമുള്ള കർദ്ദിനാളായിരുന്നു തിയഡോർ മക്കാരിക്. അദ്ദേഹത്തെ മാർപാപ്പാ എല്ലാ പട്ടങ്ങളും തിരിച്ചെടുത്ത് അല്മായനാക്കി. അദ്ദേഹം ദുരുപയോഗിച്ചത് ദൈവശാസ്ത്ര സെമിനാരിയിലെ ഇരുപത്തിനാല് വയസ്സെങ്കിലും പൂർത്തിയായ പുരുഷന്മാരെയായിരുന്നു. 'മുഴുത്ത ആണുങ്ങളല്ലേ, തെറ്റു ചെയ്യാൻ നില്ക്കാതെ അച്ചൻപട്ടം വേണ്ടെന്നുവച്ച് പോരാമായിരുന്നില്ലേ, അവർക്ക്?' എന്നു ചോദിക്കുന്നവരുണ്ട്. പക്ഷേ, ആണുങ്ങളാണെങ്കിലും, അധികാരത്തിനുകീഴെ ആയതിനാലും ദൈവവിളി ഉപേക്ഷിക്കാൻ താല്പര്യമില്ലാത്തതിനാലും മുമ്പുപറഞ്ഞ 'വൾനറബിൾ' വിഭാഗത്തിലാണ് പാപ്പാ അവരെ കണ്ടത് എന്നുമാത്രം. (തുടരും)

*(കടപ്പാട്; 'അസ്സീസി' മാസിക സെപ്റ്റംബർ ലക്കം)*

# "സത്യജ്വാല'യ്ക്കുകൂടി അഭിമാനിക്കാവുന്ന തൃശൂർ കളക്ടറുടെ ഉത്തരവ്!

ഫാ. ഡേവീസ് കാച്ചപ്പിള്ളി
ഫോൺ: 9495639265

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശപ്രകാരവും, സഭയുടെ കാനോൻ നിയമപ്രകാരവും, മാർ ജോസഫ് കുണ്ടുകുളം മെത്രാന്റെ കല്പനപ്രകാരവും 33 വർഷക്കാലം സി.എം.ഐ വൈദികരുടെ വികാരിത്വത്തിൽ സ്തുത്യർഹമായി ഭരിക്കപ്പെട്ടിരുന്ന ഒന്നായിരുന്നു, 'തലോർ ഉണ്ണിമിശിഹ' ഇടവക. രൂപതയിലെ ഏറ്റവും നല്ല ഇടവകയായതുകൊണ്ട് സി.എം.ഐ-ക്കാരോടും ഇടവകയോടും അസൂയയും, അതിന്റെ ഭരണം രൂപതാവൈദികർക്കു ലഭിക്കണം എന്ന ദുർമോഹവും ആർച്ചു ബിഷപ്പ് ആൻഡ്രൂസ് താഴത്തിനുണ്ടായി. അതിനാൽ, 2009-ൽ അദ്ദേഹം നിയമവിരുദ്ധമായ ഏകാധിപത്യനടപടിയിലൂടെ, ഇടവകക്കാരുടെ എതിർപ്പുകളെ അവഗണിച്ച് ഇടവകഭരണം സി.എം. ഐ വൈദികരിൽനിന്ന് മാറ്റുകയും രൂപതാവൈദികരെ ഏൽപ്പിക്കുകയും ചെയ്തു.

ഈ ഇടവകയ്ക്ക് പുതിയ പള്ളിപണിയാൻ വളഞ്ഞ വഴികളിലൂടെ ശ്രമമാരംഭിച്ചിട്ട് 10 വർഷമായിരിക്കുന്നു! ഈ അവസരത്തിലാണ്, പുതിയ പള്ളി പണിയുന്നത് വിലക്കിക്കൊണ്ട് തൃശൂർ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. രൂപത തലോറിൽ ചെയ്ത കാര്യങ്ങളെല്ലാം തെറ്റായ മാർഗത്തിലൂടെയായിരുന്നു എന്നതാണ് വിലക്കിനു കാരണമായി കളക്ടർ പറഞ്ഞിരിക്കുന്നത്.

> **മെത്രാന്റെ സ്വാധീനത്തിൽപ്പെട്ട സി.എം.ഐ സഭാധികാരികളുടെ കല്പനപ്രകാരം സ്വാമിയച്ചന് നിരാഹാരം അവസാനിപ്പിക്കേണ്ടി വരുകയായിരുന്നു.**

2009-ൽ ആൻഡ്രൂസ് താഴത്ത് മെത്രാൻ ചെയ്ത ഇടവകമാറ്റനടപടി ദൈവഹിതമല്ലായിരുന്നു എന്നതിന്റെ പ്രകടമായ തെളിവാണ് കളക്ടറുടെ ഈ ഉത്തരവ്. കർത്താവിന്റെ തിരുവചനം ഇതിലൂടെ തെളിയിക്കപ്പെട്ടിരിക്കയാണ്: "വെളിപ്പെടുത്തപ്പെടാതെ മറഞ്ഞിരിക്കുന്നത് ഒന്നുമില്ല; വെളിച്ചത്തുവരാതെ രഹസ്യമായിരിക്കുന്നത് ഒന്നുമില്ല" (മാർക്കോ. 4:22). സഭാധികാരത്തിന്റെ മറവിൽ കഴിഞ്ഞ 10 വർഷക്കാലം തലോർ ഇടവകയുമായി ബന്ധപ്പെട്ട് ചെയ്ത എല്ലാ കാര്യങ്ങളും സത്യത്തിനും നീതിക്കും നിയമങ്ങൾക്കും എതിരായിട്ടുള്ളതായിരുന്നുവെന്ന് ഈ ഉത്തരവ് വെളിപ്പെടുത്തിയിരിക്കുകയാണ്. ഇത് എല്ലാ സഭാധികാരികൾക്കും നല്ലൊരു പാഠമാകട്ടെ!

സഭയിലെ അനീതികൾക്കും നിയമലംഘനങ്ങൾക്കുമെതിരെ നിരന്തരം സ്വരമുയർത്തുന്ന 'സത്യജ്വാല' എഡിറ്ററും കെ.സി.ആർ.എം പ്രവർത്തകരും, 2009-ലെ തലോർ ഇടവകമാറ്റ നടപടിക്കെതിരെ സ്വാമി സദാനന്ദ (സ്വാമിഅച്ചൻ) പിന്നീടു നടത്തിയ നിരാഹാര സമരത്തിൽ അവിടെയെത്തി സഹകരിക്കുകയുണ്ടായല്ലോ. അതുപോലെ, നിരവധി ലേഖനങ്ങളിലൂടെ തലോർ ഇടവകമാറ്റനടപടിയിലെ അനീതി വെളിച്ചത്തുകൊണ്ടുവരുകയും ചെയ്തു, സത്യജ്വാല. അതുകൊണ്ട്, കളക്ടറുടെ ഈ ഉത്തരവിൽ 'സത്യജ്വാല'യ്ക്കും അഭിമാനിക്കാം.

---

മാതാപിതാക്കളിലും ഭയവും ആധിയും വളർത്തുന്നത് അവരുടെ മുന്നോട്ടുള്ള ജീവിതത്തിനു ഭീഷണിയായതിനാൽ, അത്തരം നയങ്ങൾ സ്വീകരിക്കുന്ന വൈദികർക്കെതിരെ നടപടിയെടുക്കാൻ സംഘടന നീക്കം നടത്തും.

സഭയുടെ അനീതികളെ ചോദ്യം ചെയ്യുന്നതിന്റെ പേരിൽ ഒറ്റപ്പെടുന്ന എല്ലാ വിശ്വാസികൾക്കും യോഗം പരിപൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. അസംതൃപ്തരായ വിശ്വാസികൾ ധാരാളമുണ്ടെന്ന് പ്രഥമ യോഗത്തിൽത്തന്നെ വ്യക്തമായി.

ഐറിഷ് സഭയുടെ കീഴിൽ നിൽക്കുമ്പോഴും അയർലൻഡിലെ സഭയെ കുറച്ചു കാണിക്കുന്ന പ്രവണത സീറോ-മലബാർ വൈദികർക്കുണ്ടെന്ന് യോഗം വിലയിരുത്തി. മനുഷ്യത്വവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ പ്രവണതകൾ സഭാധികാരികൾ തുടർന്നാൽ, ഡബ്ലിൻ ആർച്ചുബിഷപ്പിന് നിവേദനം നൽകാനും യോഗം തീരുമാനിച്ചു.

*(കടപ്പാട്: 'പാവം കുഞ്ഞാട്')* ●

മെത്രാന്റെ സ്വാധീനത്തിൽപ്പെട്ട സി.എം.ഐ സഭാധികാരികളുടെ കല്പനപ്രകാരം സ്വാമിയച്ചന് നിരാഹാരം അവസാനിപ്പിക്കേണ്ടിവരുകയായിരുന്നു. സഭാധികാരികൾക്ക് വിധേയപ്പെട്ടും, അവരുടെ ആജ്ഞകൾ പാലിച്ചും, അവ ദൈവസ്വരമാണെന്ന് വിശ്വസിച്ചും ജീവിച്ചിരുന്ന തലോർ ഇടവകയിലെ നിഷ്കളങ്കരായ വിശ്വാസികൾ തുടർസമരങ്ങൾക്കൊന്നും തയ്യാറാകാതെ അന്നുമുതൽ ഇന്നുവരെ ദൈവത്തോട് വ്യക്തിപരമായും സംഘാതമായും നിരന്തരം പ്രാർത്ഥിക്കുകയും ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുകയുമാണുണ്ടായത്.

സി.എം. ഐ സഭാംഗമായ സ്വാമിയച്ചന്റെ മരണശേഷം, അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയിലും നീതിക്കുവേണ്ടി യുള്ള സഹനങ്ങളിലും വിശ്വസിച്ചുകൊണ്ട് തലോർ പ്രശ്നം

**സി.എം. ഐ സഭാംഗമായ സ്വാമിയച്ചന്റെ മരണശേഷം, അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയിലും നീതിക്കുവേണ്ടിയുള്ള സഹനങ്ങളിലും വിശ്വസിച്ചുകൊണ്ട് തലോർ പ്രശ്നം പരിഹരിക്കാൻവേണ്ടി അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ ഞാൻ പ്രത്യേകം പ്രാർത്ഥിക്കാറുണ്ടായിരുന്നു.**

പരിഹരിക്കാൻവേണ്ടി അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ ഞാൻ പ്രത്യേകം പ്രാർത്ഥിക്കാറുണ്ടായിരുന്നു. സ്വാമിയച്ചന്റെ സ്വർഗ്ഗീയമാദ്ധ്യസ്ഥ്യം കളക്ടറുടെ ഉത്തരവിന് ആദ്ധ്യാത്മികശക്തി നൽകിയെന്ന് ഉറച്ചു വിശ്വസിച്ച്, ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു. നിരന്തരം പ്രാർത്ഥിക്കുന്നവന് അസാദ്ധ്യതകളെ സാധ്യതകളാക്കാനാകുമെന്നും, ദുഷ്കരമായവ എളുപ്പമാക്കാനാകുമെന്നുമുള്ള കത്തോലിക്കാ മതബോധനഗ്രന്ഥപ്രബോധനം (c.c.c 2744) തലോർ ഇടവകക്കാർ ജീവിതത്തിലൂടെ തെളിയിച്ചിരിക്കുകയാണിപ്പോൾ. സമയത്തിന്റെ പൂർണ്ണതയിൽ തലോർ ഇടവകക്കാരും 'സത്യജ്വാല'യും ഇപ്പോൾ വിജയിച്ചിരിക്കയാണ്. നിങ്ങളിലൂടെയും നിങ്ങൾക്കുവേണ്ടിയും ദൈവം നൽകിയ ഈ വിജയം ലോകം അറിയട്ടെ! എല്ലാ അധികാരികൾക്കും ഇതൊരു പാഠമാകട്ടെ! ജലന്ധർ ബിഷപ്പിനെതിരായ ആരോപണങ്ങൾ, കന്യാസ്ത്രീസമരത്തിലൂടെ പൊതുജനമധ്യത്തിലെത്തിച്ച് നീതിക്കുവേണ്ടി കാത്തിരിക്കുന്ന 'സത്യജ്വാല'യ്ക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. അഭിനന്ദനങ്ങൾ! നമുക്ക് നീതിമാനും നല്ലവനുമായ ദൈവത്തെ സ്തുതിക്കാം, ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം!

*– തലോർ ഇടവകയ്ക്കുവേണ്ടി പുതിയ പള്ളി പണിയാൻ തൃശൂർ രൂപത വളഞ്ഞതും തെറ്റായതുമായ എന്തെല്ലാം മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ചുവെന്ന്, പള്ളിപണി വിലക്കിക്കൊണ്ട് തൃശൂർ കളക്ടർ നൽകിയ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. അതു വളരെ രസകരമായിത്തോന്നിയതിനാൽ അതിന്റെയൊരു ചുരുക്കം താഴെ കൊടുക്കുന്നു:*

*പുതിയ പള്ളിയുടെ പണിപൂർത്തിയാകുന്നതുവരെ ഇടവകജനത്തിന് എടുക്കുന്നി വില്ലേജിലെ 'ഡേ കെയർ സെന്ററി'ൽ ആരാധന നടത്താൻ, വികാരിയുടെ അപേക്ഷപ്രകാരം 2010 ജൂലൈയിൽ കളക്ടർ അനുവദിക്കുന്നു; ഈ അനുമതിയുടെ മറവിൽ, തൃക്കൂർ വില്ലേജിലുള്ള മറ്റൊരു സ്ഥലത്ത് വൈദികർ പൊതു ആരാധന നടത്തിത്തുടങ്ങുന്നു; അതിനെതിരെ പ്രദേശവാസികളും നെന്മണിക്കര പഞ്ചായത്തുകമ്മിറ്റിയും കളക്ടർക്കു പരാതി നൽകുന്നു; അന്വേഷണത്തിൽ, തലോരിൽ 'ജീസസ് അക്കാഡമി' എന്ന സ്കൂൾ, കോൺവെന്റ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തും ജില്ലാഭരണകൂടത്തിന്റെ അനുമതിയില്ലാതെ ആരാധന നടത്തുന്നുണ്ടെന്നു കണ്ടെത്തുന്നു! അനധികൃത ആരാധന തടയുന്നതിന് ചാലക്കുടി ഡി വൈ എസ് പിക്ക് ആർ ഡി ഒ നിർദ്ദേശംനൽകുന്നു.*

*തുടർന്ന്, എടുക്കുന്നിയിലെ 'ഡേ കെയർ സെന്ററി'ൽ സ്ഥലസൗകര്യമില്ലാത്തതിനാൽ, തൃക്കൂർ വില്ലേജിലെ ഷെഡ്ഡിൽ പുതിയപള്ളി പണിതീരുംവരെ ആരാധന നടത്താൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു, ചില നിബന്ധനകളോടെ ജില്ലാ കളക്ടർ അതിനനുവദിക്കുന്നു.*

*ആരാധനയ്ക്കുപയോഗിക്കില്ലെന്ന അഫിഡവിറ്റ് സഹിതം പള്ളിവികാരി, വൈദികരുടെ താമസാവശ്യത്തിനായി ക്വാർട്ടേഴ്സിനുള്ള കെട്ടിടം പണിയാൻ അനുമതി നേടുന്നു; എന്നാൽ അന്വേഷണത്തിൽ, അനുമതി നൽകിയ 782 ച.മീറ്ററിനു പകരം, 1768 ച. മീ. വിസ്തൃതിയിൽ രണ്ടുനിലകളിലായി കെട്ടിടം നിർമ്മിച്ചതായി കണ്ടെത്തുകയും പഞ്ചായത്തു സെക്രട്ടറി നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ നൽകുകയുംചെയ്തു. ക്വാർട്ടേഴ്സ് പള്ളിയാക്കി മാറ്റുന്നതിന് പള്ളിയധികാരികൾ ശ്രമിക്കുന്നുണ്ടെന്നതിനും തെളിവുകൾ ലഭിച്ചു.*

*പുതിയ ഉണ്ണിമിശിഹാ പള്ളിനിർമ്മാണത്തിന് അനുമതി നൽകുന്നതു സംബന്ധിച്ചുള്ള അന്വേഷണത്തിൽ, സമീപത്ത് ഹിന്ദുസമുദായത്തിൽപ്പെട്ടവർ മാത്രമല്ല; കത്തോലിക്കാ വിശ്വാസികളും നിർദ്ദിഷ്ടസ്ഥലത്ത് പള്ളി പണിയുന്നതിനോട് എതിർപ്പുള്ളവരാണെന്നു കണ്ടെത്തി. 'പുതിയ പള്ളിക്കെതിരെ അഭിപ്രായപ്പെടുന്നവരുടെ കുടുംബങ്ങളിൽ നടത്തുന്ന ചടങ്ങുകളിൽനിന്നു മറ്റിടവകാംഗങ്ങൾ വിട്ടുനിൽക്കണ'മെന്ന് വികാരി കുർബാനമദ്ധ്യേ പ്രസംഗിച്ച് സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായാണ് പള്ളി നിർമ്മാണത്തിനനുകൂലമായി പലരും ഒപ്പിട്ടതെന്നും കണ്ടെത്തി.*

*ഇതെല്ലാം പള്ളിയധികാരികളുടെ വിശ്വാസ്യതയെ ചോദ്യംചെയ്യുന്നതും പരാതിക്കാരുടെ ആരോപണങ്ങൾ ശരിവയ്ക്കുന്നതുമാണെന്നും, ഇടവകക്കാരുടെ ഇടയിൽത്തന്നെ നിലനിൽക്കുന്ന തർക്കം പരിഹരിക്കാൻ ഇടവകവൈദികർക്കോ രൂപതയ്ക്കോപോലും സാധിക്കാത്ത സാഹചര്യത്തിൽ പള്ളിനിർമ്മാണത്തിന് ജില്ലാ ഭരണകൂടം അനുമതി നൽകുന്നത് സാമുദായികസൗഹാർദ്ദം തകരുന്നതിനും വിഭാഗീയത വർദ്ധിക്കുന്നതിനും ഇടയാക്കുമെ ന്നും നിരീക്ഷിച്ചുകൊണ്ടാണ്, തൃശൂർ ജില്ലാകളക്ടർ ടി.വി. അനുപമ, 2019 ജൂലൈ 4–ാം തീയതി, പുതിയ ഉണ്ണിമിശിഹാ ഇടവകപ്പള്ളി പണിയുന്നതിനുള്ള അപേക്ഷ നിരസിച്ച് ഉത്തരവിട്ടിരിക്കുന്നത്.*

**–എഡിറ്റർ**

# ക്നാനായപാരമ്പര്യം (ENDOGAMY) – ഒരു പുനർവിചിന്തനം

**ഇസ്രായേൽ ജനം പുറജാതികളിൽ നിന്നു ഭാര്യമാരെ സ്വീകരിച്ചിരുന്നു. അവർ ജന്മം നൽകിയവരെല്ലാം ഇസ്രായേൽ വംശത്തിന്റെ പിൻതുടർച്ച ക്കാരാവുക യാണുണ്ടായത്.**



**നമ്മുടെ കുടുംബങ്ങളിൽ ആരെങ്കിലും സമുദായത്തിൽ നിന്നു പുറത്തുള്ള ഒരാളെ വിവാഹം ചെയ്തുകൊണ്ടു വന്നാലും അവരെ നമ്മൾ നമ്മുടെ കുടുംബാംഗ മായിത്തന്നെ അംഗീകരിക്കുന്നു.**

**തോമസ് കണ്ണങ്കര**
ഫോൺ: 9544500933

**ക്നാ**നായസമൂഹം വിവാഹബന്ധങ്ങൾക്ക് സ്വവംശവിവാഹനിഷ്ഠ പാലിച്ചുവരുന്നു. പാരമ്പര്യമായി നിലനിൽക്കുന്ന ഈ ആചാരത്തോടുള്ള ക്നാനായക്കാരുടെ വൈകാരികമായ മനോഭാവം സുവിദിതമാണല്ലോ. വിവാഹസംബന്ധമായ ഈ പാരമ്പര്യത്തെ ഒരു പുനർവിചിന്തനത്തിനു വിധേയമാക്കാൻ കാലമായിരിക്കുന്നു. കാരണം, ലോകമെങ്ങുമുള്ള ക്നാനായസമൂഹം, അത് കത്തോലിക്കയോ, യാക്കോബായയോ ഏതുമാകട്ടെ, വിവാഹബന്ധങ്ങൾക്ക് സ്വസമുദായത്തിൽനിന്നു പറ്റിയ ഇണയെ ലഭിക്കാതെ ബുദ്ധിമുട്ടുന്ന അവസ്ഥനിലവിലുണ്ട്.

ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. പിതാക്കന്മാരുടെ പിതാവായ അബ്രഹാമിനു ദൈവം കൊടുത്ത വരം,'നിന്റെ സന്തതികൾ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽത്തീരത്തെ മണൽത്തരികൾ പോലെയും പെരുകട്ടെ' എന്നാണ്. എന്നാൽ ഇവിടെ നാം, ക്നാനാക്കാർ മുറുകെപ്പിടിക്കുന്ന പാരമ്പര്യംമൂലം, നമ്മുടെ സമൂഹം ശുഷ്ക്കിച്ചുവരുന്നു. എ.ഡി. 345-ൽ മലങ്കയിലെത്തിയ 72 കുടുംബങ്ങൾ ഇപ്പോൾ എത്രയായി?

ബഹുജാതികൾക്കും പിതാവ് എന്നർത്ഥമുള്ള അബ്രഹാം എന്ന പേര് അബ്രഹാമിന് യഹോവ അരുളിച്ചെയ്ത് നൽകിയതാണ്. അബ്രഹാം മിസ്രയിമ്യ ദാസിയായ ഹാഗാറിനെ ഭാര്യയാക്കി. അവളിൽ നിന്ന് കുട്ടി ജനിച്ചു. അബ്രഹാം ഗ്രോത്രപിതാവായി തുടർന്നു; ഗോത്രത്തിൽനിന്നു പുറത്തായില്ല. ദൈവത്തിന്റെ പ്രിയപ്പെട്ടവനായ ദാവീദ് ഹിത്യനായ ഊര്യാവിന്റെ ഭാര്യയിൽ ഭ്രമിച്ച് അവളിൽനിന്ന് സോളമനുംമറ്റും ജന്മംകൊടുത്തു. ആ സോളമൻ യഹൂദന്മാരുടെ രാജാവായി, മിസ്രയിം രാജാവായ ഫറവോനോടു സംബന്ധംകൂടി, ഫറവോന്റെ മകളെ വിവാഹംചെയ്തു. അതിന്റെപേരിൽ സോളമന് സ്വന്തം സമുദായത്തിലെ അംഗത്വം നഷ്ടപ്പെടുകയോ ഉപേക്ഷിക്കേണ്ടിവരുകയോ ചെയ്തില്ല. ആവർത്തനപ്പുസ്തകത്തിൽ പറയുന്നു: "ശത്രുക്കളോട് യുദ്ധംചെയ്ത് അവരെ ബന്ധനസ്ഥരാക്കുമ്പോൾ സുന്ദരിയായ ഒരു സ്ത്രീയോട് പ്രേമംതോന്നി ഭാര്യയാക്കണമെന്ന് തോന്നിയാൽ നീ അവളെ വീട്ടിൽ കൊണ്ടുപോകണം" എന്ന്. മോശ കൂശ്യാസ്ത്രീയെ വിവാഹംചെയ്തത് ബൈബിളിൽ പ്രതിപാദിക്കുന്നുണ്ട്. അതിന്റെപേരിൽ മോശയെ ആരും സമുദായഭ്രഷ്ടുകൽപ്പിച്ചു പുറത്താക്കിയില്ല.

ഇസ്രായേൽജനം പുറജാതികളിൽനിന്നു ഭാര്യമാരെ സ്വീകരിച്ചിരുന്നു. അവർ ജന്മം നൽകിയവരെല്ലാം ഇസ്രായേൽ വംശത്തിന്റെ പിൻതുടർച്ചക്കാരാവുകയാണുണ്ടായത്. അവർ പിതാവിന്റെ ഗോത്രത്തനിമ നഷ്ടപ്പെടാതെ, പലപ്പോഴും ഗോത്രത്തെ നയിക്കുന്നവരായി തലമുറകളോളം നിലനിന്ന ചരിത്രം ബൈബിളിൽ നിരവധിയുണ്ട്. നമ്മൾ ക്നാനായക്കാർ ഹാഗാറിന്റെയും രൂത്തിന്റെയും ഫറവോന്റെ മകളുടെയും കൂശ്യാസ്ത്രീയുടെയുമൊക്കെ പിൻതലമുറക്കാരല്ല എന്നു പറയുവാൻ കഴിയുമോ?

സങ്കരവിത്തുകൾ രോഗപ്രതിരോധശക്തിയുള്ള, കരുത്തുള്ള തൈകൾക്ക് ജന്മംനൽകുന്നുവെന്നത് ഒരു ശാസ്ത്രതത്ത്വമാണ്. സ്വജാതിവിട്ട് മറ്റു വിഭാഗങ്ങളുമായി വിവാഹബന്ധത്തിൽ കൂടുതലായി ഏർപ്പെടുന്ന പഞ്ചാബി

സമൂഹം ഇന്ത്യയിലെ ഏറ്റവും ആരോഗ്യമുള്ള, ഉൽസാഹ മുള്ള, ജനവിഭാഗമായി നിലകൊള്ളുന്നു. അതിന്റെപേരിൽ, അവരുടെ പാരമ്പര്യമോ ഐക്യമോ തനിമയോ ഒരുമയോ വിശ്വാസമോ നഷ്ടപ്പെടുന്നില്ല. സ്വജാതിവിവാഹ വ്യവസ്ഥയിൽ അടിയുറച്ചുനിൽക്കുന്ന പാഴ്സികളെപ്പോലെയുള്ള ജനവിഭാഗങ്ങൾ ശുഷ്ക്കിച്ചുകൊണ്ടിരിക്കുന്നു.

ക്നാനായക്കാർ മുറുകെപ്പിടിക്കുന്ന പാരമ്പര്യംകൊണ്ട് നമ്മുടെ ക്നാനായസമൂഹത്തോട് നീതിപുലർത്തുവാൻ കഴിയുന്നുണ്ടോ? ഒരു ഇണയെ, ജീവിതത്തിന് ഒരു തുണയെ ആഗ്രഹിച്ചുപോകുന്നത് ഒരപരാധമാണോ? അത് ഏതൊരുവന്റെയും അവകാശമാണ്. ക്നാനായക്കാരനായ ഒരുവൻ അത് സാധിക്കുന്നതിനുവേണ്ടി, നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ പുറത്തുനിന്ന് വിവാഹം കഴിക്കുന്നത് അപരാധമാണോ? ക്നാനായക്കാരനായി ജനിച്ചുപോയി എന്നതിന്റെപേരിൽ ഒരാൾക്ക് പുറത്തൊരു വിവാഹബന്ധം

**നാം മുറുകെപ്പിടിക്കുന്ന പാരമ്പര്യംമൂലം ഒരു ക്നാനായക്കാരന്, കത്തോലിക്കാസഭയുടെ തലവനായ മാർപാപ്പയുടെ കുടുംബത്തിൽനിന്നോ യാക്കോബായ സഭയുടെ തലവനായ പരി.പാത്രീയർക്കീസ് ബാവായുടെ കുടുംബത്തിൽനിന്നോപോലും ഒരു വിവാഹം കഴിക്കുവാൻ കഴിയുകയില്ല.**

നിഷേധിക്കുന്നത് കടുത്ത അനീതിതന്നെയാണ്. പാരമ്പര്യം കാത്തുരക്ഷിക്കുവാൻ അവിവാഹിതരായി നിൽക്കേണ്ടിവന്നവരെത്ര? അവരുടെ ജീവിതസായാഹ്നത്തിലെ ഗതികേടുകൾ മാറ്റുവാൻ ആർക്കു കഴിയും? അവർക്ക് ഈ ദുരവസ്ഥ സമ്മാനിച്ച സ്വവംശവിവാഹനിഷ്ഠാപാരമ്പര്യത്തെ എങ്ങനെ നീതീകരിക്കാനാകും? തീർച്ചയായും ഇതിനൊരു അറുതി വരുത്തുവാൻ നാം യത്നിച്ചേ മതിയാവൂ.

നാം മുറുകെപ്പിടിക്കുന്ന പാരമ്പര്യംമൂലം ഒരു ക്നാനായക്കാരന്, കത്തോലിക്കാസഭയുടെ തലവനായ മാർപാപ്പയുടെ കുടുംബത്തിൽനിന്നോ യാക്കോബായ സഭയുടെ തലവനായ പരി.പാത്രീയർക്കീസ് ബാവായുടെ കുടുംബത്തിൽനിന്നോപോലും ഒരു വിവാഹം കഴിക്കുവാൻ കഴിയുകയില്ല. ക്നാനായക്കാർ മുറുകെപ്പിടിക്കുന്ന പാരമ്പര്യത്തിന്റെ അർത്ഥശൂന്യത ഇതിൽ നിന്നുതന്നെ ബോധ്യപ്പെടും. ക്നാനായക്കാർ മദ്ധ്യപൂർവ്വദേശത്തെ ഏതു ഭാഗത്തുനിന്നു കുടിയേറിവന്നുവോ (അത് പാലസ്തീനോ, പേർഷ്യയോ, സിറിയയോ, ഇറാക്കോ ഏതുമാകട്ടെ) അവിടെ സ്വവംശവിവാഹനിഷ്ഠയെന്ന ഈ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന ഒരു ജനവിഭാഗമുണ്ടോ? ഇല്ല. അതുകൊണ്ട്, ഈ പാരമ്പര്യവാദം കാലത്തിനു യോജിക്കുന്നതല്ല; സമുദായത്തിന്റെ നിലനിൽപ്പിന് സഹായിക്കുന്നതല്ല. അതു ക്രൈസ്തവ ദർശനത്തിനു ചേർന്നതുമല്ല. ഈ നിലപാടു ശരിയാണെന്ന് ലോകക്രൈസ്തവസമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ആർക്കും ഒരിക്കലും പറ്റില്ല. നമ്മുടെ ഇടവകകളിൽ അവിവാഹിതരായി നിൽക്കുന്ന അനേകം ചെറുപ്പക്കാർക്ക് സമുദായത്തിൽനിന്ന് ഒരു തുണയെ കണ്ടെത്തിക്കൊടുക്കുവാൻ ഈ പാരമ്പര്യവാദികൾക്ക് ഒരിക്കലും സാധിക്കില്ല. പാരമ്പര്യത്തിന്റെ പടവാൾ ചുഴറ്റി അവരുടെ ജീവിതത്തെ ഇരുട്ടിന്റെ ഗർത്തങ്ങളിലേക്ക് വലിച്ചെറിയാനേ അവർക്കു കഴിയൂ. അത് മാപ്പർഹിക്കാത്ത ക്രൂരതയാണ്.

ക്നാനായസമൂഹം പ്രൊഫഷണലായുംമറ്റും ലോകത്തിന്റെ നാനാ മേഖലകളിൽ പറിച്ചുനടപ്പെടുന്നു. നമ്മുടെ പാരമ്പര്യവാദം പുതിയ ലോകക്രമത്തിൽ ജീവിക്കുന്ന പല ക്നാനായക്കാർക്കും പിൻതുടരുവാൻ സാധിക്കാത്ത സാഹചര്യങ്ങൾ നിലനിൽക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ ആരെങ്കിലും സമുദായത്തിൽനിന്നു പുറത്തുള്ള ഒരാളെ വിവാഹം ചെയ്തുകൊണ്ടുവന്നാലും അവരെ നമ്മൾ നമ്മുടെ കുടുംബാംഗമായിത്തന്നെ അംഗീകരിക്കുന്നു. കുടുംബസ്വത്തും തുല്യമായി കൊടുക്കുന്നു. തലമുറ തലമുറയായി അവരെ നമ്മൾ സ്വന്തം കുടുംബക്കാരായി കാണുന്നു. എങ്കിൽപ്പിന്നെ, അവരെ സമുദായത്തിന്റെ ഭാഗമായി അംഗീകരിക്കുന്നതിന് എന്തു തടസ്സമാണുള്ളത്? ഏതു ക്രൈസ്തവദർശനമാണ്, അതിനു തടസ്സമായുള്ളത്? കുടുംബപരമായും ദൈവശാസ്ത്രപരമായും തടസ്സമൊന്നുമില്ലാതിരിക്കെ, അനിവാര്യമായ സാഹചര്യത്തിൽ സമുദായത്തിനുപുറത്തുനിന്ന് വിവാഹം കഴിക്കുന്നവരെ സമുദായം ബഹിഷ്ക്കരിക്കുന്നത് എങ്ങനെ നീതിയാകും, മര്യാദയാകും? അതെങ്ങനെ, പരിഷ്കൃതസമൂഹത്തിന് ചേർന്ന പ്രവൃത്തിയാകും?

വിവാഹത്തിൽക്കൂടി സമുദായം വിട്ടുപോകുവാൻ നിർബന്ധിതരാകുന്നവർ വിദ്യാഭ്യാസപരമായും ഔദ്യോഗിക പദവികളിലും ഉന്നതശ്രേണിയിൽ (Elite Class) പ്പെട്ടവരാണെന്നും ഓർക്കേണ്ടതുണ്ട്. അവരെ നഷ്ടപ്പെടുന്നത് സമുദായമെന്ന നിലയിൽ നമുക്ക് എത്രയോ വലിയ നഷ്ടമാണ്!

നമ്മുടെ പാരമ്പര്യങ്ങളെ കാലഘട്ടത്തിനനുസൃതമായി നമുക്ക് പരിഷ്കരിക്കാം. അതിനായി നമുക്ക് കൂട്ടായി ചിന്തിക്കാം. വിവാഹസംബന്ധമായ നമ്മുടെ പിടിവാദം ശരിയല്ലെന്നു ചിന്തിക്കുന്ന അനേകം സമുദായസ്നേഹികൾ ക്നാനായസമൂഹത്തിലുണ്ട്. ആ ഗണത്തിൽ വൈദികരുമുണ്ട്. വിവാഹബന്ധംകൊണ്ട് ക്നാനായവിഭാഗത്തിൽനിന്നു ബഹിഷ്കൃതരായ അനേകർ ക്നാനായക്കാരായി നിലനിൽക്കുവാൻ ആഗ്രഹിക്കുന്നു. അവരെ ക്നാനായസമൂഹം ഉൾക്കൊള്ളാതിരിക്കുന്നത് ശരിയാണോ? അമേരിക്കയിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും വിവാഹത്തിൽക്കൂടി വേർപെട്ടെങ്കിലും, ക്നാനായക്കാരായി നിലനിൽക്കുവാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളെ, അവർക്ക് ക്നാനായക്കാരൻ എന്ന എല്ലാ പരിഗണനയും നൽകി ഉൾക്കൊള്ളുന്നത് സമുദായപുരോഗതിക്കു ഗുണംമാത്രമേ ചെയ്യൂ. നമ്മുടെ അനേകം ഇടവകകളിൽ ചെറുപ്പക്കാർ അവിവാഹിതരായി നിൽക്കുന്ന ഗതികേട് ഒഴിവാക്കുവാനും ഇതാവശ്യമാണ്. അല്ലയോ ക്നാനായ നേതൃത്വമേ, ഈ ആശയം ഹൃദയവും മനസ്സും തുറന്ന് ചർച്ച ചെയ്യൂ......

***മാറ്റുവിൻ ചട്ടങ്ങളെ, മാറ്റുവിൻ ചട്ടങ്ങളെ, മാറ്റുവിൻ ചട്ടങ്ങളെ!***




**ബൈ**ബിൾ വചനങ്ങൾ പഠിപ്പിച്ച് വിശ്വാസികളെ പ്രബുദ്ധരാക്കാൻ ചങ്ങനാശ്ശേരി അതിരൂപത അടുത്ത കാലത്തു നടപ്പാക്കിയ ആഘോഷപരിപാടി, ഓരോ പള്ളിയിലും മാറി മാറി വചനപേടകം സ്ഥാപിച്ചു വണങ്ങുക എന്നതായിരുന്നു. തന്റെ സ്വർഗീയപിതാവിന്റെ പ്രീതിക്കായി ആഡംബരദേവാലയങ്ങൾ നിർമ്മിക്കാൻ യേശു ആഹ്വാനം ചെയ്യുന്ന വചനങ്ങളൊന്നും ആ പേടകത്തിൽ കാണാ തിരുന്നതുകൊണ്ട്, ദേവാലയനിർമ്മാണഭ്രമം ഭ്രാന്താക്കി മാറ്റിയിട്ടുള്ളവർക്കു താക്കീതായി ചില ബൈബിൾ വചനങ്ങൾ ഇവിടെ ഉദ്ധരിക്കാം. സഭയുടെ പ്രബോധകരിൽ പ്രഥമസ്ഥാനിയായ പൗലോസ് ശ്ലീഹാ അറെയൊപാഗസിനു മദ്ധ്യത്തിൽ നിന്നുകൊണ്ട് ഏഥൻസിലെ ജനങ്ങളോടു പ്രഖ്യാപിച്ചത് ആദ്യം കേൾക്കാം: "ലോകവും അതിലുള്ള സമസ്തവും സൃഷ്ടിച്ച ദൈവം ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവാകയാൽ മനുഷ്യനിർമ്മിതമായ ആലയങ്ങളിൽ വസിക്കുന്നില്ല''(നടപടി 17: 24). യഹോവാ ദൈവപിതാവാണെന്നു വിശ്വസിക്കുന്നവരും വചന പ്രഘോഷണക്കാരും പ്രവാചകരുടെ വചനങ്ങൾക്കു വലിയ പ്രാധാന്യം കല്പിക്കുന്നതുകൊണ്ട് പ്രവാചകരിൽ മുഖ്യനായ ഏശയ്യായുടെ വാക്കുകൾ കേൾക്കുക: "കർത്താവ് അരുൾ ചെയ്യുന്നു: സ്വർഗ്ഗമാണ് എന്റെ സിംഹാസനം; ഭൂമിയാണ് എന്റെ പാദപീഠം;. എനിക്ക് എന്ത് ആലയമാണു നിങ്ങൾ നിർമ്മിക്കുക?" (യെശ. 66: 1). പഴയനിയമകാലഘട്ടത്തിലെ ഏറ്റവും വലിയ പ്രതിഭാശാലിയും വിജ്ഞാനിയുമായിരുന്ന സോളമൻ തന്റെ പിതാവായ ദാവീദിനു ദൈവം നല്കിയിരുന്ന കല്പനയനുസരിച്ച് ദൈവമായ കർത്താവിന്റെ നാമത്തിൽ അതിമനോഹരമായ ദേവാലയം നിർമ്മിച്ച ശേഷം ബലിപീഠത്തിനു മുമ്പാകെ കൈകൾ ഉയർത്തി പ്രാർത്ഥിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ ശക്തമായ ആശങ്ക, രാജാക്കന്മാരുടെ ഒന്നാം പുസ്തകം 8-ാം അദ്ധ്യാത്തിലെ 27-ാം വാക്യത്തിൽ സ്പഷ്ടമാക്കിയിട്ടുണ്ട്: "ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊള്ളാൻ സ്വർഗ്ഗത്തിനും പരമോന്നത സ്വർഗ്ഗത്തിനും അസാദ്ധ്യമായിരിക്കുമ്പോൾ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തമാണ്!" സോളമനുണ്ടായ അസന്ദിഗ്ധമായ ഈ ആശങ്ക മിക്കവാറും അതേ വാക്കുകളിൽത്തന്നെ ദിനവൃത്താന്തം രണ്ടാം പുസ്തകത്തിന്റെ ആറാമത്തെ അദ്ധ്യായത്തിൽ 18-ാം വാക്യത്തിൽ ആവർത്തിക്കുന്നുണ്ട്.

"ഇന്നലെച്ചെയ്തോരബദ്ധം മൂഢർക്കിന്നത്തെയാചാരമാകാം'' എന്നു മഹാകവി കുമാരനാശാൻ എഴുതിയതുപോലെ, പഴയകാലത്തു പൗരസ്ത്യസഭകളുടെ പള്ളികളിലെ അൾത്താരകൾ കിഴക്കു ഭാഗത്തായിരുന്നു എന്ന പാരമ്പര്യ വാദം ഉന്നയിച്ചുകൊണ്ട്, ഭീമമായ തുകകൾ ചെലവഴിച്ചു പള്ളികൾ പൊളിച്ചുപണിയുന്നതും നിലവിലുള്ള മനോഹരമായ പള്ളിയോടൊപ്പം പുതിയതു പണിയുന്നതും അധികാര പ്രമത്തതയുടെയും ധിക്കാര ത്തിന്റെയും ധൂർത്തിന്റെയും നാണംകെട്ട പ്രകടനമാണ്. മിതമായ ഭാഷയിൽ, ഇതിനാണു ഭ്രാന്തെന്നു പറയേണ്ടത്. സീറോ-മലബാർ സഭയിലും ഓർത്തഡോക്സ്, യാക്കോബായ സഭകളിലും യേശുവിന്റെ സാന്നിദ്ധ്യമില്ലെന്ന് കേരളത്തിലെ ജനങ്ങൾ ക്കെല്ലാം നല്ല ബോദ്ധ്യ മുള്ളതുപോലെ, ആചാരവും പാരമ്പര്യവും നിലനിറു ത്താനായി മാത്രം പണിയിക്കുന്ന ഇത്തരം പള്ളികളിൽ യേശുവിന്റെ സാന്നിദ്ധ്യം നമ്മുടെ മെത്രാന്മാരും പുരോഹിതരും പ്രതീക്ഷിക്കുന്നുണ്ടാവില്ല! കേരളത്തിന്റെ കരുത്തനായ മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ 'എല്ലാ മലയാള മാസത്തിന്റെയും ആദ്യദിവസം ഗുരുവായൂരപ്പന്റെ ദർശനത്തിനെത്തുമ്പോൾ, തലേരാത്രി തന്നെ ഗുരുവായൂരപ്പൻ ഗുരുവായൂർ വിട്ടുപോകും' എന്നു കരുണാകരന്റെ ശത്രുക്കൾ പരിഹസിച്ചിരുന്നത് ഈ മെത്രാന്മാർ അറിയാത്ത കാര്യമല്ലല്ലോ. പലവിധ സാമ്പത്തികക്ലേശങ്ങൾകൊണ്ടു നട്ടംതിരിയുന്ന വിശ്വാസികളെ പള്ളിപണിക്കുള്ള സംഭാവനയ്ക്കായി സമീപിക്കുന്ന വൈദികർക്ക് കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയുണ്ടാവുമെന്നു തീർച്ച.

ആഡംബരമില്ലാതെ നിർമ്മിച്ചതും കുന്നിൻമുകളിൽ തല ഉയർത്തി നില്ക്കുന്നതുമായ പാറേൽപള്ളി യുടെ ലാളിത്യവും ശില്പചാരുതയും നയനാമൃതമാണ്. എന്നാൽ, കയറുകൾ നീട്ടി തൊഴുത്തിൽ കെട്ടിനിർത്തുന്ന പശുക്കൾ അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞുനില്ക്കുന്നതുപോലെ വടക്കു

**സീറോ-മലബാർ സഭയിലും ഓർത്തഡോക്സ്, യാക്കോബായ സഭകളിലും യേശുവിന്റെ സാന്നിദ്ധ്യമില്ലെന്ന് കേരളത്തിലെ ജനങ്ങൾക്കെല്ലാം നല്ല ബോദ്ധ്യമുള്ളതുപോലെ, ആചാരവും പാരമ്പര്യവും നിലനിറുത്താനായി മാത്രം പണിയിക്കുന്ന ഇത്തരം പള്ളികളിൽ യേശുവിന്റെ സാന്നിദ്ധ്യം നമ്മുടെ മെത്രാന്മാരും പുരോഹിതരും പ്രതീക്ഷിക്കുന്നുണ്ടാവില്ല!**

ദർശനമായി നില്ക്കുന്ന പഴയ പള്ളിയോടു ചേർന്നു കിഴക്കു പടിഞ്ഞാറായി പണിയുന്ന പുതിയ പള്ളിയുടെ ദൃശ്യം ശില്പവിദ്യയുടെ ബീഭത്സരൂപമാണെന്നു (architectural monstrosity) മെത്രാന്മാരോടു പറയാൻ ആർജ്ജവമുള്ളവരാരും ചങ്ങനാശ്ശേരിയിൽ ഇല്ലാത്തതാണ് ഏറെ പരിതാപകരം!

"തന്നാൽ കരേറ്റേണ്ടവരെത്രപേരോ താഴത്തു പാഴ്ക്കുണ്ടിലമർന്നിരിക്കേ

താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കും തപോനിധി"കളെ പരിഹസിച്ചു മഹാകവി ഉള്ളൂരെഴുതിയ വരികൾ നമ്മുടെ മെത്രാന്മാർക്കായിരിക്കും കൂടുതൽ യോജിക്കുന്നത്. ഒരു നേരത്തെ ആഹാരത്തിനുപോലും വഴിയില്ലാതെ തുടർച്ചയായ മൂന്നാം വർഷവും പട്ടിണികിടക്കുന്ന 82.1 കോടി മനുഷ്യർ ലോകത്തിലുണ്ടെന്നുള്ള റിപ്പോർട്ട് 2019 ജൂലൈ മാസത്തിലാണ് ഐക്യരാഷ്ട്രസംഘടന പുറത്തുവിട്ടത്. ഇക്കാര്യം നാലു കോളം വാർത്തയായി ജൂലൈ 17-ന് മാതൃഭൂമി പ്രസിദ്ധീകരിച്ചിരുന്നു. ലോകത്തിലുള്ള 760 കോടി ജനങ്ങളിൽ 11 % വർഷങ്ങളോളം പട്ടിണികിടക്കുമ്പോൾ, കൊച്ചുകുട്ടികൾ കളിവീടുണ്ടാക്കി കളിക്കുന്നതുപോലെ, നമ്മുടെ മെത്രാന്മാർ പള്ളികൾ പൊളിച്ചും പണിയിച്ചും കളിച്ചു രസിക്കുകയാണ്! പട്ടിണി തിന്നു ജീവിക്കുന്ന ജനലക്ഷങ്ങൾ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. 'വിശുദ്ധപത്രോസിന്റെ കപ്പലിലെ നാവികർ എതിർദിശയിലേക്കും തുഴയുന്നുണ്ട്' എന്നു ഫ്രാൻസീസ് മാർപാപ്പാ 2017 ഫെബ്രുവരിയിൽ ജസ്വിറ്റ് സഭയുടെ ദ്വൈവാരികയായ 'സിവിൽറ്റകത്തോലിക്ക'യ്ക്കു നല്കിയ അഭിമുഖത്തിൽ പറഞ്ഞത് വത്തിക്കാനിലെ കർദ്ദിനാൾ മാഫിയാസംഘങ്ങളെയും കേരളത്തിലെ സീറോ-മലബാർ മെത്രാന്മാരെയും ഉന്നം വെച്ചുകൊണ്ടായിരിക്കണം.

ആഡംബരത്തിന്റെയും ധൂർത്തിന്റെയും സ്മാരകങ്ങളായി കേരളത്തിൽ അങ്ങോളമിങ്ങോളം നിർമ്മിക്കപ്പെടുന്ന ബ്രഹ്മാണ്ഡദേവാലയങ്ങൾ ഏതാനും ദശവർഷങ്ങൾ കഴിയുമ്പോൾ, യൂറോപ്പിൽ സംഭവിച്ചതുപോലെ കൺവെൻഷൻ സെന്ററുകളും സൂപ്പർമാർക്കറ്റുകളും സിനിമാ തിയേറ്ററുകളുമായി മാറ്റപ്പെടാൻ സാദ്ധ്യതയുള്ളതുകൊണ്ട് അതിനു പറ്റിയ രൂപകല്പന പുതിയ പള്ളികൾക്കു സ്വീകരിക്കുന്നതാണു നല്ലത്.

ചങ്ങനാശ്ശേരി അതിരൂപതയിലെ ബഹുഭൂരിപക്ഷം പള്ളികളിൽനിന്നും ക്രൂശിതരൂപം പുറന്തള്ളപ്പെട്ടതുപോലെ, സക്രാരിക്കും സ്ഥാനഭ്രംശം സംഭവിച്ചിരിക്കുന്നു. അൾത്താരയ്ക്കുമുകളിൽ സക്രാരിയുടെ സ്ഥാനത്ത് അലങ്കാരദീപങ്ങളുടെ വർണ്ണപ്പകിട്ടിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് പൗവ്വത്തിൽ കുരിശാണ്! 'സ്വർഗ്ഗീയ ഓർശ്ലേം' എന്നു വിശേഷിപ്പിക്കപ്പെടുന്ന, അൾത്താരവിരികൊണ്ടു മറച്ചു പുണ്യസ്ഥാനമാക്കുന്ന മദ്ബഹായ്ക്കു വെളിയിലാണ് ഇപ്പോൾ സക്രാരിയുടെ സ്ഥാനം. ദിവ്യകാരുണ്യമായി സക്രാരിക്കുള്ളിൽ മറഞ്ഞിരിക്കുന്ന യേശുവിനെ ഇത്രയും കാലം ആരാധിച്ചിരുന്ന അതിരൂപതയിലെ നാലു ലക്ഷം പ്രബുദ്ധരായ വിശ്വാസികൾ ഇപ്പോൾ ആരാധിക്കുന്നതു പൗവ്വത്തിൽ കുരിശിനെയാണ്, ദൈവത്തെയല്ല! ദൈവത്തിനുമാത്രം നല്കേണ്ട ആരാധന ക്രിസ്തുവിന്റേതല്ലാത്ത പൗവ്വത്തിൽ കുരിശിനു നല്കുന്നതു വിഗ്രഹാരാധനയാണ്. ക്രയവിക്രയം ചെയ്തിരുന്നവരെ ജറുസലേം ദേവാലയത്തിൽനിന്നു യേശു പുറത്താക്കിയതുപോലെ, ചങ്ങനാശ്ശേരിയിലെ മെത്രാന്മാർ 'സ്വർഗ്ഗീയ ഓർശ്ലേമിൽ'നിന്ന് ദൈവപുത്രനെ പുറത്താക്കിയിരിക്കുന്നു! ഹൈന്ദവക്ഷേത്രങ്ങളിൽ ദേവനെയോ ദേവിയെയോ പ്രതിഷ്ഠിച്ചിരിക്കുന്ന ശ്രീകോവിൽ (Sanctum sanctorum) പോലെ പരിപാവനമായി കരുതപ്പെടുന്നതാണല്ലോ കത്തോലിക്കാദേവാലയങ്ങളിലെ അൾത്താരയും സക്രാരിയും. ഇപ്പോൾ സക്രാരിക്കുള്ളിൽ യേശു സന്നിഹിതനാണെങ്കിൽ അതു മദ്ബഹായുടെ ദ്വാരപാലകനും പൗവ്വത്തിൽ കുരിശിന്റെ കാവൽക്കാരനുമായിട്ടാണ്. ഈ ദൈവദൂഷണം കാണുമ്പോൾ ഈദൃശദേവാലയങ്ങളിൽ ദൈവസാന്നിദ്ധ്യമില്ല എന്ന് വിവരമുള്ളവരെല്ലാം അനുമാനിക്കും!

ഇതൊക്കെ മുൻകൂട്ടി കണ്ടിട്ടായിരിക്കണം ഈശ്വരനെ എവിടെ അന്വേഷിക്കണമെന്നു ക്രാന്തദർശിയായ ആബേലച്ചൻ അനേക വർഷങ്ങൾ മുമ്പുതന്നെ നമ്മളെ ബോധവത്ക്കരിച്ചത്. ആബേലച്ചൻ രചിച്ച് കെ. കെ. ആന്റണി ഈണം പകർന്ന് ഗാനഗന്ധർവ്വൻ ആലപിച്ച ഈ മനോഹരഗാനം ത്രികാല ജപത്തിനും പൗവ്വത്തിൽ മെത്രാന്റെ റംശാ പ്രാർത്ഥനയ്ക്കും പകരം ഓരോ മണിക്കൂറിലും നമ്മുടെ മെത്രാന്മാരും വൈദികരും വിശ്വാസികളും മനസ്സിൽ ആലപിക്കട്ടെ:

ഈശ്വരനെത്തേടി ഞാൻ നടന്നു ............
.....................................................................
അവസാനമെന്നിലേക്കു ഞാൻ തിരിഞ്ഞു
ഹൃദയത്തിലേക്കു ഞാൻ കടന്നു
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം
സ്നേഹമാണീശ്വരന്റെ രൂപം

●

# മാനന്തവാടി രൂപതയുടെ 760 ഏക്കർ തോട്ടം ചുളുവിലയ്ക്കു വിറ്റു!

മാനന്തവാടി രൂപതയിൽ കോടികളുടെ ഭൂമി കുംഭകോണം! ഇടപാടിൽ കമ്മീഷനായി ബിഷപ്പിനും കൂട്ടാളിയായ വൈദികനും കിട്ടിയത് കോടികൾ!

കർദ്ദിനാൾ നടത്തിയ ഭൂമികുംഭകോണത്തിനു പിന്നാലെയാണ് സീറോ-മലബാർസഭയെ പിടിച്ചുലയ്ക്കുന്ന മറ്റൊരു വൻ സാമ്പത്തികതിരിമറി നടന്നിരിക്കുന്നത്. 760 ഏക്കർ തോട്ടമാണ് വിറ്റുതുലച്ചത്. 300 ഏക്കറിനു രേഖയില്ലായിരുന്നു. ഇടനിലക്കാരനായ വൈദികൻ കമ്മീഷനായി കൈപ്പറ്റിയത് 3 കോടി രൂപയാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

പണത്തിന്റെ രേഖകൾ ആവശ്യപ്പെട്ട് അൽമായ സംഘടനകൾ ശക്തമായി രംഗത്തെത്തി. വിശ്വാസികളുടെ പണവും പള്ളിസമ്പത്തും വിറ്റു മുടിച്ചവർ അത് തിരികെ വെച്ചില്ലെങ്കിൽ തെരുവിൽ പ്രക്ഷോഭമുണ്ടാകുമെന്ന് അൽമായ കൂട്ടായ്മകളും അവരുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളും മെത്രാൻ ജോസ് പൊരുന്നേടത്തിനു മുന്നറിയിപ്പ് നൽകി..


ഇതിനിടെ വൈദികന്റെ സാമ്പത്തികത്തട്ടിപ്പ് പുറത്തുവിട്ട വിശ്വാസിയുടെ കുമ്പസാരരഹസ്യം പുറത്തുവിട്ട് ക്രൂരമായ പ്രതികാരവും ബ്ലാക്ക് മെയിലിങ്ങും മാനന്തവാടി രൂപതയിൽ നടന്നു. സഭയിലെ സാമ്പത്തികത്തട്ടിപ്പ് ചോദ്യംചെയ്ത വിശ്വാസിയെ ഞായറാഴ്ച്ച കുർബാനയിൽ നിരീശ്വരവാദിയായി പ്രഖ്യാപിച്ചു. മാനന്തവാടി രൂപതയിലെ മെത്രാൻ മാർ ജോസ് പൊരുന്നേടമാണ് ഇതിനു നിർദ്ദേശം നൽകിയത്. കുമ്പസാരരഹസ്യം ഇടവക വികാരി പുറത്താക്കിയത് സംബന്ധിച്ച് മാനന്തവാടി രൂപതാ മെത്രാൻ ജോസ് പൊരുന്നേടത്തിനു പരാതി നൽകി. എന്നാൽ അദ്ദേഹം ഇത് ചവറ്റുകുട്ടയിൽ ഇടുകയാണ് ചെയ്തത്. 'വൈദികർക്കെതിരേ ശബ്ദിച്ചാൽ നിന്റെ എല്ലാ രഹസ്യവും പുറത്താകും' എന്നും ഭീഷണിപ്പെടുത്തിയത്രേ! സാക്ഷാൽ ക്രിസ്തുപോലും കയറാൻ ഭയക്കുന്ന സ്ഥാപനമാവുകയാണ്, ഫാ. റോബിന്റെയും മറ്റ് നിരവധി വൈദികരുടെയും ബലാൽസംഗവേദിയായ മാനന്തവാടി രൂപത.

രൂപതയിലെ അനാശാസ്യം, പണം തട്ടിപ്പ് എന്നിവയിൽ ഇതേ ബിഷപ്പിനെ പുറത്താക്കാൻ മുമ്പ് തീരുമാനിച്ചതായിരുന്നു. കത്തോലിക്കാസഭയുടെ ചാനലായിരുന്ന ജീവൻ ടി.വി ബിഷപ്പ് ഒഴിവായ വിവരം പുറത്തുവിട്ടതുമാണ്. എന്നാൽ താൻ രാജിവയ്ക്കില്ലെന്ന് പരസ്യമായി പറഞ്ഞ് അധികാരത്തിൽ തുടരുകയായിരുന്നു മാർ ജോസ് പൊരുന്നേടം. അധികാരത്തിൽ തുടരാൻ അന്ന് കർദ്ദിനാളിന്റെ കാലു പിടിക്കുകയായിരുന്നു, ബിഷപ്പ്.

*കടപ്പാട്: 'പ്രവാസിശബ്ദം'*

## ഗ്രന്ഥപരിചയം

# യേശുവിനെ ക്രൂശിക്കുന്നവർ




ശ്രീ. ജോസഫ് കാലായിൽ രചിച്ച യേശുവിനെ ക്രൂശിക്കുന്നവർ എന്ന ഗ്രന്ഥം കെ.സി.ആർ.എം. പ്രസിദ്ധീകരിക്കുകയുണ്ടായി.

അവതാരികാകാരനായ റവ. ഡോ. ജയിംസ് ഗുരുദാസ് ഈ ഗ്രന്ഥത്തെപ്പറ്റി പറയുന്നു – "യേശുവിന്റെ ജീവനായ പരസ്പരസ്നേഹത്തിന്റെ വെളിച്ചത്തിലാണ് ശ്രീ. ജോസഫ് കാലായിൽ ക്രൂശിക്കലിനെ നിർവചിക്കുന്നതും വിലയിരുത്തുന്നതും വിധിക്കുന്നതും. ആരാധനാക്രമത്തിന്റെയും കുരിശിന്റെയുംപേരിൽ തമ്മിൽത്തല്ലുക, ഇരകളെ അവഗണിച്ച് വേട്ടക്കാരുടെ പക്ഷം ചേരുക, കള്ളക്കഥകൾ പറഞ്ഞ് അത്ഭുതങ്ങൾ പെരുപ്പിച്ചുകാട്ടി തട്ടിപ്പുനടത്തുക, വിമതർ, നിഷേധികൾ എന്നെല്ലാം മുദ്രകുത്തി പള്ളിസിമിത്തേരിയിലെ ശവസംസ്ക്കാരം തടസ്സപ്പെടുത്തുക, പള്ളിപ്രസംഗങ്ങളിൽ അൽമായരെ അവഹേളിക്കുക, അന്ധവിശ്വാസങ്ങൾ അടിച്ചേൽപ്പിക്കുക – ഇതൊക്കെ സ്നേഹഹത്യയാണ്. യേശുവചനത്തെ നിരാകരിക്കുന്നവർ, യേശുവിനെ ക്രൂശിക്കുന്നവർതന്നെ. സഭാസ്നേഹപ്രചോദിതമായ ഈ സദ്ഗ്രന്ഥം കപടവിധേയത്വമില്ലാത്ത കത്തോലിക്കരുടെ കണ്ണുതുറപ്പിക്കാനുതകുമെന്ന കാര്യത്തിൽ സംശയമില്ല."

**അഡ്വ. ജോസ് ജോസഫ്, അരയകുന്നേൽ**

കോപ്പികൾക്ക്:- ഗ്രന്ഥകർത്താവിന്റെ 9447663433 എന്ന നമ്പറിലോ, സത്യജ്വാല സർക്കുലേഷൻ മാനേജരുടെ 8848827644 എന്ന നമ്പറിലോ ബന്ധപ്പെടുക.

*100/- രൂപാ അയച്ചുതരുന്നവർക്ക് 130/-രൂപാ വിലയുള്ള പുസ്തകം തപാൽവഴി ലഭ്യമാക്കുന്നു.*

**KCRM പ്രതിമാസപരിപാടി–പാലാ**

# സഭയുടെ യോഗാവിരുദ്ധ നിലപാട് സമൂഹത്തിനു വരുത്തിയവിന ചർച്ചാസമ്മേളനം

## 2019 ഒക്ടോബർ 26 ശനിയാഴ്ച, പാലാ ടോംസ് ചേമ്പർ ഹാളിൽ

| | |
|---|---|
| അദ്ധ്യക്ഷൻ | : **പ്രൊഫ. പി.സി. ദേവസ്യ** (ചെയർമാൻ) |
| വിഷയാവതരണം | : **ജോസഫ് മറ്റപ്പള്ളി** ('അത്മായശബ്ദം വെബ്സൈറ്റ് അഡ്മിൻ) |
| അനുബന്ധപ്രസംഗം | : **അലോഷ്യസ് സെബാസ്റ്റ്യൻ** (യോഗ പരിശീലകൻ) |
| പ്രതികരണ പ്രസംഗങ്ങൾ | : **പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം** |
| | : **ഡോ. എം. കെ. മാത്യു** |
| പ്രതികരണങ്ങൾ | : **സദസ്യർ** |

ബഹുമാന്യ സുഹൃത്തുകളേ,

ഇന്ത്യയുടെ സംഭാവനയായ യോഗയുടെ മഹത്വം ലോകമാകെ അംഗീകരിച്ചെങ്കിലും, ഇന്ത്യയിലെ ആധികാരിക ക്രൈസ്തവസഭകളെല്ലാംതന്നെ, ഹിന്ദുമതത്തിന്റെ നിറം ചാർത്തി അതിനെതിരെ നിലപാടെടുത്തിരിക്കുന്നു! അതിന്റെപേരിൽ നമ്മുടെ സമൂഹത്തിനുണ്ടായിരിക്കുന്ന നഷ്ടത്തെക്കുറിച്ചാണ് ഇപ്രാവശ്യം നമ്മൾ ചർച്ച ചെയ്യുന്നത്.

ബൈബിളിന്റെ ശാസ്ത്രാധിഷ്ഠിത വ്യാഖ്യാതാവും റെയ്ക്കി, പ്രാണിക് ഹീലിംഗ് മുതലായ ഊർജ്ജാധിഷ്ഠിത സൗഖ്യദായകസമ്പ്രദായങ്ങളുടെയും ധ്യാനരീതികളുടെയും പ്രചാരകനും ഗ്രന്ഥകാരനും ബഹുമുഖപ്രതിഭയുമായ ശ്രീ ജോസഫ് മറ്റപ്പള്ളി നയിക്കുന്ന ഈ ചർച്ചാസമ്മേളനത്തിലേക്ക് എല്ലാവരെയും ഹാർദ്ദമായി ക്ഷണിക്കുന്നു.

ആദരപൂർവ്വം,
**ടോം ജോസഫ് പേരേക്കാട്ടിൽ**
– സെക്രട്ടറി
ഫോൺ: 9495525093

# വാർദ്ധക്യകാലം എങ്ങനെ സന്തോഷകരമാക്കാം?

21-10-2019 ഞായർ – 2 മണി മുതൽ
തൊടുപുഴ – കാലിക്കട്ട് കോളജ് ഹാളിൽ
(പ്രൈവറ്റ് ബസ്സ്റ്റാന്റ് I M A ബ്ലഡ് ബാങ്കിന് സമീപം)
ടെലികോം രംഗത്തെ അംഗീകൃത പ്രതിഭയുംറിട്ടയേർഡ് B S N L മാനേജരുമായ

## ശ്രീ. എം.എം.പീറ്റർ

**ചർച്ചയ്ക്കു നേതൃത്വംനൽകുന്നു.**

ഏവർക്കും സ്വാഗതം!!
സെക്രട്ടറി -KCRM തൊടുപുഴ.
ഫോൺ: 9961255175

KCRM പ്രോഗ്രാം റിപ്പോർട്ട്–തൊടുപുഴ

# പിടിച്ചടക്കാനുള്ള വ്യഗ്രതയാണു പാപം – സുവിശേഷത്തിലെ സവിശേഷ അർത്ഥതലങ്ങൾ

തൊടുപുഴ KCRM ചർച്ചാവേദിയുടെ സെപ്തംബർ മാസ പൊതുപരിപാടി 29/09/2019 ഞായറാഴ്ച 2 മണിമുതൽ തൊടുപുഴ കാലിക്കറ്റ് കോളജ് ഹാളിൽ നടന്നു. പി.ഒ.സി സമ്പൂർണ്ണബൈബിളിനെയാണ് ചർച്ചയ്ക്ക് ആധാരമാക്കിയത്. ആലങ്കാരികശൈലിയിൽ സമകാലികർക്ക് മനസ്സിലാകുന്ന ഭാഷയിലുള്ള ലളിതവും മനോഹരവുമായ രചനയാണ് ഉല്പത്തിപുസ്തകത്തിന്റെ ആദ്യഭാഗങ്ങൾ എന്ന് ആമുഖഭാഗം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സുവിശേഷത്തിന് പല അർത്ഥതലങ്ങൾ ഉണ്ടെന്ന് ചർച്ചാസദസ് നിഗമനത്തിലെത്തിയത്. പറുദീസായും, പാമ്പും, ആദിപാപവുമൊക്കെ വാച്യാർത്ഥത്തിൽ മനസ്സിലാക്കി അബദ്ധത്തിൽ ചാടുന്ന ഇന്നത്തെരീതി ആദ്യംതന്നെ ചർച്ചാവതാരകൻ ചൂണ്ടിക്കാണിച്ചു. ആദിപാപം ഒരു പഴംപറിച്ചുതിന്നതാണെന്ന നിഗമനം കേവലം വാച്യാർത്ഥത്തെ മാത്രം ആസ്പദമാക്കിയുള്ളതാണ്. അപ്പോൾ പാപം എന്നത് പഴം തീറ്റ അല്ല. അർഹത ഇല്ലാത്തതും അരുതാത്തതുമായ ഒന്നിലേക്ക് ഒട്ടും ആവശ്യമില്ലാത്ത സമയത്ത് കൈനീട്ടുന്ന ദുഷ്പ്രവണതയാണ് പാപം. ജീവികളിൽ മനുഷ്യനല്ലാത്ത മറ്റ് ജന്തുക്കളൊന്നും ഭക്ഷണം കൊണ്ടു തൃപ്തരായിരിക്കുന്ന അവസ്ഥയിൽ വീണ്ടും തിന്നാൻ ആവേശം കാണിക്കുകയില്ല. പൂർത്തിയായിരിക്കുമ്പോഴും പിടിച്ചടക്കാനുള്ള സ്വഭാവം മനുഷ്യന്റെ ജന്മപാപസ്വഭാവമായി എടുത്തുപറയുന്നത് അതുകൊണ്ടാണ്. ഈ ജന്മപാപത്തിന്റെ ഫലമാണ് പിടിച്ചുപറി മുതൽ മഹായുദ്ധങ്ങൾ വരെ. പൂർത്തിയായി ഉള്ളപ്പോഴും പിടിച്ചെടുക്കുന്ന പാപസ്വഭാവത്തിൽനിന്നു മനുഷ്യനെ രക്ഷിക്കാൻവേണ്ടിയാണ് യേശു ഒന്നുമില്ലാത്തവനായി ഭൂമിയിൽ വന്ന് ഇല്ലാത്തവരോടൊപ്പം നിൽക്കുകയെന്ന രക്ഷാകരപ്രവൃത്തി ചെയ്തത്. ചർച്ചയിലെ കണ്ടെത്തൽ ഏതാണ് ഈ വിധത്തിലായിരുന്നു. ശ്രീ പി. സി. ദേവസ്യ, മാത്യു പള്ളിയാരടി, സി.വി ജോർജ്ജ്, കെ.സി.ജോയി, ജോസഫ് കാലായിൽ, അഡ്വ. ജോസ് ജോസഫ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പ്രസിഡന്റ് കെ.ജി പോൾ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി റിപ്പോർട്ടും, ട്രഷറർ അഗസ്റ്റ്യൻ കരിങ്കുന്നം കണക്കും അവതരിപ്പിച്ചു. 5.30-ന് ചർച്ചാസമ്മേളനം പൂർത്തിയായി.

**സെക്രട്ടറി, ഫോൺ: 7961252175**

KCRM പ്രോഗ്രാം റിപ്പോർട്ട്–പാലാ

# സിസ്റ്റർ ലൂസി കളപ്പുര നവോത്ഥാനനായിക!


സെപ്റ്റംബർ മാസത്തിലെ ചർച്ചാസമ്മേളനം 28-ാം തീയതി പാലാ ടോംസ് ചേംബറിൽവച്ച് ചെയർമാൻ പ്രൊഫ. പി. സി. ദേവസ്യായുടെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. സിസ്റ്റർ ലൂസി കളപ്പുര നവോത്ഥാനനായിക എന്നതായിരുന്നു, ചർച്ചാവിഷയം. വിഷയാവതാരകൻ ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) ആയിരുന്നു. നിയമമല്ല, നിയമലംഘനങ്ങളാണ് നമ്മെ മുന്നോട്ടു നയിക്കുന്നത് എന്ന് അദ്ദേഹം സോദാഹരണം സമർഥിച്ചു. മഹാത്മാഗാന്ധി നന്മ ലക്ഷ്യമാക്കിയുള്ള നിയമലംഘനങ്ങളിലൂടെയാണ് സ്വാതന്ത്ര്യസമരത്തെ വിജയത്തിലേക്കു നയിച്ചത്. സോക്രട്ടീസ് മുതൽ ശ്രീനാരായണഗുരുവും കുമാരനാശാനും സഹോദരൻ അയ്യപ്പനുംവരെയുള്ള നവോത്ഥാനനായകർ സമൂഹത്തിൽ വരുത്തിയിട്ടുള്ള സാമൂഹികപരിഷ്കരണങ്ങളുടെയെല്ലാം ചൈതന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു നവോത്ഥാനമാണ് നമുക്ക് ആവശ്യം. പൗരോഹിത്യത്തിന്റെ അടിമത്തത്തിൽനിന്നു കേരളത്തിലെ ക്രിസ്ത്യാനികളെ മോചിപ്പിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് നേതൃത്വംവഹിക്കാൻ ശേഷിയുള്ള ഒരു നവോത്ഥാനനായികയാണ് സിസ്റ്റർ ലൂസി കളപ്പുര എന്ന് ഡോ. ജോസഫ് വർഗീസ് സമർത്ഥിച്ചു. മനുഷ്യരുടെ അജ്ഞതയാണ് യഥാർഥ വില്ലൻ. അജ്ഞത നിർമാർജനം ചെയ്യുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. അജ്ഞതയെ മുതലെടുത്തുകൊണ്ട് കന്യാസ്ത്രീകളുൾപ്പെടെയുള്ള വിശ്വാസികളെ ചൂഷണംചെയ്യുകയും പീഡിപ്പിക്കുകയും ചെയ്യുന്ന പുരോഹിതരെ തുറന്നുകാട്ടിക്കൊണ്ടേ നമുക്ക് നമ്മുടെ നവോത്ഥാനം ഊർജസ്വലമാക്കുവാൻ കഴിയൂ. അതിന് സിസ്റ്റർ ലൂസിയോടു സഹകരിച്ച് പ്രവർത്തിക്കാൻ അദ്ദേഹം ശ്രോതാക്കളെ ആഹ്വാനംചെയ്തു.

പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം, ഡോ. എം കെ മാത്യു, പ്രൊഫ. ഫിലോമിനാ ജോസഫ്, കെ. ജോർജ് ജോസഫ്, ജോർജ് മൂലേച്ചാലിൽ, ജോഷി പോൾ മുതലായവർ ചർച്ചയിൽ സജീവമായി പങ്കെടുത്തു.

യോഗാരംഭത്തിൽ കഴിഞ്ഞ രണ്ടുമാസത്തെ സംഘടനാപ്രവർത്തന റിപ്പോർട്ടും വരവു-ചെലവുകണക്കുകളും സെക്രട്ടറി അവതരിപ്പിച്ചു. തുടർന്ന്, നമ്മുടെ സജീവപ്രവർത്തകനും ദളിത് ക്രൈസ്തവ നേതാവുമായ ശ്രീ ജോസഫ് പനമൂടൻ താൻ രചിച്ച (ഇനിയും പ്രകാശനം ചെയ്തിട്ടില്ലാത്ത) 'വിശുദ്ധ ചാവറയച്ചൻ-അടിമകളെ സ്നേഹിച്ച നവോത്ഥാനനായകൻ' എന്ന പുസ്തകം സദസ്സിനു പരിചയപ്പെടുത്തി. അതിനുശേഷമായിരുന്നു ചർച്ച.

സെക്രട്ടറിയുടെ കൃതജ്ഞതയോടെ വൈകുന്നേരം അഞ്ചരയ്ക്ക് ചർച്ചാസമ്മേളനം സമാപിച്ചു.

**ടോം ജോസഫ്** (സെക്രട്ടറി)



# ചാരിതാർത്ഥ്യം തോന്നിയ അപൂർവ്വനിമിഷങ്ങൾ!

**അഡ്വ. ബോറിസ് പോൾ**
ചെയർമാൻ, AKCAAC, ഫോൺ- 9447332516

സഭയുടെ അധികാരികൾ നീതി നിഷേധിക്കുന്ന സിസ്റ്റർ ലൂസിക്ക് നീതി ലഭ്യമാക്കാനും, സിസ്റ്റർക്കൊപ്പം എന്ന് ഉറക്കെ പ്രഖ്യാപിക്കാനും എറണാകുളം വഞ്ചീസ്ക്വയറിൽ ഇന്ന് (ഒക്ടോ. 12) കൂടിയ യോഗത്തിൽ പങ്കെടുത്ത്, വളരെ ചാരിതാർത്ഥ്യം തോന്നിയ അപൂർവ്വ നിമിഷങ്ങൾ പങ്കിടാൻ കഴിഞ്ഞു.

മൂന്ന് വ്യക്തികളുടെ മഹത്വം വിളിച്ചോതുന്ന ഉജ്ജ്വലപ്രഭാഷണങ്ങൾക്ക് സാക്ഷിയായി.

ആ മൊഴിമുത്തുകൾ പങ്കുവെക്കുന്നു:



**റവ. ബർ യൂഹാനോൻ റമ്പാൻ, ഉദ്ഘാടകൻ**

"കന്യാസ്ത്രീമഠങ്ങളും കിണറുകളും തമ്മിൽ അതിയായ പ്രണയമുണ്ടെന്ന് കരുതുന്നു. പെൺകുട്ടികളെ മഠത്തിലേക്ക് വിടുന്നതോടെ മാതാപിതാക്കളുടെ കർത്തവ്യം അവസാനിക്കുന്നില്ല. ആ മഠത്തിലെ കിണറിന് ഒരു മൂടിയും അതിന് ഒരു പൂട്ടും ഉറപ്പാക്കുകകൂടി വേണം."



**സിസ്റ്റർ ലൂസി കളപ്പുര:**

"എന്റെ അഭിമുഖവും ചിത്രവും വന്ന മാതൃഭൂമി ദിനപത്രം പരസ്യമായി കത്തിച്ച് എന്നെ ആക്ഷേപിച്ചു സംസാരിച്ച പുരോഹിതന്റെ പ്രവൃത്തി കണ്ടപ്പോൾ ഞാൻ കത്തി ചാമ്പലാകുന്നതായി തോന്നിയില്ല; സ്വയം കൂടുതൽ ജ്വലിക്കുന്നതായിട്ടാണ് തോന്നിയത്."



**റവ. ഡോ. വത്സൻ തമ്പു:**

"മനോവ്യഥയാൽ തുടരാൻകഴിയാതെ മഠത്തിൽനിന്ന് ഇറങ്ങാൻ തയ്യാറാകുന്ന രണ്ട് കന്യാസ്ത്രീകൾക്ക് സ്വന്തം വീട്ടിൽ പാർപ്പിടമൊരുക്കാൻ ഞാനും ഭാര്യയും തയ്യാറാണ്. ഇതുപോലെ ആയിരം കുടുംബങ്ങൾ തീരുമാനമെടുത്താൽ സഭാധികാരികളുടെ അഹങ്കാരം ശമിക്കും."

ക്രൈസ്തവ സഭകൾ നയിക്കുന്നവരുടെ ദുഷ്ചെയ്തികൾ ഇതിനേക്കാൾ നന്നായി വരച്ചു കാണിക്കാൻ കഴിയില്ല! ക്രൈസ്തവർ ഉണർന്നു തുടങ്ങി. സഭാധികാരികളുടെ കാൽകീഴിലെ മണ്ണ് നീങ്ങിത്തുടങ്ങി. അഹങ്കാരം അധികനാൾ വാഴില്ല!

ചാട്ടവാറേന്തിയ ക്രിസ്തുവിന്റെ യഥാർത്ഥ പ്രതിനിധികളുടെ അടി ഏറ്റുവാങ്ങാൻ കള്ള പുരോഹിതവർഗ്ഗവും അവരുടെ മൂടുതാങ്ങികളും ഒരുങ്ങിക്കൊൾക!

## KCRM-ന്റെ ബാങ്ക് അക്കൗണ്ടിൽ മാറ്റം!

S.B.I പാലാ ബ്രാഞ്ചിലുണ്ടായിരുന്ന K.C.R.M-ന്റെ ബാങ്ക് അക്കൗണ്ട് അടുത്ത രണ്ടാഴ്ച്ചയ്ക്കുള്ളിൽ ക്ലോസ് ചെയ്യുന്നതാണ്. പകരം കാനറാ ബാങ്കിന്റെ പാലാ ബ്രാഞ്ചിൽ തുടങ്ങിയ അക്കൗണ്ട് വിവരങ്ങൾ കവർ ഉൾപ്പേജിൽ കൊടുത്തിട്ടുള്ളതു കാണുമല്ലോ. ഇനി മുതൽ K.C.R.M-ന്റെയും സത്യജ്വാലയുടേയും ഇടപാടുകൾ ഈ അക്കൗണ്ടുവഴി ആയിരുക്കും എന്നറിയിക്കുന്നു

**ടോം ജോസഫ് പേരേക്കാട്ട്** (സെക്രട്ടറി)

**Late News!**

## സിസ്റ്റർ ലൂസിക്ക് F.C.C-യിൽനിന്ന് നീതി ലഭിച്ചോ, ഇല്ലയോ?

**അഡ്വ. ഇന്ദുലേഖാ ജോസഫും ശ്രീ കെന്നഡി കരിമ്പുംകാലായും തമ്മിൽ**

## പരസ്യസംവാദം!

**2019 നവംബർ 28 വ്യാഴാവ്ച**
**എറണാകുളം ടൗൺഹാളിൽ!**

ഒക്ടോബർ 12-ലെ വഞ്ചീസ്ക്വയർ പരിപാടിയുടെ തുടർച്ചയായി, 'ജസ്റ്റീസ് ഫോർ സിസ്റ്റർ ലൂസി' എന്ന ഫെസ്ബുക്ക് കൂട്ടായ്മ നടത്തുന്ന ഈ സംവാദപരിപാടിക്ക് ഊർജ്ജംപകരാൻ, സ്വതന്ത്രസഭാ പ്രസ്ഥാനങ്ങളുടെ പ്രവർത്തകരെയും സത്യജ്വാല വായനക്കാരെയും ഹാർദ്ദമായി ക്ഷണിക്കുന്നു!
*(ഫേസ്ബുക്ക് അഡ്മിനിസ്ട്രേറ്ററുമാർ അറിയിച്ചതനുസരിച്ച് പ്രസിദ്ധീകരിക്കുന്നത്)*


റവ. യൂഹാനോൻ റമ്പാൻ


റവ. ഡോ. വൽസൻ തമ്പു


ഡോ. പി. ഗീത


ഡോ. എം.പി മത്തായി


അഡ്വ. ബോറിസ് പോൾ

(44-ാം പേജ് തുടർച്ച)

ഉജ്ജ്വലമായി ഒപ്പിയെടുത്ത് തന്റെ എഡിറ്റോറിയൽ ബോർഡിനു കൈമാറി. അവർ ചരിത്രത്തോട് നീതി പാലിക്കാൻ ആ ചിത്രം തന്നെ പത്രത്തിൽ പ്രസിദ്ധീകരിച്ചു. മാദ്ധ്യമം പത്രമാണ് നമ്മുടെ സ്വാതന്ത്ര്യസമരത്തോട് ഏറ്റവുമധികം നീതിപുലർത്തിയതെന്ന് ഞാൻ വിശ്വസിക്കുന്നു.

സിസ്റ്റർ ലൂസി തന്റെ ഹൃദയത്തിൽനിന്നൊഴുകിയ, നൈർമ്മല്യം തുളുമ്പുന്ന വാക്കുകളാൽ സദസിലുണ്ടായിരുന്നവരെയെല്ലാം തന്നിലെ സത്യം ബോധിപ്പിച്ചു. ദീർഘകാലം ഡൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിന്റെ പ്രിൻസിപ്പാളായിരുന്ന റവ. ഡോ. വൽസൻ തമ്പു ദാർശനിക ഗരിമയും ധാർമ്മിക ധീരതയും തന്റെ ഉജ്വലമായ പ്രസംഗത്തിലൂടെ പകർന്നുനൽകി. ഡോ. പി. ഗീതയെത്തി, സിസ്റ്ററിന്റെ സമരത്തിന്റെ ബഹുവിധമായ അർത്ഥതലങ്ങളിൽ അതിപ്രധാനമായ സ്ത്രീനീതിതലം വിശദീകരിച്ച് കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ പിന്തുണ അറിയിച്ചു.

ഡോ. എം. പി. മത്തായി കേരളസഭയെ ഒന്നടങ്കം ഗുണപരമായി മാറ്റിമറിക്കാൻ പോരുന്ന ഒരു ജനകീയ മുന്നേറ്റമായി സിസ്റ്റർ ലൂസിയുടെ നീതിക്കുവേണ്ടിയുള്ള സമരം മാറട്ടെ എന്നാശംസിച്ചു. ഡോ. പി. ഗീതയെത്തി, സിസ്റ്ററിന്റെ സമരത്തിന്റെ ബഹുവിധമായ അർഥതലങ്ങളിൽ അതിപ്രധാനമായ സ്ത്രീനീതിതലം വിശദീകരിച്ച് കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ പിന്തുണയറിയിച്ചു.

അഡ്വ. ബോറീസ് പോൾ, ഷൈജു താക്കോൽക്കാരൻ, ഫാ. മാണി പറമ്പേട്ട്, കെ.കെ ജോസ് കണ്ടത്തിൽ, പ്രൊഫ. പി.സി ദേവസ്യാ, അഡ്വ. ചെറിയാൻ ഗൂഡല്ലൂർ, അഡ്വ. രാജഗോപാൽ വാകത്താനം, ലൂക്കോസ് മാത്യു, അഡ്വ. ബോബൻ വർഗീസ് മുതലായവർ സിസ്റ്റർ ഏറ്റെടുത്തിരിക്കുന്ന ചരിത്രനിയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വാചാലരായി.

ഇതിനിടെ ഈ പരിപാടിക്ക് ഒരു തിലകംചാർത്തലെന്നപോലെ 'നീതിജ്വാല' എന്ന പേരിൽ ഒരു പത്രം പ്രകാശനംചെയ്ത് വിതരണം നടത്തി. കഴിഞ്ഞ വർഷത്തെ വഞ്ചീസ്ക്വയർ നായികാ-നായകന്മാരെ ആദരിക്കുന്ന ചടങ്ങും ഉണ്ടായിരുന്നു. എല്ലാ സത്യഗ്രഹികളെയും പ്രതിനിധീകരിച്ച് സമരത്തിന്റെ തുടക്കക്കാരനായ അഡ്വ. ജോസ് ജോസഫും മുഴുവൻ ദിവസവും സത്യഗ്രഹമിരുന്ന സ്റ്റീഫൻ ഉഴവൂരും മറുപടിപ്രസംഗങ്ങൾ നടത്തി.


തുടർന്ന് എഫ്.സി.സി. സഭയിൽനിന്നു പ്രശ്നങ്ങൾ നേരിടുന്ന സിസ്റ്റർ ലൂസി, സിസ്റ്റർ ലിസി, മുൻ കന്യാസ്ത്രീകളായ ജിസ്സാ, ലൈസാ എന്നിവർക്കുവേണ്ടി പ്രമേയങ്ങളും, അവയുടെ അടിസ്ഥാനത്തിൽ എഫ്.സി.സി. സഭയ്ക്ക് അയയ്ക്കുന്ന കത്തിന്റെ ഡ്രാഫ്റ്റും വായിച്ച് അവതരിപ്പിക്കുകയും സമ്മേളനം അവ പാസ്സാക്കുകയും ചെയ്തു.

പരിപാടിക്ക്, ചെയർപേഴ്സൺ ശ്രീമതി സോയാ കെ.എം അദ്ധ്യക്ഷതവഹിക്കുകയും, കൺവീനർ ശ്രീ. ബിജു ജോൺ സ്വാഗതം ആശംസിക്കുകയും ചെയ്തു. രാവിലെ 9.30-ന് ആരംഭിച്ച പരിപാടി വൈകിട്ട് 7.30-ന് പര്യവസാനിച്ചു.


ഫാ. മാണി പറമ്പേട്ട്


അഡ്വ. രാജഗോപാൽ


അഡ്വ. ജോസ് ജോസഫ്


കെ. ജോർജ് ജോസഫ്


ജോസഫ് വെളിവിൽ



Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-10-2019

October 2019
**Sathyajwala**
Price Rs. 20.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

'ജസ്റ്റീസ് ഫോർ സിസ്റ്റർ ലൂസി' വഞ്ചീസ്ക്വയർ പ്രോഗ്രാം

# സിസ്റ്റർ ലൂസി, നവോത്ഥാനത്തിന്റെ പുനരുത്ഥാന നായിക!

ഇപ്പൻ




എന്താണ് ഒക്ടോബർ 12-ാം തീയതി വഞ്ചീസ്ക്വയറിൽ നടന്നത്? പ്രതിഷേധധർണ്ണ? സൂചനാസമരം? സിസ്റ്റർ ലൂസിക്ക് രക്ഷാകവചം ഒരുക്കൽ? സ്വന്തം പേരിന്റെ അക്ഷരത്തോട് ലവലേശം നീതി പുലർത്താത്ത നോബിളിനുള്ള താക്കീത്? കന്യാസ്ത്രീമഠങ്ങളുടെ കൽമതിൽക്കെട്ടിനുള്ളിൽ അടിച്ചമർത്തപ്പെടുന്ന തേങ്ങലുകൾക്കും മോങ്ങലുകൾക്കും നിലവിളികൾക്കും വിരാമമിട്ട് അവരുടെ ജീവിതത്തിലും വസന്തം കൊണ്ടുവരാനുള്ള കുഞ്ഞാടുകളുടെ കൂട്ടക്കരച്ചിൽ?... ആനയെക്കണ്ട അന്ധന്മാരെപ്പോലെ നമുക്ക് ഇങ്ങനെ ഓരോന്നും പുലമ്പാം. ഓരോരുത്തർക്കും ഓരോരോ ശരികൾ. അല്ലെങ്കിൽ ഇവയെല്ലാം ശരിയാണ്. മാദ്ധ്യമങ്ങളിൽ വന്ന വാർത്തകൾ വരികൾക്കിടയിലൂടെ വായിക്കുമ്പോഴും ഈ വീക്ഷണവൈവിധ്യം സ്പഷ്ടമാണ്.

പക്ഷേ, ഭാവിയുടെ നല്ല ചരിത്രകാരൻ എല്ലാം പാറ്റിക്കൊഴിക്കും. തള്ളേണ്ടതു തള്ളും. കൊള്ളേണ്ടതു കൊള്ളും. അയാൾ അന്നത്തെ മുന്തിയ ലിപികളിൽ ഇങ്ങനെ രേഖപ്പെടുത്തുമെന്ന് എനിക്ക് തോന്നുന്നു: 'കന്യാസ്ത്രീമഠങ്ങളുടെ കൽമതിൽക്കെട്ടിനുള്ളിൽനിന്ന് ചരിത്രത്തിൽ ആദ്യമായി വിലാപത്തിനുപകരം കലാപനാദം മുഴങ്ങി. മലീമസമായ വ്യവസ്ഥിതിയുടെ അടിത്തറയായ കത്തോലിക്കാ മതമാഫിയായെ ഒരു സാധാരണ കന്യാസ്ത്രീ വെല്ലുവിളിച്ചു. ഫ്രാൻസീസ് പാപ്പാ ഇരിക്കാറില്ലാത്ത വത്തിക്കാൻ സിംഹാസനംവരെ വിറച്ചു. അവൾ ആകാശത്തോളം വളർന്നു. നക്ഷത്രങ്ങൾ അവളോട് കിന്നാരം പറഞ്ഞു'. അതിനിടയ്ക്ക്, സർവ്വ കന്യാസ്ത്രീകളും അല്മായരും പൗരോഹിത്യത്തിന്റെ കനത്ത നുകത്തിൽനിന്നു മോചിതരായ വിവരം അവർപോലും അറിഞ്ഞില്ല. കുഞ്ഞാടുകൾ വഞ്ചീസ്ക്വയറിൽ സമ്മേളിച്ച് ആഘോഷങ്ങളിൽ മുഴുകി.

ഈ ആഘോഷത്തിന് നാന്ദികുറിക്കാൻ റവ. യൂഹനോൻ റമ്പാനെക്കാൾ യോഗ്യനായി ആരുണ്ട്? വഞ്ചീസ്ക്വയർ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതിന്റെപേരിൽ സിസ്റ്റർ ലൂസിയെപ്പോലെതന്നെ വേട്ടയാടപ്പെട്ട മറ്റൊരു ധീരൻ! ബുദ്ധിമാനായ അദ്ദേഹം തന്ത്രപൂർവ്വം ഒതുങ്ങിക്കിടന്നു. തന്റെ ഒളിത്താവളത്തിലിരുന്ന് അദ്ദേഹം കരുക്കൾ നീക്കി. സഭയെ ബാധിച്ചിരിക്കുന്ന ജീർണ്ണതകളുടെ നാരായ വേര് അദ്ദേഹം കണ്ടെത്തി. മറ്റൊരു ബുദ്ധിരാക്ഷസൻ 2009-ൽ നിർമ്മിച്ചുവച്ചിരിക്കുന്ന ഇരുതലവാൾ കൊള്ളക്കാരുടെ ഗുഹയിൽനിന്നും കരസ്ഥമാക്കി തേച്ചുമൂർച്ചവരുത്തി, ആത്മീയമായ അസ്തിത്വംതന്നെ നഷ്ടപ്പെട്ട യാക്കോബായ വിഭാഗത്തിനുമുമ്പിൽ അവതരിപ്പിച്ചു. കന്യാസ്ത്രീയുടെ കലാപത്തിന് പിന്തുണ പ്രഖ്യാപിച്ച അദ്ദേഹം ആ വാൾ അവർക്ക് കൈമാറി. ചരിത്രബോധജ്ഞനായ 'മാദ്ധ്യമം' പത്രത്തിന്റെ ഫോട്ടോഗ്രാഫർ ആ ചരിത്ര മുഹൂർത്തം

(ശേഷം 43-ാം പേജിൽ)



Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Kottaramattom, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.